# കൈലാസയാത്ര.



മാടശ്ശേരി നാരായണൻ നമ്പൂതിരി

നാരായണൻ നമ്പൂതിരി,
മാടശ്ശേരി മന, കറുകടം പി ഓ.
കോതമംഗലം – 686 691
*madassery@gmail.com*

മുഖചിത്രം: മാനസസരസ്സ്, പിന്നിൽ അകലെ കൈലാസം.

*Disclaimer*: While the author has tried his best to be factually correct about the contents, this article should not be taken as the sole source of information if you are traveling to these places.

© Madassery Narayanan Namboodiri 2013
The author permits the use and circulation of this electronic book only for non–commercial purposes as long as it is not edited or modified in any form. Any commercial use of the whole book or parts of it is explicitly prohibited unless a written permission from the author is obtained. The images from the book or associated website should also not be used elsewhere without the permission of the copyright holders.

Photos: © Anoop M. Namboodiri (anoop@gmail.com)
More images may be found at: http://faculty.iiit.ac.in/~anoop/KailasTrip/

## വിഷയസൂചിക

ആമുഖം....4
ഒന്നാം ദിവസം: നേപ്പാളിലേക്ക്....8
രണ്ടാം ദിവസം: കാട്മണ്ഡു....11
മൂന്നാം ദിവസം: ഹിമവാന്റെ മടിത്തട്ടിൽ....17
നാലാം ദിവസം: ഞാലത്ത് ഒരു ദിവസം....26
അഞ്ചാം ദിവസം: തരുസീമ കടന്ന്....29
ആറാം ദിവസം: കൈലാസദർശനം....38
ഏഴാം ദിവസം: മാനസസരസ്സിൽ ഒരു ത്രൈയ്യംബകപൂജ....49
എട്ടാം ദിവസം: കൈലാസ പ്രദക്ഷിണം....53
ഒൻപതാം ദിവസം: പർവതനാഥന്റെ നീരാട്ട്....68
പത്താം ദിവസം: ഗുരുപൂർണ്ണിമ....74
പതിനൊന്നാം ദിവസം: ഹിമവൽ ശൃംഗങ്ങളേ വിട....77
പന്ത്രണ്ടാം ദിവസം: കാട്മണ്ഡുവിൽ തിരികെ....78
പതിമൂന്നാം ദിവസം: കാഷ്ടമണ്ഡപം....79
പതിനാലാം ദിവസം: നേപ്പാളിനോടും വിട....84
പതിനഞ്ചാം ദിവസം: ആദിശങ്കരന്റെ നാട്ടിലേക്ക്....85

## ആമുഖം

'അവസാനമായി ഒരു തവണകൂടി മുറുക്കാൻ സമയം ഉണ്ടാവുമോ?' റെജി മൂസത് ആരോടെന്നില്ലാതെ ചോദിച്ചു. വൃക്ഷങ്ങൾക്കു വളരാൻ പ്രകൃതി അനുവദിച്ചിരിക്കുന്ന ലക്ഷ്മണ രേഖയായ തരുസീമ (tree line) കടന്ന്, വീണ്ടും എത്രയോ മുകളിൽ ലോകത്തിന്റെ നിറുകയിൽ പതിനയ്യായിരവും ഇരുപതിനായിരവും അടി ഉയരമുള്ള പർവ്വതശിഖരങ്ങളുടെ താഴ്വാരത്തിലൂടെ വളഞ്ഞു തിരിഞ്ഞു പോകുന്ന പാത പിന്നിട്ട് ഞങ്ങളുടെ എയർകണ്ടീഷൻഡ് ബസ്സ് ഒരു നേർരേഖയിൽ വടക്കോട്ടു സഞ്ചരിക്കാൻ തുടങ്ങിയിട്ട് ഒരു മണിക്കൂറിലധികമായിട്ടുണ്ടാവും. 'അഞ്ചെട്ടു മിനിട്ടുകൾക്കകം കൈലാസത്തിന്റെ ആദ്യ ദർശനം.' ടിബറ്റുകാരനായ ഡ്രൈവർ കോംപു ആംഗ്യഭാഷയിൽ അറിയിച്ചു. അയാൾക്കറിയാവുന്നതു ടിബറ്റൻ ഭാഷ മാത്രം. ഹിന്ദി അറിയാവുന്ന ഞങ്ങളുടെ നേപ്പാളി ഗൈഡ് പിന്നിലത്തെ ബസ്സിലായിരുന്നു.

കൈലാസം ആദ്യം കാണുന്ന നിമിഷം മുറുക്ക് ഉപേക്ഷിക്കുമെന്നു റെജി പറഞ്ഞിരുന്നു. ചെറുപ്പത്തിൽ ശീലിച്ച ഒരു സ്വഭാവം ഉപേക്ഷിക്കുന്നതിലുള്ള വിഷാദം അദ്ദേഹത്തിന്റെ വാക്കുകളിൽ നിഴലിച്ചിരുന്നു.

'കൈലാസം', 'മാനസസരസ്സ്'– ഏതോ അഭൗമപരിവേഷം പൂണ്ടു നിൽക്കുന്ന സ്ഥലനാമങ്ങൾ. ഒരു മനുഷ്യന് എത്തിപ്പെടാൻ കഴിയാത്ത മറ്റേതോ ലോകത്തിലുള്ള സ്ഥലങ്ങൾ. ഇതായിരുന്നു ചെറുപ്പത്തിൽ എന്റെ വിശ്വാസം. കുറെക്കൂടി വലുതായപ്പോൾ, കൈലാസയാത്ര വിജയകരമായി പൂർത്തിയാക്കിയവർ വളരെ വിരളമായെങ്കിലും ഉണ്ടെന്നു മനസ്സിലായി. 'കൈലാസയാത്ര സുകൃതികൾക്കേ സാധിക്കൂ' എന്നും കേട്ടിട്ടുണ്ട്. കൈലാസയാത്ര ചെയ്ത ഒരാളെ ഞാൻ ആദ്യമായി കാണുന്നത് ഏകദേശം പത്തുവർഷം മുമ്പാണ്. കോതമംഗലംകാരനും എന്റെ സുഹൃത്തുമായിരുന്ന, പരേതനായ പാപ്പച്ചന്റെ മകൻ അജി എന്ന ചെറുപ്പക്കാരനായിരുന്നു ആ യാത്രികൻ. അമൃതാനന്ദമയീഭക്തനും കൃസ്ത്യാനിയുമായ അജി ആ യാത്രക്കു ശേഷം മൂന്നുനാലു വർഷം കൂടിയേ ജീവിച്ചിരുന്നുള്ളൂ. പിന്നീടു ഞങ്ങളുടെ കൈലാസയാത്ര തീരുമാനമായശേഷം 'യോഗി'മാരോടൊത്ത് എന്റെ മറ്റൊരു സുഹൃത്തും കൈലാസം സന്ദർശിച്ചയാളുമായ സി.പി.മാത്യുവിനെ കാണാൻ പോവുകയുണ്ടായി. അഹിന്ദുക്കളായ ഈ രണ്ടു 'സുകൃതികളും' നേപ്പാളിലെ ടൂർ ഓപ്പറേറ്റർമാർ വഴിയാണു കൈലാസത്തിലേക്കു യാത്ര ചെയ്തത്.

ഒരു ഇന്ത്യൻ പൗരനു കൈലാസ് മാനസസരോവർ യാത്ര നടത്തുന്നതിനു രണ്ടു വഴിക

ളാണുള്ളത്. ഒന്ന് ഇന്ത്യാ ഗവൺമെന്റിന്റെ വിദേശകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ ഉത്ത രാഖണ്ഡ് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള 'കുമയോൺ മണ്ഡൽ വികാസ് നിഗം' നടത്തു ന്ന ഔദ്യോഗിക യാത്രാസംഘത്തിൽ ഒരാളായിത്തീരുക എന്നുള്ളതാണ്. ഇതിനു രണ്ടു പ്രധാ ന കടമ്പകൾ കടക്കേണ്ടതുണ്ട്. ഒന്ന് യാത്രാസംഘത്തിൽ പേരുൾപ്പെടുത്തിക്കിട്ടുക എന്നുള്ള തു തന്നെ. ഓരോവർഷവും മെയ് മാസം മുതൽ സെപ്തംബർ മാസം വരെയായി ഏകദേശം അറുപതു പേർ വീതമുള്ള പതിനഞ്ചോ പതിനാറോ സംഘങ്ങളാണ് ഈ യാത്രയിൽ പങ്കെടു ക്കുക. അതായത് ഒരു വർഷം ആയിരത്തിൽ താഴെ ഭാഗ്യശാലികൾക്കേ ഇതിന് അവസരം കിട്ടുകയുള്ളൂ. ഒന്നോരണ്ടോ ലക്ഷം അപേക്ഷകരിൽനിന്നു നറുക്കെടുപ്പിലൂടെ ഈ തൊള്ളായിര ത്തിൽപരം പേരെ തെരഞ്ഞെടുക്കുന്നു.

രണ്ടാമത്തെ കടമ്പ ശാരീരിക ക്ഷമതയാണ്. നറുക്കു വീണവരിൽ നിന്നു കർശനമായ മെഡിക്കൽ പരിശോധനകൾ വിജയകരമായി പൂർത്തിയാക്കുന്നവരെ മാത്രമേ ലിസ്റ്റിൽ ഉൾ പ്പെടുത്തുകയുള്ളൂ. പതിനെട്ടു വയസ്സിനും എഴുപതുവയസ്സിനും ഇടയിൽ പ്രായമുള്ളവരായിരിക്ക ണം. ഹൃദയസംബന്ധമായോ ശ്വാസകോശസംബന്ധമായോ അസുഖങ്ങളൊന്നും പാടില്ല. പ്ര മേഹരോഗികൾ വാതരോഗികൾ എന്നിങ്ങനെയുള്ളവരൊന്നും ആകരുത്. ഇന്ത്യയിൽ നിന്നു പരിശോധനകൾ പൂർത്തിയാക്കി യാത്ര പുറപ്പെട്ടാൽത്തന്നെ ടിബറ്റൻ അതിർത്തിയിലെത്തു മ്പോൾ വിശദമായ പരിശോധനകൾക്കു വീണ്ടും വിധേയരാവേണ്ടതുണ്ട്. അവിടെ പരാജയ പ്പെട്ടാൽ യാത്ര റദ്ദാക്കി തിരിച്ചുപോരേണ്ടി വരും. ഏകദേശം മുപ്പതു ദിവസത്തോളം വേണ്ടിവ രുന്നതും വളരെ ദൂരം കാൽനടയായി യാത്രചെയ്യേണ്ടതുമായ ഈ തീർത്ഥയാത്രയെപ്പറ്റി നല്ല ആരോഗ്യമുള്ളവരും വാർദ്ധക്യം ബാധിക്കാത്തവരും മാത്രം ചിന്തിച്ചാൽ മതി എന്നുള്ളതാണു വാസ്തവം.

രണ്ടാമത്തെ വഴി താരതമ്യേന എളുപ്പമാണ്. നേപ്പാൾ സർക്കാരും ചൈനീസ് ഗവൺ മെന്റും തമ്മിലുള്ള ധാരണപ്രകാരം കാട്മാണ്ഡുവിലുള്ള ഏതാനും ടൂർഓപ്പറേറ്റർമാർക്കു യാത്രി കരെ കൈലാസത്തിലേക്കു കൊണ്ടുപോകുവാൻ ചൈന അനുമതി നൽകിയിട്ടുണ്ട്. അവരിൽ ഒരാളായി നമുക്കു കൈലാസയാത്ര നടത്താം. ശാരീരികപരിശോധനകൾ ഒന്നുമില്ല. കാട്മാ ണ്ഡുവിലുള്ള ടൂർഓപ്പറേറ്റർമാരുടെ വെബ്സൈറ്റുകളിൽ വിശദവിവരങ്ങൾ ലഭ്യമാണ്.

ഇന്ത്യയിലുള്ള ഒരു ടൂർ ഓപ്പറേറ്റർക്കും കൈലാസയാത്രക്ക് അനുമതിയില്ല. ഇക്കൂട്ടരും അതുപോലെ ചില ആത്മീയ ആചാര്യന്മാരും മറ്റും തീർത്ഥാടകരെ കൈലാസത്തിലേക്കു

കൊണ്ടുപോകുന്നത് അവരെ കാട്മാണ്ഡുവിൽ എത്തിച്ച് അവിടെയുള്ള ഏതെങ്കിലും ടൂർ കമ്പ നിയുടെ കീഴിലുള്ള യാത്രാസംഘത്തിൽപ്പെടുത്തിയിട്ടാണ്. കാട്മാണ്ഡു മുതലുള്ള യാത്ര പൂർണ്ണ മായും അവിടത്തെ ടൂർ കമ്പനിയുടെ നിയന്ത്രണത്തിലാണ്.

രാജഭരണത്തിനു കീഴിലും, ലോകത്തിലെ ഏക ഹിന്ദുരാഷ്ട്രം എന്ന പദവിയിലും, ആ യിരുന്ന നേപ്പാളിൽ കുഴപ്പങ്ങൾ ഉണ്ടാക്കി രാജഭരണവും ഹിന്ദുരാഷ്ട്രമെന്ന സങ്കൽപ്പവും അവ സാനിപ്പിച്ച് മാവോയിസ്റ്റുകളുടെ ഭരണത്തിൻ കീഴിലാക്കിയതിൽ ചൈനയുടെ പങ്കു വേണ്ടു വോളമുണ്ടായിട്ടുണ്ട്. ഇന്ത്യയുമായി അതിർത്തി പങ്കിടുന്ന നേപ്പാളിൽ കൂടുതൽ പിടിമുറുക്കുക എന്നത് എന്നും ചൈനയുടെ ലക്ഷ്യമാണ്. അതിനായി അവർക്ക് പല ആനുകൂല്യങ്ങളും ചൈ ന നൽകുന്നു. ഈ കൈലാസയാത്രാനുമതിയും അതിലൊന്നായിരിക്കില്ലേ?

ചൈന ടിബറ്റിനെ കീഴ്പ്പെടുത്തി ഭരണം ഏറ്റെടുത്തതിനുശേഷം 1951 മുതൽ 1980 വരെയുള്ള മുപ്പതുവർഷക്കാലത്തേക്ക് കൈലാസ–മാനസസരോവര ഭാഗങ്ങളിലേക്ക് മറ്റു രാജ്യ ങ്ങളിലുള്ളവർക്കു പ്രവേശനം ഉണ്ടായിരുന്നില്ല. 1980 നു ശേഷമാണ് ഇന്ത്യക്കാർക്കു വീണ്ടും ഈ പ്രദേശങ്ങളിലേക്കുള്ള പ്രവേശനം തുറന്നുകിട്ടിയത്. മൊറാർജിദേശായി ഗവൺമെന്റിൽ വിദേശകാര്യമന്ത്രിയായിരുന്ന അടൽബിഹാരി വാജ്പേയിയുടെ 1979–ലെ ചൈനാസന്ദർശ നവേളയിൽ രണ്ടു ഗവൺമെന്റുകളും തമ്മിൽ നടന്ന ചർച്ചകളിലാണ് ഇക്കാര്യം തീരുമാനമായ ത് എന്നു കേട്ടിട്ടുണ്ട്. അമേരിക്കൻ പൗരന്മാർക്കും മറ്റും അനുമതി കിട്ടുക ഇപ്പൊഴും വിഷമമാ ണെന്നാണ് അറിയാൻ കഴിഞ്ഞത്.

'വിചാരിച്ചതിലും നേരത്തെ, 2013 ൽത്തന്നെ ഒരു കൈലാസയാത്രക്ക് അവസരം വന്നിരിക്കുന്നു. നിങ്ങൾ ഉണ്ടാവില്ലേ?' ശ്രീജിത്ത് വിളിച്ചു ചോദിച്ചു. 'ഞങ്ങൾ' ഉണ്ടാവില്ല, 'ഞാൻ' ഉണ്ടാവും. ഞാൻ പറഞ്ഞു. കൈലാസയാത്രികർക്കുള്ള ശാരീരികക്ഷമതാപരീക്ഷയി ൽ ശാരദ വിജയിക്കില്ലെന്നുറപ്പായിരുന്നു. 'അഛൻ തനിച്ചു പോകണ്ട ഞാനും വരാം' കുട്ടൻ ഇതു പറഞ്ഞപ്പോൾ എനിക്കു സന്തോഷമായി.

കഴിഞ്ഞ പത്തുമുപ്പത്തഞ്ചു കൊല്ലങ്ങളായി പതിവായി രാവിലെ അരമുക്കാൽ മണിക്കൂർ നടപ്പു ശീലമാക്കിയ ആളാണു ഞാൻ. ശ്വാസകോശസംബന്ധമായ വിഷമതകളോ പ്രമേഹ മോ ഇല്ല. ഉള്ളത് അസാരം കൊളസ്ട്രോൾ മാത്രം. ഏതായാലും കൈലാസയാത്രയ്ക്കായി പ്രാ ണായാമമുറകൾ ശീലിച്ചു തുടങ്ങി. ട്രെഡ് മിൽ ടെസ്റ്റും പൾമൊണറി ഫങ്ഷൻ ടെസ്റ്റും ചെയ്തു. എല്ലാം നോർമൽ. സുഹൃത്തായ ഡോ. ജോൺ എബ്രഹാം ഒരു സെർട്ടിഫിക്കറ്റ് എഴുതിത്ത

ന്നു. ഫിസിക്കലി ഫിറ്റ് !

'ജൂലൈ പതിമൂന്നാം തീയതി രാവിലെ നാലരക്ക് എല്ലാവരും നെടുമ്പാശ്ശേരിയിൽ എത്തിക്കോളൂ. ഫ്ലൈറ്റ് ടിക്കറ്റുകൾ അവിടെവച്ചു തരാം.' ശ്രീജിത്ത് അറിയിച്ചു.

കുട്ടന്റെ ഭാര്യ ഡോ.പ്രീത കോയമ്പത്തൂരിൽ അരവിന്ദ് ആശുപത്രിയിലാണ്. കുട്ടൻ ഹൈദരാബാദിൽ നിന്നു കോയമ്പത്തൂരിൽ വന്നിട്ട് പതിനൊന്നാം തീയതി നാട്ടിലെത്തി. പന്ത്രണ്ടാം തീയതി യാത്രയ്ക്ക് അത്യാവശ്യമുള്ള സാധനങ്ങൾ വാങ്ങിച്ചു. എ.ടി.എമ്മിൽ നിന്നു കിട്ടിയ ആയിരംരൂപാ നോട്ടുകൾ ബാങ്കിൽ കൊടുത്തു നൂറുരൂപാ നോട്ടുകളാക്കി മാറ്റിവാങ്ങി. നേപ്പാളിൽ എവിടെയും ഇന്ത്യൻരൂപ എടുക്കും, പക്ഷേ ആയിരത്തിന്റേയും അഞ്ഞൂറിന്റേയും കറൻസിനോട്ടുകളെ അവർക്കു ഭയമാണ്. 'അതിനാൽ കൊണ്ടുപോകുന്ന പണം നൂറിന്റെ നോട്ടായിട്ടു മതി' സുഭാഷ് അറിയിച്ചിരുന്നു. പാകിസ്ഥാനിൽ പ്രിന്റു ചെയ്യുന്ന കള്ളനോട്ടുകൾ ആദ്യമൊക്കെ ദുബായ് വഴിയായിരുന്നു ഇന്ത്യയിലെത്തിയിരുന്നത്. പരിശോധന ഊർജ്ജിതമാക്കിയപ്പോൾ നേപ്പാൾ വഴിയാക്കി. നേപ്പാളിൽ നിന്ന് ഇന്ത്യയിലേക്കു കടത്തുക താരതമ്യേന എളുപ്പമാണ്. ഇക്കാരണത്താലാണു വലിയ നോട്ടുകളെ നേപ്പാളികൾ ഭയപ്പെടാൻ തുടങ്ങിയത്.

അത്താഴത്തിനു ശേഷം പാക്കിംഗ് മുഴുവനാക്കി. പ്രധാനമായും കമ്പിളി വസ്ത്രങ്ങളാണു പെട്ടിയിൽ സ്ഥാനം പിടിച്ചത്. അതു പല നിര ധരിയ്ക്കാനുള്ളതു വേണം. കൂടാതെ, റബ്ബർടാപ്പിംഗ് തൊഴിലാളികൾ വെളുപ്പിനുമുമ്പ് പണിയ്ക്കിറങ്ങുമ്പോൾ നെറ്റിയിൽ ധരിക്കുന്ന തരത്തിലുള്ള ഒരു എൽ.ഇ.ഡി ലാമ്പു കയ്യിൽ കരുതണമെന്നു സുഭാഷ് അറിയിച്ചിരുന്നു. കൈലാസപരിക്രമണ പാതയിലെ താമസസ്ഥലങ്ങളിൽ രാത്രി മിയ്ക്കപ്പൊഴും കറണ്ടുണ്ടാവാറില്ലത്രേ. പരിക്രമണ നാളുകളിൽ അളവിൽ കുറവും എന്നാൽ കൂടുതൽ ഊർജ്ജപ്രദായിയുമായ ഭക്ഷണം വേണം കഴിക്കാൻ. അതിനായി വിവിധയിനം ഡ്രൈഫ്രൂട്ടുകൾ ചോക്കലേറ്റ് എന്നിവയും കരുതിയിരിക്കണം. 'പതിവായി കഴിക്കുന്ന മരുന്നുകൾ ഉണ്ടെങ്കിൽ അവയും മറക്കണ്ട'. തയ്യാറെടുപ്പുകൾ കഴിഞ്ഞു പതിനൊന്നരയായി കിടന്നപ്പോൾ. അപ്പൊഴാണു ഡോക്ടർ ജയയുടെ വിളി. ഫ്ലൈറ്റിൽ ഒരാൾക്ക് എത്രകിലോ സാധനങ്ങൾ കൊണ്ടുപോകാം? അവർ പാക്കിംഗ് തുടങ്ങിയിട്ടേയുള്ളു. സാധാരണ ഒരാൾക്കു ഫ്രീ ലഗ്ഗേജ് അലവൻസ് 20 കിലോഗ്രാമായിരുന്നു. ചെലവു ചുരുക്കുന്നതിന്റെ ഭാഗമായി വിമാനക്കമ്പനികൾ അടുത്തയിടെ ഡൊമസ്റ്റിക്ഫ്ലൈറ്റുകളിൽ അതു 15 കിലോയായി കുറച്ചതായി പത്രവാർത്ത കണ്ടിരുന്നു. ഞങ്ങളുടെ ഡെൽഹി ഫ്ലൈറ്റ് കൊച്ചി–

കാട്മാണ്ഡു ഫ്ലൈറ്റിന്റെ ഭാഗമായതിനാൽ ഇന്റർനാഷണൽ ഫ്ലൈറ്റിന്റെ ആനുകൂല്യങ്ങൾ കിട്ടുമായിരിക്കാം. അങ്ങനെയെങ്കിൽ 20 കിലോഗ്രാം വരെ കൊണ്ടുപോകാം.

## ഒന്നാം ദിവസം: നേപ്പാളിലേക്ക്

പതിമൂന്നാം തീയതി വെളുപ്പിനു മൂന്നര മണിക്കു ടാക്സിയുമായി സന്തോഷ് എത്തി. ഞങ്ങൾ നാലുമണിക്കു പുറപ്പെട്ടു. രാത്രി പെയ്ത മഴയിൽ വഴി നനഞ്ഞു കിടന്നു. എങ്കിലും നാലേമുക്കാലിനു നെടുമ്പാശ്ശേരിയിൽ എത്തി. ഞങ്ങളുടെ യാത്രാസംഘത്തിൽപ്പെട്ട കുറെയാളുകൾ അതിനുമുമ്പ് എത്തിച്ചേർന്നിരുന്നു. യോഗിമാർ മൂവരും ഞങ്ങൾ ചെന്നതിനുശേഷമാണു വന്നെത്തിയത്. അവരുൾപ്പെടെ ഞങ്ങൾ 27 പേർ.

എന്റെ ബന്ധുക്കളായ ശ്രീജിത്തും സുഭാഷും ദിനേശനും കൂടി 'യോഗീസ് എക്സ്പെഡീഷൻസ്' എന്ന ടൂർ കമ്പനി തുടങ്ങിയത് ഒരുവർഷം മുമ്പാണ്. യോഗിയ്ക്ക് – your own great india– എന്നൊരു വിപുലീകരണവും അവർ കണ്ടെത്തി. അവരുടെ ആദ്യയാത്ര കഴിഞ്ഞ വർഷം സെപ്റ്റംബറിൽ നടത്തിയ ബദരീകേദാരയാത്രയായിരുന്നു. അതിലും ഞങ്ങൾ 27 പേരാണു പങ്കെടുത്തത്. അന്നു കേദാർനാഥിൽ ഞങ്ങൾ താമസിച്ച ജിഎംവിഎൻ വക ഗസ്റ്റ്ഹൗസ് നിന്നിരുന്ന സ്ഥലത്ത് ഇപ്പോൾ ഒരു മൺകൂന മാത്രം!

'ഭഗവാന്റെ അനുഗ്രഹം, വിവരം നേരത്തെ അറിഞ്ഞല്ലോ' പ്രൊഫസർ മാധവപ്പിള്ളി കേശവൻ നമ്പൂതിരി ഫോണിലൂടെ ആശ്വാസം കൊണ്ടു. 'യാത്ര മാറ്റിവച്ചു അല്ലേ?' മറ്റുചിലർ വിളിച്ചുചോദിച്ചു. ഉത്തരാഖണ്ഡിലെ പ്രകൃതിദുരന്തത്തെത്തുടർന്നു കൈലാസയാത്ര മാറ്റിവച്ചതായി പത്രവാർത്ത കണ്ടു ചോദിച്ചതാണവർ. അത് ഇന്ത്യാഗവൺമെന്റിന്റെ മേൽനോട്ടത്തിലുള്ള യാത്രയെപ്പറ്റിയാണെന്നും ഞങ്ങൾ പോകുന്നതു ദുരന്തഭൂമിയായ ഉത്തരാഖണ്ഡിന്റെ മുകളിലൂടെ പറന്നു നേപ്പാൾ തലസ്ഥാനമായ കാട്മാണ്ഡുവിൽ ഇറങ്ങി അവിടെ നിന്നു ബസ്സുവഴിയാണെന്നും ഞാൻ പറഞ്ഞു മനസ്സിലാക്കി.

'എങ്കിലും ഈ മോശമായ കാലാവസ്ഥയിൽത്തന്നെ വേണോ യാത്ര?' ഡോക്ടർ വിജയന്റെ ബന്ധുക്കൾക്ക് അതായിരുന്നു സംശയം. ടിബറ്റിൽ നല്ല കാലാവസ്ഥയാണെന്നും ദുരന്തം സംഭവിച്ചത് ഇന്ത്യയിലാണെന്നും ഡോക്ടർ അവരോടു പറഞ്ഞു.

രാവിലെ ആറേമുക്കാലിന് നെടുമ്പാശ്ശേരിയിൽനിന്നു പുറപ്പെടേണ്ടിയിരുന്ന ഞങ്ങളുടെ ജെറ്റ്എയർവേയ്സ് ഫ്ലൈറ്റ് ഒരു മണിക്കൂറോളം താമസിച്ചാണു പുറപ്പെട്ടത്. ചെന്നൈയിൽ ഒന്നിറങ്ങിക്കയറി ഡെൽഹിയിലെത്തിയപ്പോൾ ഒന്നര മണിക്കൂർ ലെയ്റ്റ്. എമിഗ്രേഷൻ നട പടികൾ കഴിച്ചു കാട്മാണ്ഡു ഫ്ലൈറ്റിൽ സമയത്തിനു കയറിപ്പറ്റാൻ ഒക്കാതെ വരുമോ എന്ന് എല്ലാവരും ഭയപ്പെട്ടു. പക്ഷേ ആ ചടങ്ങുകൾക്കു വലിയ താമസം നേരിട്ടില്ല. ഇന്ത്യയും നേപ്പാളിനും ഇടയിലുള്ള പ്രത്യേക യാത്രാനിയമങ്ങൾ അനുസരിച്ചു പാസ്സ്പോർട്ടു തന്നെ നിർബ്ബന്ധമല്ലെന്നിരിക്കെ ഞങ്ങളുടെ പാസ്സ്പോർട്ടുകളിൽ – departure സ്റ്റാമ്പ് ചെയ്തില്ല. ഞങ്ങൾ പൂരിപ്പിച്ചു കൊടുത്ത ഇമിഗ്രേഷൻ ഫോമുകൾ വാങ്ങിവച്ച്, പാസ്സ്പോർട്ടുകൾ ഒന്നു മറിച്ചുനോക്കി അവർ ഞങ്ങളെ ഓരോരുത്തരെയായി കടത്തിവിട്ടു. ഒരു ഇന്ത്യൻപൗരന് പാ സ്സ്പോർട്ടില്ലാതെ പ്രവേശിക്കാവുന്ന ഏക വിദേശരാജ്യം നേപ്പാളാണ്.

എയർലൈൻ ജീവനക്കാരുടെ സഹായത്തോടെ, എയർപോർട്ട് ജോലിക്കാർക്കുമാത്രം സഞ്ചാരസ്വാതന്ത്ര്യമുള്ള ചില കുറുക്കുവഴികളിലൂടെ കാട്മാണ്ഡു വിമാനം പുറപ്പെടുന്ന ആറാം നമ്പർ ഗെയ്റ്റിൽ ഞങ്ങൾ എത്തിച്ചേർന്നു. വഴിമാറി നടന്ന ചിലരെ കുട്ടൻ തട്ടുത്തുക്കുട്ടി യഥാ സ്ഥാനത്തെത്തിച്ചു. മറ്റുയാത്രക്കാരെല്ലാം വിമാനത്തിൽ കയറിക്കഴിഞ്ഞിരുന്നു. ഞങ്ങൾ 27 പേർ കയറേണ്ട താമസമേ ഉണ്ടായുള്ളൂ വിമാനം പറന്നുയരാൻ. ഇന്ത്യൻ സമയം മൂന്നേകാൽ മണിക്കു ഞങ്ങൾ നേപ്പാൾ തലസ്ഥാനമായ കാട്മാണ്ഡുവിലെ ത്രിഭുവൻ ഇന്റർനാഷണൽ എ യർപോർട്ടിൽ ഇറങ്ങിയപ്പോൾ അവിടെ സമയം മൂന്നര മണി. ഇന്ത്യയും നേപ്പാളും തമ്മിൽ 15 മിനിട്ടിന്റെ സമയവ്യത്യാസമുണ്ട്. ഇന്ത്യയിലെ സമയം UTC + 5.30 യും നേപ്പാളിലേ ത് UTC + 5.45 ഉം ആണ്. UTC എന്നാൽ universal time coordinate. പണ്ടിതിന് GMT അഥവാ ഗ്രീനിച്ച് മീൻടൈം എന്നു പറഞ്ഞിരുന്നു.

ഇവിടെയും ഇമിഗ്രേഷൻ കടമ്പ പെട്ടെന്നു കടന്നു. പൂരിപ്പിച്ച ഫോം വാങ്ങിവച്ചു ഞങ്ങ ളെ കടത്തി വിട്ടു. Entry അഥവാ Arrival സ്റ്റാമ്പ് ഇവിടെയും പതിച്ചില്ല. ഞങ്ങൾ ഗ്രീൻ ചാ നലിലൂടെ കടന്നുപോയതിനാൽ കസ്റ്റംസ് പരിശോധനയും ഉണ്ടായില്ല. വിമാനത്തിൽ നിന്നി റങ്ങി ഇമിഗ്രേഷൻ കൗണ്ടറിലേക്കു നടന്നു നീങ്ങവേ ഭിത്തിയിൽ ഒരിടത്ത് എഴുതിവച്ചിരുന്ന ഒരു വാചകം ഞാൻ ശ്രദ്ധിച്ചിരുന്നു. Things happen only slowly in Nepal– എന്നാ യിരുന്നു ആ ആപ്തവാക്യം. അതു വായിച്ചപ്പോൾ മനസ്സിലുണ്ടായ ഒരു ധാരണയിൽനിന്നു വിഭി ന്നമായി ഇവിടെ കാര്യങ്ങൾ വേഗം നീങ്ങുന്നു. കഴിഞ്ഞമാസം ഒരു യാത്രകഴിഞ്ഞു മുംബൈ

ഛത്രപതിശിവാജി ഇന്റർനാഷണൽ എയർപോർട്ടിൽ വന്നിറങ്ങിയപ്പോൾ അവിടെ ഇമിഗ്രേഷൻ ഡെസ്കിലുണ്ടായിരുന്ന ഉദ്യോഗസ്ഥൻ ഒരു കാരണവുമില്ലാതെ ഞങ്ങളെ വളരെ സമയം കാത്തുനിർത്തി. ഇവിടെയിതാ കാര്യങ്ങൾ പെട്ടെന്നു നീങ്ങുന്നു. (പിന്നീടുള്ള ദിവസങ്ങളിൽ ടിബറ്റിൽ വച്ച്, നേപ്പാളികൾ പറഞ്ഞത് ടിബറ്റിലെ കാര്യമാണെന്നു മനസ്സിലായി. അവിടെ സർവ്വസാക്ഷികളായ ചന്ദ്രഭാസ്കരന്മാർ പോലും മെല്ലെപ്പോക്കിലാണ്)

പുറത്തു മഴ ചെറുതായി പെയ്യുന്നുണ്ടായിരുന്നു. touch kailas എന്ന ടൂർകമ്പനിയാണ് ഇവിടെനിന്നു ഞങ്ങളെ കൈലാസത്തിൽ കൊണ്ടുപോകുന്നത്. അവരുടെ എം.ഡി. ബസു അധികാരി ഞങ്ങളെ കൂട്ടിക്കൊണ്ടു പോകുന്നതിനായി എയർപോർട്ടിൽ വന്നിരുന്നു. 14 സീറ്റുള്ള രണ്ടു വാഹനങ്ങളിലായി ഞങ്ങളെ അദ്ദേഹം തമ്മെൽ എന്ന സ്ഥലത്തുള്ള 'ത്രിനക്ഷത്ര' പദവിയുള്ള ഹോട്ടൽ വൈശാലിയിൽ എത്തിച്ചു. അഞ്ചരമണിയോടെ ഞങ്ങൾ ഹോട്ടലിൽ ചെക്കിൻ ചെയ്തു. അത്യാവശ്യ സൗകര്യങ്ങളുള്ള, എയർകണ്ടീഷൻ ചെയ്ത മുറികൾ.

കുളിയും മറ്റും കഴിഞ്ഞ് ഞങ്ങൾ ഹോട്ടലിന്റെ താഴത്തെ നിലയിലുള്ള കോൺഫറൻസ് ഹാളിൽ ഒത്തുകൂടി. എല്ലാവരും സ്വയം പരിചയപ്പെടുത്തിക്കഴിഞ്ഞപ്പോൾ ബസു അധികാരിയും അദ്ദേഹത്തിന്റെ സഹായിയായ മറ്റൊരു ബസുവും– ('കൊച്ചുവാസു' എന്നു ഞങ്ങൾ) കൂടി പിറ്റേന്നുമുതലുള്ള യാത്രാ പരിപാടികൾ വിശദീകരിച്ചു. എല്ലാവർക്കും ടച്ച്കൈലാസ് എന്ന മുദ്ര കുത്തിയ ഡഫൽബാഗും ബാക്ക്പാക്കും ഓരോ കമ്പിളിത്തൊപ്പിയും തന്നു. കൂടാതെ യാത്ര കഴിഞ്ഞുവരുമ്പോൾ തിരിച്ചുകൊടുക്കണമെന്ന വ്യവസ്ഥയിൽ ഒരോ വിൻഡ് ജാക്കറ്റും.

കോതമംഗലം നങ്ങേലിൽ ആയുർവ്വേദാശുപത്രിയുടെ എം.ഡി. ഡോക്ടർ വിജയൻ എല്ലാവർക്കും കളരിമർമ്മാണി തൈലം പെയ്ൻബാം മുതലായവ വിതരണം ചെയ്തു. കൂത്താട്ടുകുളം ശ്രീധരീയത്തിലെ ഡോക്ടർ എൻപിപിയും കോഴിക്കോട്ടു നിന്നുള്ള ഡോ. രഞ്ജിത്തും ഫസ്റ്റ്എയ്ഡ് മുതലായ എല്ലാ മെഡിക്കൽ സഹായങ്ങളും വാഗ്ദാനം ചെയ്തു.

എട്ടുമണിക്കു ബുഫേ ഡിന്നർ. റോട്ടിയും ചോറും തൈരും മറ്റും കഴിച്ചു. ഒൻപതരമണിക്കു കിടന്നുറങ്ങി. ഒന്നാം ദിവസം സമാപ്തം. നാളെ കാട്മണ്ഡു സന്ദർശനം.

## രണ്ടാം ദിവസം: കാട്മണ്ഡു

പതിവുപോലെ രാവിലെ അഞ്ചുമണിക്കു ഞാനെഴുന്നേറ്റു. ഷവറിലെ ചൂടുവെള്ളത്തിൽ നല്ലൊരു കുളി കഴിഞ്ഞപ്പോൾ ഇന്നലത്തെ യാത്രാക്ഷീണമെല്ലാം പോയി. കുട്ടൻ ഏഴുമണിക്ക് ഉണർന്നു. എല്ലാവരും താഴെപ്പോയി ബ്രേക്ഫാസ്റ്റ് കഴിച്ചു. ബ്രെഡ് ടോസ്റ്റ്, പാൻകേക്ക്, ജർമ്മൻ പൊട്ടെറ്റോ തൊലികളയാതെ പുഴുങ്ങിയത്, ആവാമെന്നുള്ളവർക്ക് ഓംലെറ്റ്, പലതരം പഴങ്ങൾ, ചായ കാപ്പി, പലതരം ജ്യൂസ്.



ഹോട്ടൽ വൈശാലിയുടെ മുന്നിൽ ഞങ്ങളുടെ സംഘം

രണ്ടു മിനി ബസ്സുകളിലായി ഞങ്ങൾ കാട്മണ്ഡുനഗരം കാണാനിറങ്ങി. ബസു നിയോഗിച്ച ഒരു ഗൈഡും കൂടെയുണ്ടായിരുന്നു. ആദ്യം പോയത് പശുപതിനാഥക്ഷേത്രത്തിലേക്കാണ്. ക്ഷേത്രത്തിന്റെ ഐതിഹ്യം ഗൈഡ് പറഞ്ഞുതന്നു. ഭീമസേനന്റെ കയ്യിൽ നിന്നു കുതറിയോടിയ മഹിഷരൂപിയായ മഹാദേവന്റെ ശരീരഭാഗങ്ങൾ പഞ്ചകേദാരങ്ങളിൽ ചിതറി വീ

ണപ്പോൾ തല പ്രത്യക്ഷമായത് ഈ ക്ഷേത്രത്തിലാണത്രേ. കുരുക്ഷേത്ര യുദ്ധത്തിൽ ഗുരുകാരണവന്മാരെയൊക്കെ വധിച്ചതിന്റെ പാപം തീരാൻ പാണ്ഡവന്മാർ മഹാദേവനെ സമീപിച്ചെന്നും ദർശനം കൊടുക്കാതെ ശിവൻ ഒരു കാളയുടെ രൂപത്തിൽ ഓടി മറഞ്ഞെന്നും ഭീമസേനന് ആളെമനസ്സിലായി കടന്നുപിടിച്ചെന്നും മറ്റുമുള്ള കഥ കഴിഞ്ഞ വർഷത്തെ ബദരീകേദാരയാത്രയിൽ ഗുപ്തകാശിയിൽവച്ചു കേട്ടിരുന്നു. അന്നു പക്ഷേ കേട്ടത് രുദ്രനാഥിൽ മഹാദേവന്റെ മുഖവും കല്പേശ്വരത്തു ജടാശിരസ്സും പതിച്ചുവെന്നാണ്. രണ്ടും ഇന്ത്യയിൽ ഉത്തരാഘണ്ഡ് സംസ്ഥാനത്തുള്ള ശിവാലയങ്ങളാണ്. ഐതിഹ്യങ്ങൾ അങ്ങനെയാണ്. പുരാണങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന ഏതുകഥ എടുത്താലും ആ കഥ നടന്നത് ഇവിടെയാണ് എന്നു പറയാൻ ഭാരതത്തിലെ ഓരോ സംസ്ഥാനത്തും ഏതെങ്കിലും ഇടം ഉണ്ടാവും. ഉദാഹരണത്തിനു കഴിഞ്ഞ വർഷത്തെ ഞങ്ങളുടെ യാത്രയിൽ ഹരിദ്വാറിൽ ഗംഗയുടെതീരത്തു ദക്ഷയാഗം നടന്ന സ്ഥലം സന്ദർശിക്കുകയുണ്ടായി. അന്നു ദക്ഷൻ എരിച്ച യാഗാഗ്നി ഇന്നും അണയാതെ അവിടെ ഹോമകുണ്ഡത്തിൽ കത്തുന്നു. മലയാളികൾ, പ്രത്യേകിച്ചും വടക്കൻ കേരളത്തിലുള്ളവർ പക്ഷേ വിശ്വസിക്കുന്നതു ദക്ഷയാഗം നടന്നത് കൊട്ടിയൂരിൽ ആണെന്നാണ്. കേരളത്തിനുള്ളിൽത്തന്നെ ഒരേകഥ നടന്ന രണ്ടുസ്ഥലങ്ങൾ കണ്ടിട്ടുണ്ട്. മാർക്കണ്ഡേയനു മഹാദേവൻ ആയുസ്സുനീട്ടിക്കൊടുത്തതു തൃപ്രങ്ങോട്ടമ്പലത്തിലാണെന്നതു പ്രസിദ്ധമായ കഥ. എന്നാൽ കൊല്ലം കടവൂർ ശിവക്ഷേത്രത്തിലാണ് അക്കഥ നടന്നതെന്ന കാര്യത്തിൽ കൊല്ലംകാർക്കു സംശയമേതുമില്ല. ഹനുമാൻ ലങ്കയിലേക്കു ചാടിയതു ഗുജറാത്തിന്റെ തീരത്തു നിന്നാണെന്നു വിശ്വസിക്കുന്നവർ ഗുജറാത്തിൽ ധാരാളമുണ്ടെന്നു പണ്ടെവിടെയോ വായിച്ചതോർക്കുന്നു. ലങ്ക ആ ഭാഗത്ത് കടലിലുള്ള ഒരു ദ്വീപാണെന്നും.

പശുപതിനാഥക്ഷേത്രത്തിന്റെ പഴക്കം നിർണ്ണയിക്കാനാവാത്തതാണ്. ചരിത്രാതീതകാലത്ത് ഇവിടെയുണ്ടായിരുന്ന ക്ഷേത്രം എങ്ങിനെയോ നശിച്ചു പോയി. പിന്നീട് ഭൂമിക്കടിയിൽ മറഞ്ഞു കിടന്നിരുന്ന ശിവലിംഗത്തിന് കാമധേനു പാൽചുരത്തിക്കൊടുക്കുന്ന വിവരം പശുപാലന്മാർ വഴി അറിഞ്ഞ രാജാവ് ഇവിടെ ഒരു ക്ഷേത്രമുണ്ടായിരുന്നുവെന്നു മനസ്സിലാക്കി ഇതേ സ്ഥലത്തു പുതിയക്ഷേത്രം പണിചെയ്യിച്ചു എന്നാണ് ഐതിഹ്യം. അക്കഥ എന്തായാലും CE നാലാം നൂറ്റാണ്ടു മുതൽ ഇവിടെ ഒരു മഹാക്ഷേത്രം നിലനിന്നിരുന്നു എന്നു വിശ്വസിക്കാം.




പശുപതിനാഥക്ഷേത്രത്തിന്റെ കവാടവും പുറത്തെ ഹോമകുണ്ഡവും

പിന്നീട് ഇന്നേക്കു പന്ത്രണ്ടോളം നൂറ്റാണ്ടുകൾക്കു മുമ്പ്  അങ്ങു തെക്കു കേരളത്തിൽ നിന്നുള്ള ആദിശങ്കരൻ നഗ്നപാദനായി മഹാവനങ്ങളും ഹിമഗിരികളും താണ്ടി അതിശീതജല വാഹികളായ നദികൾ നീന്തിക്കടന്ന് കാട്മണ്ഡു താഴ്വരയിൽ എത്തുകയും ഇവിടെയുണ്ടായിരുന്ന ബുദ്ധമത സന്യാസിമാരുമായുണ്ടായ സംവാദത്തിൽ അവരെ തോല്പിച്ച് സനാതനമതം പുനരുദ്ധരിക്കുകയും ചെയ്തു കൂടാതെ പശുപതിനാഥ ക്ഷേത്രനടത്തിപ്പിലും മറ്റും പല ചിട്ടകളും ഏർപ്പെടുത്തുകയും ചെയ്തു. ദക്ഷിണേന്ത്യൻ ചിട്ടയിൽ പൂജാവിധികൾ പുനർക്രമീകരിച്ച അദ്ദേഹം കർണ്ണാടകസംസ്ഥാനത്തുനിന്നുള്ള പൂജാരിമാരെ ഇവിടെ അവരോധിക്കുകയും ചെയ്തു. കേദാരനാഥത്തിലും ബദരീനാഥത്തിലും പൂജാവിധികൾ ചിട്ടപ്പെടുത്തിയ ആചാര്യസ്വാമികൾ ഇവിടെയും ഒരു കേരളീയമുദ്ര പതിപ്പിച്ചിട്ടാണ് മടങ്ങിയത്. എന്നാൽ കേദാരനാഥം കാശി മുതലായ ഉത്തരേന്ത്യൻ ക്ഷേത്രങ്ങളിൽ കണ്ടുവരുന്നരീതിയിൽ നിന്നു വിഭിന്നമായി ഇവിടെ ഭക്തജനങ്ങൾക്കു ശ്രീകോവിലിനുള്ളിൽ പ്രവേശിച്ച് ആരാധന നടത്തുവാനുള്ള സ്വാതന്ത്ര്യം ഇല്ല. ഇവിടെ പക്ഷേ ശ്രീകോവിലിനു നാലുവശത്തേക്കും തുറക്കുന്ന നടകളുണ്ട്. ഈ നാലു വാതിലുകളിൽക്കൂടി പശുപതിനാഥന്റെ നാലുമുഖങ്ങൾ ഭക്തജനങ്ങൾക്കു ദർശിക്കാം. ഇപ്രകാരം നാലുപാടും നടതുറക്കുന്ന ക്ഷേത്രങ്ങൾ മറ്റെവിടെയെങ്കിലും ഉള്ളതായി അറിയില്ല.



ശ്രീശങ്കരനു ശേഷം പിന്നെയും വളരെക്കാലം കഴിഞ്ഞ് പശുപതിനാഥക്ഷേത്രം ചിതൽ തിന്നു നശിച്ചുപോയത്രേ. പിന്നീട്ടു പതിനേഴാം നൂറ്റാണ്ടിലാണ് ഇന്നു കാണുന്ന ക്ഷേത്രം പണിതീർത്തത്. അതിനുശേഷവും ഇവിടത്തെ പൂജാരിമാർ (റാവൽ) ഇന്ത്യയിൽ കർണ്ണാടക സംസ്ഥാനത്തിൽ നിന്നുള്ള ഭട്ടുമാരായിരുന്നു. ആദിശങ്കരാചാര്യരുടെ കാലത്തു തുടങ്ങിയ ഈ വ്യവസ്ഥ അടുത്തകാലംവരെ നിലനിന്നിരുന്നു. നാലുവർഷം മുമ്പു നേപ്പാളിൽ ഉണ്ടായ വിപ്ലവത്തെ തുടർന്നു രാജഭരണം അവസാനിപ്പിച്ചു മതേതര ഗവൺമെന്റ് ഉണ്ടാക്കിയതിനു ശേഷം നേപ്പാളിലുള്ള ബ്രാഹ്മണരെ പൂജാരിമാരായി നിയമിച്ചു തുടങ്ങിയത്രേ.

പശുപതിനാഥക്ഷേത്രമതിലിനെ തൊട്ടുരുമ്മി ഒഴുകുന്ന ബാഗ്മതീ നദിയുടെ മറുകരയിൽ പിതൃകർമ്മങ്ങൾ ചെയ്യുന്നവരെ കണ്ടു. അടുത്തു തന്നെ ശ്മശാനത്തിൽ ചിത എരിയുന്നു. ശവദാഹത്തിന് ഭാരതീയർക്കു കാശി പോലെയാണ് നേപ്പാളികൾക്ക് ഈ കടവും പരിസരവും. കൈലാസയാത്രയ്ക്കിടക്കു മരണം സംഭവിച്ചാൽ ഇന്ത്യക്കാരെയും ഇവിടെ കൊണ്ടുവന്നു സംസ്കരിക്കുക പതിവാണ്. ഇവിടത്തെ ചിതാഗ്നിയിൽ എരിഞ്ഞുതീരുന്നവരുടെ ആത്മാക്കൾ നേരെ മോക്ഷപ്രാപ്തിയിലെത്തുമത്രേ. ചിതാഭസ്മധാരിയായ പശുപതിനാഥന് സമീപം ചിതാഗ്നി സദാ എരിയുന്നു.

പശുപതിനാഥക്ഷേത്രത്തിൽ നിന്നും ഏകദേശം ഒരു കിലോമീറ്റർ കിഴക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന ഗുഹ്യേശ്വരീ ക്ഷേത്രം (ഗുജേശ്വരി, ഗുഹേശ്വരി എന്നൊക്കെ പാഠഭേദങ്ങൾ) സന്ദർശിക്കാനാണു പിന്നീടു ഞങ്ങൾ പോയത്. ഇവിടെ 'ശക്തി'യാണ് ദേവത. അതിനാൽ പ്രസിദ്ധങ്ങളായ ശക്തിപീഠങ്ങളിൽ ഒന്നായി ഇതിനെ കരുതുന്നു. ദക്ഷയാഗത്തിൽ സ്വയം മരണംവരിച്ച സതീദേവിയുടെ ശരീരവുമെടുത്തുകൊണ്ടു ശിവൻ ദുഃഖിതനായി ആര്യാവർത്തിലൂടെ അലഞ്ഞുതിരിഞ്ഞു നടന്നു. ദാക്ഷായണിയുടെ ശരീരഭാഗങ്ങൾ അടർന്നുവീണ സ്ഥലങ്ങളെല്ലാം ശക്തിപീഠങ്ങളായിത്തീർന്നെന്നും ഐതിഹ്യം. അതനുസരിച്ചു സതീദേവിയുടെ ഗുഹ്യഭാഗങ്ങൾ പതിച്ച സ്ഥലമാണത്രേ ഈ ഗുഹ്യേശ്വരീക്ഷേത്രം.

 

ഗുഹ്യേശ്വരി ക്ഷേത്രത്തിനു പുറത്തെ ജനാലകൾ. കവാടത്തിൽ വധൂവരന്മാർ

ഇതും പതിനേഴാം നൂറ്റാണ്ടിൽ പണിതീർന്ന ക്ഷേത്രമാണ്. ഈക്ഷേത്രത്തിൽ വച്ച് വിവാഹിതരാവുന്നവർക്കു പിന്നീടുള്ള എല്ലാ ജന്മങ്ങളിലും ഭാര്യാഭർത്താക്കന്മാരായി കഴിയാനുള്ള അനുഗ്രഹം ലഭിക്കുമത്രേ. ഞങ്ങൾ ചെല്ലുമ്പോൾ അവിടെ ഒരു വിവാഹം കഴിഞ്ഞു വധൂവരന്മാർ ക്ഷേത്ര നടയിൽ നിന്നു ഫോട്ടോ എടുക്കുന്നുണ്ടായിരുന്നു.

അതിനുശേഷം ഒരു മണിക്കൂറോളം വളരെ മോശമായ റോഡുകളിലൂടെ– മഴക്കാലത്തു കേരളത്തിലെ റോഡുകൾ ഇതിലും ഭേദം– സഞ്ചരിച്ച് പ്രധാന നഗരഭാഗങ്ങളിൽ നിന്ന് ഏകദേശം പത്തുകിലോമീറ്റർ വടക്കുമാറി സ്ഥിതിചെയ്യുന്ന ജലശായീ വിഷ്ണുവിന്റെ അമ്പലത്തിലെത്തി. വൃദ്ധനീലകണ്ഠൻ (ബൂഢാ നീലകണ്ഠ്) എന്നൊരാളാണ് നൂറ്റാണ്ടുകളോളം മറഞ്ഞു കിടന്നിരുന്ന ഇവിടത്തെ വിഗ്രഹം കണ്ടുപിടിച്ചതെന്നും അതിനാൽ അമ്പലത്തിനും ഈ സ്ഥലത്തിനുതന്നെയും ബൂഢാനീലകണ്ഠ് എന്നു പേരു വന്നെന്നും ഞങ്ങളുടെ ഗൈഡ് പറഞ്ഞു. നാല്പതടിയോളം നീളമുള്ള ഒരു ജലാശയത്തിലാണ് പതിനേഴടിനീളമുള്ള ഈ വിഷ്ണുവിഗ്രഹം ശയിക്കുന്നത്. ഹിന്ദുമതവിശ്വാസികൾക്കു മാത്രം കുളത്തിന്റെ പടവുകളിറങ്ങി ജലശായിയായ ഭഗവാന്റെ പാദങ്ങളിൽ സ്പർശിക്കുന്നതിന് അനുവാദമുണ്ട്.



ജലശായി വിഷ്ണു

ജലശായീവിഷ്ണുവിനെപ്പറ്റിയുള്ള ഒരു ഐതിഹ്യം ഗൈഡ് പറഞ്ഞുതന്നു. ജലന്ധരൻ എന്ന അസുരനും ശ്രീമഹാദേവനും തമ്മിൽ ഒരിക്കൽ പൊരിഞ്ഞ യുദ്ധം. ജലന്ധരന്റെ കോപം തടുക്കാൻ പിനാകപാണിക്കു കഴിയുന്നില്ല. ഭാര്യയെ കണ്ടാൽ അസുരന്റെ കോപം ശമിക്കുമെന്നു മനസ്സിലാക്കിയ മഹാവിഷ്ണു ശിവനെ സഹായിക്കാനായി ജലന്ധരന്റെ ഭാര്യയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. ഭർത്താവിനെ വിജയതിലകമണിയിച്ച് യുദ്ധത്തിനയക്കാനായി അടുത്തെത്തിയ വിഷ്ണുവിനെ ജലന്ധരൻ തിരിച്ചറിയുകയും തന്നെ ചതിക്കാൻ തുനിഞ്ഞതിനാൽ ജലശായിയായിപ്പോകട്ടെ എന്നു ശപിക്കുകയും ചെയ്യുന്നു. നേപ്പാൾ രാജകുടുംബത്തിലെ അംഗങ്ങൾക്ക് ഈ ബൂഢാനീലകണ്ഠക്ഷേത്രത്തിൽ ദർശനം പാടില്ലെന്നാണു വച്ചിരിക്കുന്നത്. രാജാവ് ഇവിടെ ദർശനം നടത്തിയാൽ രാജകുടുംബത്തിലെ ഒരാൾ ഉടൻ മരിച്ചുപോകുമത്രേ. അതു മറ്റൊരു ശാപകഥ. അക്കഥ എന്തായാലും രാജകുടുംബാങ്ങൾക്കു ദർശിക്കാനായി പശുപതിനാഥക്ഷേത്രത്തിന്റെ പ്രദക്ഷിണവഴിയിൽ ജലശായീവിഷ്ണുവിന്റെ വിഗ്രഹം കൊത്തിവച്ചിട്ടുണ്ട്.

സമയം ഉച്ചയായിരിക്കുന്നു. എല്ലാവർക്കും വിശക്കാനും തുടങ്ങിയിരിക്കുന്നു. തിരിയെ ഹോട്ടലിലെത്തി ലഞ്ചു കഴിച്ചശേഷം എല്ലാവരും ഷോപ്പിംഗിനായി ഇറങ്ങി. ബിശാൽ മാർ

ക്കറ്റ് എന്നൊരു ഷോപ്പിംഗ് കേന്ദ്രത്തിൽ ഞങ്ങളെ ഇറക്കിവിട്ടിട്ടു വാഹനങ്ങൾ മടങ്ങിപ്പോയി. ഷോപ്പിംഗ് കഴിഞ്ഞ് അവരവരുടെ സൗകര്യം പോലെ ഹോട്ടലിൽ തിരിച്ചെത്തിക്കൊള്ളണമെന്നും പറഞ്ഞു. പാർക്കിംഗ് പ്രശ്നമായതിനാലാണത്രേ ബസ്സുകൾ അവിടെ കാത്തുനിൽക്കാത്തത്. എത്രസമയം വേണ്ടിവരുമെന്നും പറയുക വയ്യല്ലോ.

രുദ്രാക്ഷ മാലകൾ, കൈലാസയാത്രക്കു വേണ്ടി റെയ്ൻകോട്ട്, വാട്ടർപ്രൂഫ് കയ്യുറകൾ, കമ്പിളിവസ്ത്രങ്ങൾ തുടങ്ങി പലതും പലരും വാങ്ങി. ഞാനും ചിലതെല്ലാം വാങ്ങി. തിരിയെ നാലുപേർ ഒരു വാഹനത്തിൽ എന്ന കണക്കിൽ ടാക്സിയിൽ (മാരുതി 800 ആണ് ഇവിടെ സാധാരണ കാണുന്ന ടാക്സിവാഹനം) ഹോട്ടലിലേക്കു പോയി. ചാർജ് 200 നേപ്പാളി രൂപ. (125 ഐ.സി. എന്ന് ഡ്രൈവർ കണക്കുകൂട്ടി പറഞ്ഞു. ഇന്ത്യൻ കറൻസി എന്നർത്ഥം). ഇരുവശത്തും കച്ചവടസ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന, ഷോപ്പിംഗിനിറങ്ങിയിരിക്കുന്നവരുടെ തിരക്കുമൂലം നടക്കുവാൻകൂടി ബുദ്ധിമുട്ടു തോന്നുന്ന, തീരെ വീതികുറഞ്ഞ ഗലികളിലൂടെ ടാക്സിക്കാർ വേഗത്തിൽ കാറോടിച്ചുപോകുന്നു. ടാക്സി ചാർജ് ഇന്ത്യയിലേക്കാൾ കുറവാണിവിടെ.

നേപ്പാളിൽ എവിടെയും ഇന്ത്യൻ റുപ്പി ചെലവാകും. എന്നാൽ ടിബറ്റിൽ കടന്നാൽ ചൈനീസ് കറൻസിയായ യുവാൻ തന്നെ വേണം. കൈലാസപരിക്രമണത്തിനു കുതിര, ഹെൽപ്പർ മുതലായവ വേണ്ടിവന്നാൽ പണം കൊടുക്കാനായി– (കുതിര വേണ്ട ഹെൽപ്പർ മാത്രം മതി എന്നതാണ് ഇപ്പോഴത്തെ തീരുമാനം)എനിക്കും കുട്ടനും കൂടി ഇരുപത്തയ്യായിരം രൂപ യുവാനാക്കി മാറ്റാനായി യോഗിമാരെ ഏല്പിച്ചു. നാളെ ടിബറ്റിന്റെ അതിർത്തിയിലെത്തുമ്പോൾ കൊച്ചുവാസു മുഖാന്തിരം അവരതു മാറ്റി വാങ്ങും. ഒരു യുവാനു പത്തര രൂപ എന്നതാണത്രേ ഇപ്പോഴത്തെ നിരക്ക്. ഒരുമാസം മുമ്പ് ഒൻപതേമുക്കാൽ രൂപയേ വേണ്ടിയിരുന്നുള്ളു. നൂറ് ഇന്ത്യൻ രൂപയ്ക്കു നൂറ്റി അറുപതു നേപ്പാളി രൂപ എന്ന നിരക്കു പക്ഷേ മാറ്റമില്ലാതെ തുടരുകയും ചെയ്യുന്നു. നാളെ – കൈലാസയാത്ര ആരംഭിക്കുന്നു.

## മൂന്നാം ദിവസം: ഹിമവാന്റെ മടിത്തട്ടിൽ

വെളുപ്പിനു രണ്ടേമുക്കാൽ മണിക്ക് എഴുന്നേറ്റു. ചൂടുവെള്ളത്തിൽ കുളിച്ചു റെഡിയായി മുറി ഒഴിഞ്ഞു കൊടുത്ത് താഴെ വന്നു. നാലരക്ക് ഓരോ ചായ കിട്ടി. കാട്മാണ്ഡുവിൽനിന്നു പുറപ്പെട്ടാൽ കൈലാസയാത്ര കഴിഞ്ഞു തിരിയെ കാട്മാണ്ഡുവിൽ എത്തുന്നതുവരെ അത്യാവ

ശ്യമുള്ള സാധനങ്ങൾ മാത്രം ബസു അധികാരി തന്ന ഡഫൽബാഗിലും ബാക്ക്പാക്കിലും ആക്കി കയ്യിലെടുക്കാനും ബാക്കിയുള്ള ഡ്രെസ്സും സാധനങ്ങളും മറ്റും എല്ലാവരും അവരവർ കൊണ്ടുവന്നിരിക്കുന്ന പെട്ടികളിലാക്കി ഹോട്ടലിലെ ലോക്കർ റൂമിൽ ഏല്പിക്കാനും ഇന്ത്യൻ രൂപ ആവശ്യം കഴിഞ്ഞുള്ളതു ഹോട്ടലിലെ മണിലോക്കറിൽ സൂക്ഷിക്കാനും തീരുമാനമായി.

ഹോട്ടലിൽ നിന്നു കിട്ടിയ പ്രഭാതഭക്ഷണപ്പൊതികളുമായി ഒരു ബസ്സിൽ വെളുപ്പിനു നാലേമുക്കാൽ മണിക്കു യാത്ര പുറപ്പെട്ടു. വഴിയിൽ ജീറോകിലോ എന്നൊരു ചെറിയ അങ്ങാടിയിൽ നിന്ന് ഓരോ വെറും ചായ കഴിച്ചു. കുറെദൂരം കൂടി പോയി ബസ്സ് ഒരിടത്തു നിർത്തി കയ്യിലിരുന്ന പ്രഭാതഭക്ഷണം – (ടോസ്റ്റഡ് ബ്രഡും ഫ്രൂട്ടിയും മറ്റും)എല്ലാവരും കഴിച്ചു. വീണ്ടും യാത്ര തുടർന്നു. നേപ്പാളിന്റെ പ്രകൃതിഭംഗി ആസ്വദിച്ചുകൊണ്ടുള്ള യാത്ര. നമ്മുടെ ഇടുക്കി ജില്ലയിലോ മറ്റോ ആണോ എന്നു തോന്നിപ്പിക്കുന്ന കാഴ്ചകൾ. സപ്തകോസി നദീവ്യൂഹത്തിന്റെ ഭാഗമായ സൺകോസി, ഭോടെകോസി, ഇന്ദ്രാവതി നദികളുടെ തീരത്തുകൂടിയും ഇടയ്ക്ക് ഈ നദികളെ കുറുകെ കടന്നും വളഞ്ഞുതിരിഞ്ഞു പോകുന്ന ഈ പാത നിർമ്മിച്ചിരിക്കുന്നതു ചൈനയുടെ സഹായത്തോടെയാണെന്നു വായിച്ചതോർക്കുന്നു. ഭോടെകോസി എന്നാൽ തദ്ദേശീയ ഭാഷയിൽ –'ടിബറ്റിൽ നിന്നു വരുന്ന നദി' എന്നാണർത്ഥം.

മലകൾക്കുയരം കൂടുകയും നദീതടം കൂടുതൽ ആഴത്തിലാവുകയും ചെയ്തുകൊണ്ടിരുന്നു. നദിക്കുകുറുകെ ആളുകൾക്ക് ഇരു കര കടക്കാനും സാധനങ്ങൾ കടത്താനും ചിലയിടങ്ങളിൽ റോപ്പ്‌വേകൾ കാണാനുണ്ട്. കാട്മാണ്ഡുവിൽനിന്ന് ഏകദേശം അൻപതോളം കി.മീ ദൂരെ ഒരിടത്തു ഭോടെകോസിനദിക്കു കുറുകെ കെട്ടിയ ഇരുമ്പുപാലത്തിൽ നിന്ന് അഞ്ഞൂറിൽപ്പരം അടി താഴെക്കൂടി ഒഴുകുന്ന നദിയിലേക്കു ബഞ്ചി ജംപിംഗ് നടത്തുന്നതിനുള്ള ഏർപ്പാടുകൾ കണ്ടു. സാഹസികരുടെ ഇഷ്ടവിനോദമാണു കാലിൽ കയറുകെട്ടിയുള്ള ഈ ചാട്ടം. ഇതിനായി കാലിൽ കെട്ടുന്ന ഇലാസ്റ്റിക് സ്വഭാവമുള്ള കയറിനെയാണ് bungy/bungee എന്ന വാക്കു സൂചിപ്പിക്കുന്നത്. എന്റെ മകളുടെ ഭർത്താവ് വിഷ്ണു യു. എസ്സിലായിരുന്നപ്പോൾ ഒരു ബഞ്ചി ജംപിംഗ് നടത്തിയതിന്റെ ഭയപ്പെടുത്തുന്ന ഓർമ്മകൾ അടുത്തകാലത്തു വിവരിച്ചതു ഞാനോർത്തു.



ഭോടെകോസിനദി



ബഞ്ചിജംപിംഗിനുള്ള ളുക്കുപാലം. നദി അഞ്ഞൂറിലധികം അടി താഴെയാണ്.

ഉച്ചയോടുകൂടി നേപ്പാൾ ടിബറ്റ് അതിർത്തിയിലുള്ള കൊടാരി (ലിപിംഗ്/തതോപാനി) എന്ന ചെറിയ ടൗണിൽ ഞങ്ങളെ ഇറക്കിവിട്ടശേഷം ബസ്സ് തിരിച്ചുപോയി. ഇനി കാൽനടയായി അതിർത്തി കടന്ന് ടിബറ്റിലെത്തിയാൽ വേറെ ബസ്സിലാണ യാത്ര. ഇരുരാജ്യങ്ങളേയും വേർതിരിച്ചുകൊണ്ടൊഴുകുന്ന കോസി നദിക്കു കുറുകെ പണിതിരിക്കുന്ന പാലത്തിനു –friendship bridge എന്നാണ പേര്. കാട്മാണ്ഡുവിൽ നിന്ന് ഏകദേശം 125 കി.മീ അകലെയാണ് ഈ അതിർത്തിഗ്രാമം. ടിബറ്റിൽ പ്രവേശിക്കുന്നതിനു മുമ്പ് നേപ്പാളിൽ നിന്നു പാസ്സ്പോർട്ടിൽ– departure പതിച്ചു വാങ്ങണമല്ലൊ. അതിനായി എല്ലാവരുടേയും പാസ്സ്പോർട്ടുകൾ കൊച്ചുവാസു വാങ്ങിക്കൊണ്ടു പോയി. ഞങ്ങൾ കേരളത്തിൽ നിന്നു യാത്രതിരിക്കുന്നതിനു മുമ്പുതന്നെ പാസ്സ്പോർട്ടുകൾ ടച്ച് കൈലാസ് കമ്പനിക്ക് അയച്ചുകൊടുത്ത് ടിബറ്റിൽ–(ചൈനയിൽ)പ്രവേശിക്കുന്നതിനുള്ള വിസകൾ സമ്പാദിച്ചിരുന്നു. പക്ഷേ പാസ്സ്പോർട്ടിൽ വിസ സ്റ്റാമ്പ് ചെയ്യാതെ യാത്രക്കാരുടെ ഒരു ലിസ്റ്റ് ഉണ്ടാക്കി ആ പേപ്പറിൽ പ്രവേശനാനുമതി എഴുതിത്തരികയാണു ചെയ്തിരിക്കുന്നത്. കൈലാസയാത്രക്കിടയിൽ നമുക്ക് എന്തെങ്കിലും സംഭവിച്ചാൽ പാസ്സ്പോർട്ട് പ്രകാരം നാം ചൈനയിൽ പ്രവേശിച്ചതായി രേഖകളൊന്നുമുണ്ടാവില്ല. (എന്നാൽ നേപ്പാൾവഴിയല്ലാതെ ഇന്ത്യാ ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൈലാസയാത്ര ചെയ്യുന്നവരുടെ പാസ്സപോർട്ടുകളിൽ വിസ പതിച്ചുകിട്ടുന്നുണ്ടെന്നാണ് അറിയാൻകഴിഞ്ഞത്.)

ആ ലിസ്റ്റിൽ അവനവന്റെ ക്രമനമ്പർ ഓരോരുത്തരും ഓർത്തിരുന്നുകൊള്ളണമെന്നു ബസു അധികാരി പ്രത്യേകം ഓർമ്മപ്പെടുത്തിയിരുന്നു. എല്ലാ ദിവസവും ബസ്സു പുറപ്പെടാറാവുമ്പോൾ എല്ലാവരും എത്തിയോ എന്നറിയാൻ ഈ ക്രമനമ്പർ പ്രകാരം ഹാജരെടുക്കുക പതിവാക്കിയതുവഴി എല്ലാവർക്കും അവരവരുടെ റോൾനമ്പർ ഹൃദിസ്ഥമായി.

കൊച്ചുവാസു വശം കൊടുത്തയച്ച പാസ്സ്പോർട്ടുകൾ തിരിച്ചുകിട്ടുന്നതുവരെ സമയമുണ്ട്. മൗണ്ട് കൈലാസ് എന്നൊരു റസ്റ്ററണ്ടിൽ നിന്ന് ഉച്ചയൂണു കഴിച്ചു. ചോറും തയിരും പാവയ്ക്കാവറ്റലും ദാൽകറിയും മറ്റും കിട്ടി.




കൊടാരി അതിർത്തിയിലെ കാത്തുനില്പ്. പിച്ചക്കാരൻ പയ്യനും.

പാസ്സ്പോർട്ടുകൾ തിരിച്ചുകിട്ടിയശേഷം യാത്ര തുടർന്നു. 'സൗഹൃദപ്പാല'ത്തിലൂടെ നടന്നു വേണം ടിബറ്റിൽ പ്രവേശിക്കാൻ. അവരവരുടെ ക്രമനമ്പർപ്രകാരം ലൈനായി നടന്നു പോകുമ്പോൾ പാസ്സപോർട്ടിന്റെ ആദ്യ പേജ് കാണത്തക്കവിധം തുറന്ന് ഉയർത്തിപ്പിടിച്ചു കൊണ്ടു വേണം നടക്കുവാൻ. ഒരു ചൈനീസ് പൊലീസ് ഉദ്യോഗസ്ഥൻ ഓരോരുത്തരുടേയും പാസ്സ്പോർട്ടിലെ ഫോട്ടോ നോക്കി ആളെ തിരിച്ചറിഞ്ഞു കടത്തി വിടും. പാലം കടന്നു ടിബറ്റിൽ പ്രവേശിക്കുന്നിടത്തു ചൈനീസ് പട്ടാള ഉദ്യോഗസ്ഥർ കാവൽ നിൽക്കുന്നു. വാഗാബോർഡറിലും മറ്റും ഉള്ളത്ര –'സെറിമോണിയൽ'– അല്ലെങ്കിലും ഇവിടെയും ചെറിയ ചില 'പ്രകടനങ്ങൾ' കണ്ടു. ക്യാമറ പക്ഷേ പുറത്തെടുക്കരുതെന്നു ബസു പറഞ്ഞിരുന്നു.



സൗഹൃദപ്പാലം

അക്കരെയെത്തിയാൽ വീണ്ടും പരിശോധനകൾ. എയർപോർട്ടുകളിൽ പതിവുള്ളതു പോലെ ബാഗുകൾ എക്സ്റേയന്ത്രം വഴി കടത്തിവിട്ടു പരിശോധിച്ചു. ചിലരുടെ ഹാൻഡ്ബാഗുകൾ തുറന്നുനോക്കി. പാസ്സ്പോർട്ടിലെ ഫോട്ടോയും ആളും ഒന്നുതന്നെയെന്നു തിട്ടപ്പെടുത്തി. ഇവിടെയും ഞങ്ങൾ ക്രമനമ്പർപ്രകാരം കടന്നു പോയതിനാൽ പാസ്സ്പോർട്ടിലേയും ലിസ്റ്റിലേയും പേരുകൾ ഒത്തുനോക്കുന്നതിനു ചൈനീസ് ഉദ്യോഗസ്ഥർക്ക് എളുപ്പമായി. ഇന്ത്യക്കാരുടെ നീണ്ടപേരുകൾ അവർക്കു വായിച്ചെടുക്കാൻ പ്രയാസമായിരിക്കും. (എന്റെ പേര് പാസ്സ്പോർട്ടിൽ – 'മാടശ്ശേരി ഇല്ലം നീലകണ്ഠൻ നമ്പൂതിരി നാരായണൻ നമ്പൂതിരി' എന്നാണു രേഖപ്പെടുത്തിയിരിക്കുന്നത്. ലിൻ ചുങ് വാൻ എന്നോ മറ്റൊ ഉള്ള ചെറിയ ചൈനീസ് പേരിനെക്കാൾ എത്ര വികടം പിടിച്ച പേര് !). പാസ്സ്പോർട്ടും പ്രവേശനാനുമതിരേഖയും പരിശോധിച്ചതല്ലാതെ ഫിറ്റ്നെസ്സ് സെർട്ടിഫിക്കറ്റോ മറ്റു മെഡിക്കൽ രേഖകളോ അവർ ആവശ്യപ്പെടുകയുണ്ടായില്ല. ചോദിച്ചാൽ കൊടുക്കാൻ ഞങ്ങളിൽ മിയ്ക്കവരുടേയും കൈവശം അവ ഉണ്ടായിരുന്നു. ഒരു ദിവസം മുഴുവൻ ചെലവഴിച്ചാണ് ഞാൻ മെഡിക്കൽ പരിശോധനകൾ നടത്തി

സെർട്ടിഫിക്കറ്റ് കരസ്ഥമാക്കിയത്. അത് ആവശ്യമില്ലായിരുന്നു എന്ന് ഇപ്പോൾ തോന്നുന്നു. പക്ഷെ ഇവിടെ ഒരു അപകടം പതിയിരുപ്പുണ്ട്. അതിനെപ്പറ്റി പിന്നീടു പറയാം.

പരിശോധനകൾ ഒരു വിധം കഴിഞ്ഞു മറുവശത്തു പുറത്തിറങ്ങി. ഇവിടെ വച്ച് ഒരു ടിബറ്റൻ ഗൈഡ് ഞങ്ങളുടെ യാത്രയുടെ ചുമതലക്കാരനായി ചാർജെടുക്കുന്നു. ഒരു കാതിൽ കടുക്കനിട്ട ഒരു ഷെർപ. ലോപ്സാങ് എന്നാണ് അയാളുടെ പേര്. കൊച്ചുവാസുവും കൂട്ടരും ഞങ്ങളുടെ യാത്രയിൽ ഭക്ഷണം താമസം മറ്റു സുഖസൗകര്യങ്ങൾ എന്നിവയുടെ കാര്യം നോക്കുമ്പോൾ ഈ ടിബറ്റൻ ഗൈഡ് നിയമപരമായ കാര്യങ്ങൾ, പൊലീസ് ചെക്ക്പോസ്റ്റുകളിലെ കാര്യങ്ങൾ മുതലായവയുടെ ചുമതലക്കാരനാണ്. അര കിലോമീറ്ററോളം അകലെ ഒരു ചൈനീസ് ബസ്സ് ഞങ്ങളെക്കാത്തു കിടക്കുന്നുണ്ടെന്നു ലോപ്സാങ് അറിയിച്ചു. എല്ലാവരും നടന്നു ചെന്ന് ആ ബസ്സിൽ കയറി. അപ്പോൾ ഇന്ത്യൻ സമയം ഉച്ചക്കു 12 മണി. നേപ്പാളിൽ 12.15pm. പക്ഷേ ടിബറ്റിൽ ചൈനീസ് സമയമാകയാൽ ഉച്ചകഴിഞ്ഞു രണ്ടര മണിയായിരിക്കുന്നു. നേപ്പാളിലും ടിബറ്റിലും, ഭൂമിശാസ്ത്രപരമായ കിടപ്പു കണക്കാക്കിയാൽ, ഇന്ത്യയിലെ സമയം തന്നെയാണ്. ടിബറ്റിൽ കൃത്രിമമായി സമയം രണ്ടര മണിക്കൂർ മുന്നോട്ടാക്കി വച്ചിരിക്കുന്നതിന്റെ വിഷമം പിന്നീടുള്ള ദിവസങ്ങളിൽ ശരിക്കും ബോദ്ധ്യപ്പെട്ടു. രാത്രി ഒൻപതര മണിവരെയൊക്കെ നല്ല പകൽ വെളിച്ചം. രാവിലെ സൂര്യനുദിക്കാൻ എട്ട് എട്ടര മണിയാവുകയും വേണം. സാധാരണ വടക്കൻ യൂറോപ്പ്, അമേരിക്കയുടെ വടക്കൻ പ്രദേശങ്ങൾ എന്നിവിടങ്ങളിലൊക്കെ താമസിച്ച് സൂര്യനസ്തമിക്കുന്ന സമ്മർ സീസണിൽ നേരത്തെ ഉദിക്കുകയും നേരത്തെ അസ്തമിക്കുന്ന വിന്റർകാലങ്ങളിൽ താമസിച്ച് ഉദിക്കുകയും ചെയ്യുമല്ലോ. ഇവിടെ ഉദയവും അസ്തമനവും വളരെ താമസിച്ചാണ്.

എൺപത്തിരണ്ടര ഡിഗ്രി കിഴക്കെ രേഖാംശം വച്ചാണല്ലോ ഇന്ത്യൻ സ്റ്റാൻഡേർഡ് ടൈം ചിട്ടപ്പെടുത്തിയിരിക്കുന്നത്. കൈലാസമാനസസരോവര ദേശങ്ങളൊക്കെ എൺപത്തൊന്നോളം ഡിഗ്രി  കിഴക്കാണ്. അതായത് ഐഎസ്ടി യേക്കാൾ ഒട്ടും മുന്നിലാവേണ്ടതില്ല അവിടത്തെ സമയം. വേണമെങ്കിൽ ലേശം പിന്നിലാവുകയും ചെയ്യാം. പക്ഷേ ചൈനീസ് സമയമനുസരിച്ച് ഐഎസ്ടിയേക്കാൾ രണ്ടരമണിക്കൂർ മുന്നിലാണ് അവരുടെ ക്ലോക്ക് ഓടുന്നത്. ഏകദേശം 120 ഡിഗ്രി കിഴക്കേ രേഖാംശത്തിലുള്ള ബെയ്ജിംഗിലെ സമയമാണ് ചൈനയിലെവിടെയും ബാധകമെന്നുള്ളതിനാലാവാം, ഇപ്രകാരം വിചിത്രമായ സമയക്രമം. വാസ്തവത്തിൽ ചൈനയിൽ അഞ്ചു ടൈംസോണുകൾ ഉണ്ടായിരുന്നു. എന്നാൽ 1949 ൽ

ചൈന ഒരു കമ്യൂണിസ്റ്റ് റിപ്പബ്ലിക് ആയതിനുശേഷം ബെയ്ജിംഗ് ടൈം എല്ലായിടത്തും ബാധകമാക്കി. ഇതു ചൈനീസ് സ്റ്റാൻഡേർഡ് ടൈം (CST) എന്നറിയപ്പെടാനും തുടങ്ങി.

ഞങ്ങൾ കയറിയ ബസ്സ് സാവധാനം മല കയറാൻ തുടങ്ങി. ഈ 'ഫ്രണ്ട്ഷിപ് ഹൈവേ'യിൽ ഇടക്കൊക്കെ പൊലീസ് ചെക്ക്പോസ്റ്റുകൾ കടന്നു പോകണമായിരുന്നു. ഒരു ചെക്ക്പോസ്റ്റിനടുത്തു കുറെ സമയം കാത്തുനിൽക്കേണ്ടതായി വന്നു. വാഹനത്തിന്റെ ട്രാവൽ പെർമിറ്റ് ശരിയാവാൻ താമസം നേരിട്ടതാണത്രേ ഇതിനു കാരണം. അഞ്ചെട്ടു കി.മീ. കയറിക്കഴിഞ്ഞപ്പോൾ മലഞ്ചെരുവിൽ സാങ്മൂ എന്ന കൊച്ചു പട്ടണം. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം ഇപ്പോൾ– 7500 അടിയായിരിക്കുന്നു. സാങ്മൂ കടന്നു വീണ്ടും ഹെയർപിൻ വളവുകൾ താണ്ടി കുത്തനെ കയറ്റം. വളരെ ഉയരത്തിൽ ടിബറ്റൻ പീഠഭൂമിയിലൂടെയുള്ള യാത്ര. കോസിനദി കൂടെത്തന്നെയുണ്ട്. വെള്ളിമേഘക്കൂട്ടങ്ങൾ ഇപ്പോൾ ഞങ്ങളെക്കാൾ താഴെയായിരിക്കുന്നു. പിന്നീടു കുറെദൂരം കൂടി ഓടി ഞാലം എന്ന ടൗണിലെത്തി. സാങ്മൂവിൽനിന്നു മുപ്പതോളം കി.മീ. ദൂരത്തിൽ സമുദ്രനിരപ്പിൽനിന്നു 3750 മീറ്റർ (12300 അടി ) ഉയരത്തിൽ മലഞ്ചെരുവിലാണ് ഈ ചെറിയ പട്ടണം സ്ഥിതിചെയ്യുന്നത്. താഴെ അഗാധഗർത്തത്തിൽക്കൂടി കോസി (bhote khosi) ഒഴുകുന്നു. ഇവിടെയാണു ടിബറ്റിൽ ഞങ്ങളുടെ ആദ്യ ക്യാമ്പ്.

ഹോട്ടൽ ഷീഷാപാങ്മായിൽ ചെക്കിൻ ചെയ്തപ്പോൾ സമയം വൈകിട്ട് ഏഴുമണി. പർവ്വതാരോഹകർക്കു പ്രിയപ്പെട്ട ഷീഷാപാങ്മാ പർവ്വതത്തിന്റെ പേരാണ് ഈ ഹോട്ടലിന്. താഴെ നേപ്പാളിൽനിന്നു വരുന്ന പർവ്വതാരോഹകർ ഈ ടൗണിൽ ഒരു ദിവസം തങ്ങി കാലാവസ്ഥയുമായി പൊരുത്തപ്പെട്ടിട്ടാണു മലകയറാൻ പോകുന്നത്. എണ്ണായിരം മീറ്ററിൽ കൂടുതൽ (26000 അടി) ഉയരമുള്ള പർവ്വതഭീമന്മാരെ ഇംഗ്ലീഷിൽ eight thousanders എന്നു പേരിട്ടു വിളിക്കുന്നു. അങ്ങനെയുള്ളവരുടെ ഗണത്തിൽ പതിനാലാം സ്ഥാനക്കാരനാണത്രേ കുട്ടിഭീമനായ ഷീഷാപാങ്മാ. ഇനി ഇവിടെനിന്നുള്ള ഞങ്ങളുടെ യാത്രയിൽ ഷീഷാപാങ്മാ, ഗൗരീശങ്കർ മുതലായ പർവ്വതനിരകൾ കാണാനാകും.

ശക്തിയായ തണുപ്പും നല്ല കാറ്റും. ഹോട്ടലിന്റെ രണ്ടാം നിലയിൽ അഞ്ചു ബെഡ്ഡുള്ള ഒരു മുറിയിൽ ഞാനും കുട്ടനും ഇന്ദിരേടത്തിയും രാധോപ്പോളും പൈങ്ങോട്ടു വിജയനും ചെക്കിൻ ചെയ്തു. ഞങ്ങളുടെ സംഘത്തിലുള്ളവർക്കെല്ലാം മുറികൾ അലോട്ടു ചെയ്തുകഴിഞ്ഞപ്പോൾ യോഗിമാർക്ക് ഈ നിലയിൽ മുറിയില്ല. താഴത്തെ നിലയിൽ, മഴ പെയ്താൽ വെള്ളം അടിച്ചുകയറുന്ന ഒരു മുറിയിൽ അവർ ഒതുങ്ങിക്കൂടി. ഓരോഗ്ലാസ്സ് ചായ എല്ലാവർക്കും കിട്ടി.

കുറെ കഴിഞ്ഞപ്പോൾ ഓരോ കപ്പ തക്കാളിസൂപ്പും. പിന്നെ പത്തുമണിക്ക്– അപ്പോൾ സൂര്യന സ്തമിച്ചിട്ട് അല്പസമയമേ ആയിട്ടുള്ളൂ– അത്താഴം. പതിനൊന്നു മണിക്കു കിടന്നു.

ഹോട്ടലിലെ ടോയിലെറ്റുകൾ വൃത്തിഹീനങ്ങളും എണ്ണത്തിൽ പരിമിതങ്ങളുമാണ്. ചില ത് വാതിൽ ഇല്ലാത്തവ. മറ്റു ചിലതിൽ ലൈറ്റില്ല. വെള്ളം ഉണ്ടെങ്കിലും പലരും ഉപയോഗശേ ഷം ക്ലോസ്സറ്റിൽ വെള്ളമൊഴിക്കാതെ വൃത്തികേടാക്കിയിട്ടിരിക്കുന്നു. അറുപതോ അതിലധിക മോ കിടക്കകൾവീതം ഈ കെട്ടിടത്തിന്റെ ഓരോ നിലയിലുമുള്ളപ്പോൾ കക്കൂസ് മുറികൾ ഒരു നിലയിൽ ആകെ മൂന്നെണ്ണം മാത്രം. വെള്ളത്തിന്റെ തണുപ്പുമൂലം ടോയിലെറ്റ് പേപ്പറാണ് ഉപയോഗയോഗ്യം. ഇത്രയെങ്കിലും സൗകര്യമുള്ള ടോയിലെറ്റുകൾ കണികാണാൻ ഇനി കൈ ലാസയാത്ര കഴിഞ്ഞ് ഇവിടെത്തന്നെയെത്തണമെന്ന് അപ്പൊഴുണ്ടോ അറിയുന്നു ! ഇവിടെ കുളിമുറി എന്നൊരെണ്ണം ഇല്ല. അതിന്റെ ആവശ്യമില്ലെന്നും ഈ കാലാവസ്ഥയിൽ ആരും കുളിക്കാറില്ലെന്നും പിന്നീടു ബോദ്ധ്യമായി.

യോഗിമാർ മൂവർ ഉൾപ്പെടെ ഞങ്ങളുടെ സംഘത്തിൽ– 27 പേരുണ്ട്. മറ്റൊരു ബസ്സി ൽ വിജയവാഡയിൽ നിന്നുള്ള ഉമാശങ്കർ എന്നൊരാളുടെ കീഴിൽ– 33 പേരുള്ള ഒരു സംഘ വും ടച്ച്കൈലാസ്സ് കമ്പനിയുടെ യാത്രക്കാരായി കൂടെയുണ്ട്. ഈ രണ്ടു സംഘത്തിനുമായി കൊച്ചുവാസുവിന്റെ നേതൃത്വത്തിൽ ജനക്, ലക്ഷ്മൺ, ഗോകുൽ, ലാൽബഹാദൂർ എന്നീ നേപ്പാ ളികളുൾപ്പെടുന്ന പരിചാരകവൃന്ദവുമുണ്ട്. ഇവരാണ് ഓരോ ക്യാമ്പിലും ഞങ്ങൾക്കുള്ള ഭക്ഷണം പാകം ചെയ്യുന്നതും വിതരണം ചെയ്യുന്നതും ഞങ്ങളുടെ പെട്ടികൾ ഒരു ക്യാമ്പിൽ നിന്ന് അടു ത്ത ക്യാമ്പിലേക്കു കൊണ്ടുപോകുവാൻ വാഹനത്തിൽ കയറ്റുന്നതും ഇറക്കുന്നതും മറ്റും മറ്റും. നിയമപരമായ കാര്യങ്ങൾക്കായി ടിബറ്റൻ ഷെർപയായ ലോപ്സാങ്ങും കൂടെയുണ്ട്. രണ്ടു ബസ്സുകൾ കൂടാതെ ഒരു ട്രക്കും ഒരു ചെറിയ വാനും അടങ്ങിയതാണു ഞങ്ങളുടെ യാത്രാസം ഘം. യാത്രക്കാരുടെ വലിയ ബാഗുകൾ പാചകത്തിനുള്ള പാത്രങ്ങൾ സ്റ്റൗകൾ ഗ്യാസ് സിലി ൻഡറുകൾ അരി ഗോതമ്പ് മുതലായവ ട്രക്കിൽ കയറ്റും. ചെറിയ വാനിൽ പരിചാരകസംഘം കയറും. ഓരോ ചെറിയ ബാക്ക്പാക്കിൽ അത്യാവശ്യ സാധങ്ങൾ യാത്രക്കാർ കയ്യിൽ കരു തും. ഇതാണു യാത്രയിലെ രീതി.

ഉയരം ട്രീലൈനിനു മുകളിലായതും അന്തരീക്ഷത്തിൽ ഓക്സിജന്റെ അളവു കുറവായതും വലിയ പ്രതികരണമൊന്നും മിക്കവരുടേയും ശരീരത്തിൽ ഉണ്ടാക്കിയില്ല. എന്നാൽ ഞങ്ങളു ടെ സംഘത്തിൽപ്പെട്ട ശ്രീനിവാസന് രാത്രി വല്ലാത്ത സംഭ്രമവും മറ്റും ഉണ്ടായെന്നും ഡോക്ടർ

രഞ്ജിത്തും മറ്റും സഹായത്തിനെത്തിയെന്നും പിറ്റേന്നാണു ഞാൻ അറിഞ്ഞത്. ഏറ്റുമാനൂർ ക്കാരനായ ശ്രീനി റെവെന്യൂ വകുപ്പിൽ ഉദ്യോഗസ്ഥനാണ്.

ഞങ്ങളും അക്ലമറ്റൈസേഷനുവേണ്ടി നാളെക്കൂടി ഇവിടെത്തന്നെ താമസിക്കുന്നു.

## നാലാം ദിവസം: ഞാലത്ത് ഒരു ദിവസം

എട്ടരമണിയെങ്കിലുമായാലെ പകൽവെളിച്ചം പരക്കൂ. പല്ലുതേയ്ക്കാൻ ഓരോ കുപ്പി ചൂടു വെള്ളം കിട്ടി. എല്ലാവരും പല്ലു തേച്ചതല്ലാതെ ആരും കുളിച്ചില്ല. ഒൻപതുമണിക്ക് ഓരോ കപ്പു ചായ വിതരണം ചെയ്തു. പിന്നെ പത്തുമണിക്കു പ്രഭാതഭക്ഷണവും.



ഞാലത്തെ പ്രഭാതം

ഹോട്ടലിനു പിന്നിൽ ഒരു ചെറിയ കുന്നുണ്ട്. ആയിരം അടിയോളം ഉയരമുണ്ടെന്ന് ആരോ പറയുന്നതു കേട്ടു. കാഴ്ചയിൽ എനിക്ക് അത്രയ്ക്കു തോന്നിയില്ല. കൈലാസയാത്രയ്ക്കു മുമ്പു

ശാരീരികക്ഷമത പരിശോധിക്കുവാൻ ഈ കുന്നിനു മുകളിൽ നടന്നുകയറുക ഈയാത്രയിലെ ഒരു സ്ഥിരം പരിപാടിയാണ്. ഞങ്ങളുടെ സംഘത്തിലുള്ള ഒട്ടുമിക്കപേരും കുന്നിനുമുകളിൽ അധികം ആയാസപ്പെടാതെതന്നെ കയറി. ഡോ. നങ്ങേലി വിജയനുൾപ്പെടെ ചുരുക്കം ചിലർ മാത്രം കയറാൻ ശ്രമിച്ചില്ല.




ശാരീരികക്ഷമത പരീക്ഷിക്കപ്പെടുന്നു

കുന്നിന്റെ ഏറ്റവുംമുകളിൽ എത്തുന്നതിന് അല്പം താഴെയായി ഒരു വലിയ പാറയുണ്ട്. ആ പാറപ്പുറത്ത് നാലഞ്ചുപേർ കയറി നിൽക്കുന്നു. ഒരു വീഡിയോ ഫിലിമിന്റെ ഷൂട്ടിംഗ് നടക്കുകയാണവിടെ. കൈലാസയാത്രയെപ്പറ്റി ഒരാൾ സംസാരിക്കുന്നു, മറ്റൊരാൾ അതു ക്യാമറയിൽ പകർത്തുന്നു. ഏതെങ്കിലും ടിവി ചാനലുകൾക്കു വേണ്ടിയായിരിക്കാം. അവർ താഴെയിറങ്ങിയപ്പോൾ ഞാനും ആ പാറപ്പുറത്തൊന്നു കയറി. പിന്നെ കുന്നിറങ്ങി താഴേക്കു പോന്നു. മുഴുവൻ ഉയരവും കയറാൻ വയ്യായ്കയൊന്നും തോന്നിയിട്ടല്ല, കയറാൻ പറ്റുമെന്നു

ബോദ്ധ്യം വന്നപ്പോൾ തിരിച്ചിറങ്ങിയെന്നു മാത്രം. മൂത്രശങ്ക തോന്നിയതും തിരിച്ചിറങ്ങാൻ ഒരു കാരണമായി. താഴെനിന്നു നോക്കിയാൽ ഏറ്റവും മുകളിലാണെന്നു തോന്നുന്നിടം വരെ കയറിയവർക്കു മുന്നിൽ വീണ്ടും രണ്ടുമൂന്നു മലമടക്കുകൾ കൂടി. അവർ അതും കയറി. മറ്റൊരു വഴി തിരിച്ചിറങ്ങുകയുംചെയ്തു.



പാറപ്പുറത്തൊരു പടംപിടുത്തം

ഇന്നു നല്ല തെളിഞ്ഞ കാലാവസ്ഥയാണ്.

ഉച്ചഭക്ഷണം തണ്ടൂരിറൊട്ടിയും മധുരക്കഞ്ഞിയും. ഹോട്ടൽ കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ഒരു കടയുണ്ട്. ഒരു ടിബറ്റൻ യുവതിയാണ് അതു നടത്തുന്നത്. കൈലാസയാത്രക്കാവശ്യമായ പല സാധനങ്ങളും അവിടെ വാങ്ങാൻ കിട്ടും. ചൈനീസ് യുവാനോ, ഒരു യുവാന പത്തുരൂപ എന്ന കണക്കിൽ ഇന്ത്യൻ രൂപയോ കൊടുത്താൽ മതി. 120 ഇന്ത്യൻ രൂപ (ഐസി) കൊടുത്താൽ ഒരു ചെറിയ സിലിൻഡർ ഓക്സിജൻ കിട്ടും. പരിക്രമണപാതയിൽ ശ്വാസതടസ്സം അനുഭവപ്പെട്ടാൽ അത് ഉപകാരപ്രദമാവും. എല്ലാവരും ഓരോ സിലിൻഡർ വാങ്ങി. കൈലാസയാത്ര കഴിഞ്ഞു തിരിച്ചുവരുമ്പോൾ ഉപയോഗിക്കാതെ തിരിച്ചുകൊടുത്താൽ

90 രൂപ മടക്കിത്തരും. ഈ കടയിൽനിന്ന് നാട്ടിലേക്ക് ടെലഫോൺ ചെയ്യാനുള്ള സൗകര്യവുമുണ്ട്. ചാർജ് മിനിട്ടിന് പത്ത് ഇന്ത്യൻ രൂപ.

അത്താഴത്തിനുമുമ്പ് ഞങ്ങളുടെ സംഘത്തിൽ പെട്ടവർ ഒരിടത്ത് ഒത്തുകൂടി. കൊച്ചുബസുവും സുഭാഷും നാളത്തെയും മറ്റന്നാളത്തെയും യാത്രയിൽ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെപ്പറ്റി സംസാരിച്ചു.

## അഞ്ചാം ദിവസം: തരുസീമ കടന്ന്

ഇന്നു കർക്കടകം ഒന്നാം തീയതി. കേരളത്തിൽ ദക്ഷിണായനം തുടങ്ങുകയായി. ഭൂമിയുടെ മട്ടുപ്പാവിൽ, ഇവിടെ ടിബറ്റിൽ, ഞങ്ങൾ ഞങ്ങളുടെ ഉത്തരായനം തുടരുന്നു. കൈലാസ ദർശനപുണ്യം തേടി വടക്കോട്ടുള്ള യാത്ര.

രാവിലെ പല്ലുതേപ്പും പ്രഭാതഭക്ഷണവും കഴിഞ്ഞ് ഒൻപതരക്കു പുറപ്പെട്ടു. പുതുതായി ടാറു ചെയ്ത വളരെ നല്ല റോഡ്. ഞങ്ങളുടെ എ.സി. ബസ്സ് നല്ല വേഗത്തിൽ ഓടി. ഈ സെക്ടറിലെ ഏറ്റവും ഉയരം കൂടിയ പോയിന്റായ ടോങ് ലാ പാസ്സ്– 5120 മീറ്റർ–( ലാ എന്നാൽ പാസ്സ് ആണ് അതിനാൽ ടോങ് പാസ്സ് എന്നു മതിയാകും) എത്തിയപ്പോൾ വാഹനം നിർത്തി എല്ലാവരും പുറത്തിറങ്ങി. പത്തു മിനിറ്റോളം പ്രകൃതിഭംഗി ആസ്വദിച്ചു. ഇത്തരം സ്റ്റോപ്പുകളിൽ പതിവുള്ളതു പോലെ ആണുങ്ങൾ എല്ലാവരും മൂത്രമൊഴിക്കാൻ ഈ സന്ദർഭം പ്രയോജനപ്പെടുത്തി. സ്ത്രീകൾക്കുള്ള സൗകര്യങ്ങൾ ഇവിടെയില്ല. (പിന്നീടുള്ള ദിവസങ്ങളിൽ ആൺ പെൺ വ്യത്യാസമില്ലാതെ എവിടെയും കാര്യംസാധിക്കാൻ എല്ലാവരും പഠിച്ചു. ദേഹാഭിമാനം പോവുക എന്നത് ഈശ്വരസാക്ഷാൽക്കാരത്തിന് ഒഴിച്ചുകൂടാനാവാത്തതാണല്ലോ. കൈലാസ യാത്രയുടെ ലക്ഷ്യവും മറ്റൊന്നല്ല)

ടോങ്‌ലായിൽ നിന്നു റോഡ് സാവധാനം കുന്നിറങ്ങാൻ തുടങ്ങി. വളഞ്ഞു തിരിഞ്ഞു താഴോട്ടിറങ്ങുന്ന പാത താഴെയെത്തിയാൽ അടുത്ത മല കയറുകയായി. ഞങ്ങൾക്കു മുന്നിൽ കിലോമീറ്ററുകളോളം ദൂരെവരെ പച്ചക്കാർപ്പറ്റിനു നടുവിൽ കറുത്തനിറമുള്ള ഒരു മലമ്പാമ്പ് നീണ്ടു നിവർന്നു കിടക്കുന്നതു പോലെ പാത. കൈലാസനാഥന്റെ കണ്ഠാഭരണങ്ങളിലൊന്ന് തൃക്കഴുത്തിൽനിന്ന് ഇഴഞ്ഞിറങ്ങി ഞങ്ങൾക്കു വഴിയൊരുക്കി ശാഡ്വലശൂന്യമായ ഈ മലഞ്ചെരു

വിൽ വന്നു കിടക്കുന്നുവോ? കഴിഞ്ഞ ദിവസങ്ങളിൽ അല്പം മഴയുണ്ടായതുകൊണ്ടാണ് കാർപ്പറ്റു വിരിച്ചപോലെ എങ്ങും പച്ചപ്പുല്ലുകൾ പടർന്നിരിക്കുന്നത്. ഒരടിപോലും ഉയരമുള്ള ചെടികൾ ഇല്ല. മൂന്നോ നാലോ മാസങ്ങൾക്കകം വന്നണയുന്ന ഹേമന്തത്തിൽ ഈ ഹരിതാഭ അപ്രത്യക്ഷമാവുംമുമ്പ് അതിനെ തിന്നുതീർക്കാനെന്നപോലെ ചെമ്മരിയാടുകളും യാക്കുകളും മേഞ്ഞു



ടോങ് ലാ പാസ്സ്

നടക്കുന്നതു കാണാം. കുന്നിൻ മുകളിലെല്ലാം കറുത്തതോ തവിട്ടു നിറത്തിലുള്ളതോ ചെമ്മണ്ണിന്റെ നിറമാർന്നതോ ആയ പാറകൾ മാത്രം. അവയാകട്ടെ വിവിധ രൂപത്തിൽ, വിചിത്രഭാവങ്ങളിൽ. വിശ്വശില്പി തന്റെ കരവിരുതു കാട്ടാൻ കൊത്തിവച്ച ശിലാശില്പങ്ങൾ. ഭയപ്പെടുത്തുന്നവ, അത്ഭുതപ്പെടുത്തുന്നവ. വ്യോമം ലംഘിച്ചുനിൽക്കുന്ന പർവ്വതശിഖരങ്ങളാകട്ടെ മഞ്ഞിന്റെ മേലാപ്പണിഞ്ഞ് തണുത്തുവിറച്ചു നിൽക്കുന്നു. പച്ചപ്പിന്റെ ഈ കാഴ്ച ഏതാനും നാളത്തേക്കേ ഉണ്ടാവുകയുള്ളൂ. വിന്റർ കനത്താൽ എല്ലാം കരിഞ്ഞു പോവും. ചിലയിടങ്ങളിൽ പച്ചപ്പരവതാനിക്കു പകരം മരുഭൂമിയിലെപ്പോലെ കാറ്റിൽ അനുനിമിഷം രൂപഭാവങ്ങൾ മാറ്റുന്ന മണൽക്കൂനകൾ. ഇത്രയെങ്കിലും ഹരിതനിറമുള്ളത് ശ്വാസവായുവിൽ ഓക്സിജന്റെ അളവു കൂട്ടാൻ

സഹായകമായിരിക്കുന്നു എന്ന് ഡോ. രഞ്ജിത്ത് ഓർമ്മിപ്പിച്ചു. ഇത്ര ഉയരത്തിൽ എത്തിയിട്ടും ആർക്കും ശ്വാസതടസ്സമൊന്നും ഉള്ളതായിത്തോന്നിയില്ല. കുട്ടന്റെ സുഹൃത്തായ ഡോ. വിനായക് ജോഷി പറഞ്ഞുതന്ന പ്രാണായാമമുറകൾ കുറച്ചു നാളുകളായി ചിലരൊക്കെയെങ്കിലും ചെയ്യുന്നുണ്ടായിരുന്നു. അതും പ്രയോജനപ്പെട്ടിരിക്കാം.

കൈലാസയാത്ര പുറപ്പെടുന്നതിനു രണ്ടുമാസം മുമ്പ് എറണാകുളം സരോവരം ഹോട്ടലിൽ യാത്രയിൽ പങ്കെടുക്കാനുദ്ദേശിക്കുന്നവരുടെ ഒരു യോഗം ചേരുകയുണ്ടായി. യോഗിമാർ വിളിച്ചുചേർത്ത ഈ യോഗത്തിൽ വച്ച് പ്രാണായാമമുറകളുടെ സി.ഡി പ്രദർശിപ്പിച്ചിരുന്നു. കൂടാതെ ആ യോഗത്തിൽ, ഇതിനുമുമ്പു കൈലാസം സന്ദർശിച്ചിട്ടുള്ള ചിലരൊക്കെ തങ്ങളുടെ അനുഭവം പങ്കുവയ്ക്കുകയുണ്ടായി. കോളേജദ്ധ്യാപകനും ഭാഷാ പണ്ഡിതനുമായ ശ്രീ. വിശ്വനാഥൻ നമ്പൂതിരി കാളിദാസന്റെ വരികൾ ഉദ്ധരിച്ചു കൈലാസത്തെ വർണ്ണിക്കുകയും ഒരു ഉല്ലാസയാത്രയെന്നോണം കൈലാസം സന്ദർശിച്ച് ഹിമാലയത്തെ ആസ്വദിച്ചു മടങ്ങിവരാനായി ആശംസകൾ നേരുകയും ചെയ്തു. ഭാഗവതാചാര്യനും മഹാഭക്തനും എന്റെ ബന്ധുവുമായ ശ്രീ ഹോരക്കാട്ടു ഗോവിന്ദൻ നമ്പൂതിരിയാകട്ടെ കൈലാസയാത്രയെ ഒരിക്കലും ഒരു വിനോദയാത്രയായി കാണരുതെന്നും തികച്ചും ആത്മീയമായ കാഴ്ചപ്പാടോടുകൂടി വേണം യാത്ര പുറപ്പെടാനെന്നും ഉപദേശിച്ചു. കൈലാസത്തിന്റെ തൊട്ടടുത്തുചെന്ന് ആ ശൈലാധിനാഥന്റെ പാദങ്ങൾ തൊട്ടുവന്ദിക്കാൻ ഭാഗ്യം സിദ്ധിച്ചയാളും യോഗിമാരുടെ സുഹൃത്തുമായ ശംഭു നമ്പൂതിരി ആ യാത്രയുടെ വീഡിയോദൃശ്യങ്ങൾ പ്രദർശിപ്പിച്ചു.

ബസ്സ് നല്ല വേഗത്തിൽ ഓടിക്കൊണ്ടിരുന്നു. കുറെദൂരം കൂടി പിന്നിട്ടു കഴിഞ്ഞപ്പോൾ വലതു ഭാഗത്തു വലിയൊരു ജലാശയം കണ്ടു. ഇതു പെയ്കു സോ എന്ന പ്രസിദ്ധമായ തടാകമാണ്. ഷീഷാപാങ്മാ പർവ്വതത്തിന്റെ താഴ്വാരത്തുള്ള ഈ തടാകം ഏകദേശം മാനസസരോവരത്തോളം വിസ്താരമുള്ളതാണ്. എന്നാൽ ഇതൊരു ശുദ്ധജലത്തടാകമല്ലെന്നൊരു ഭേദമുണ്ട്.

പണ്ട് ഈ തടാകത്തിൽനിന്നു ബ്രഹ്മപുത്രനദിയിലേക്ക് വെള്ളം ഒഴുകിയിരുന്നുവത്രേ. അതു പക്ഷേ നൂറ്റാണ്ടുകൾക്കു മുമ്പായിരുന്നു. തടാകത്തിൽ ഇപ്പോഴുള്ള ജലനിരപ്പിൽനിന്ന് ഏകദേശം നൂറുമീറ്റർ കൂടി ഉയർന്നാലേ നദിയിലേക്കുള്ള ഒഴുക്കു സാദ്ധ്യമാവൂ. ടിബറ്റൻ പീഠഭൂമിയിൽ വലുതും ചെറുതുമായി അക്ഷരാർത്ഥത്തിൽ ആയിരക്കണക്കിനു തടാകങ്ങളുണ്ട്. ചിലതു ശുദ്ധജലമുള്ളതും ചിലത് ഉപ്പുരസം കലർന്നതും. ജലനിർഗ്ഗമനമാർഗ്ഗങ്ങൾ ഇല്ലാത്ത തടാകങ്ങളിലെ ജലം കാലാന്തരത്തിൽ ലവണജലമായിത്തീരുമല്ലോ. ഇവയിലേക്ക് ഒഴുകി

യെത്തുന്ന ജലത്തിൽ സ്വാഭാവികമായും മണ്ണിലുള്ള ലവണരസം ചെറിയതോതിൽ കലർന്നിരിക്കും. ഇവയിൽനിന്നു നീരാവിയായി നഷ്ടപ്പെടുന്ന ജലമാകട്ടെ ഉപ്പുരസത്തെ കൊണ്ടുപോവുകയുമില്ല. ഫലം, സഹസ്രാബ്ദങ്ങൾകൊണ്ട് ഇവയിലെ ജലം ഉപ്പുവെള്ളമായി ത്തീരുന്നു. അവിശ്വസനീയമായി തോന്നാമെങ്കിലും ഈ പീഠഭൂമി ദശലക്ഷാബ്ദങ്ങൾക്കപ്പുറം മഹാസമുദ്ര



പെയ്ക്കുസോയിൽ ആകാശത്തിന്റെ പ്രതിബിംബം

ത്തിന്റെ ഭാഗമായിരുന്നുവത്രേ. ഇന്ത്യൻ ഉപഭൂഘണ്ഡം ആഫ്രിക്കൻ വൻകരയിൽനിന്നു വേർപെട്ട് ഇന്ത്യൻ മഹാസമുദ്രത്തിൽക്കൂടി വടക്കോട്ടു സഞ്ചരിച്ച് അൻപതു ദശലക്ഷത്തോളം കൊല്ലങ്ങൾക്കു മുമ്പ് ഏഷ്യാവൻകരയുടെ തെക്കുഭാഗത്തു വന്ന് ഇടിച്ചുകയറിയപ്പോൾ (continental drift) ഉയർന്നുവന്ന ഭൂവിഭാഗമാണു ടിബറ്റൻ പീഠഭൂമിയും ഹിമാലയവും എന്നാണു ഭൗമശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നത്. (ഒരു വർഷത്തിൽ 20 സെന്റീമീറ്റർ എന്ന വേഗത്തിൽ ആണത്രേ ഇന്ത്യാ വൻകര സമുദ്രത്തിലൂടെ 'പാഞ്ഞു'പോയത്). സമുദ്രത്തിൽ മാത്രം കാണപ്പെടുന്ന ചില ജീവികളുടെ ഫോസിലുകൾ ഹിമാലയൻ പ്രദേശത്തുനിന്നു കണ്ടെടുക്കപ്പെട്ടത് ഇതുമൂലമാണെന്ന് അവർ സമർത്ഥിക്കുന്നു. ലോകത്തിലെ മറ്റു പല പർവ്വത

നിരകളേയും അപേക്ഷിച്ച ഹിമാലയൻ കുന്നുകളിൽ മണ്ണിടിച്ചിൽ വളരെ കൂടുതലായിരിക്കുന്നത് അവയുടെ താരതമ്യേനയുള്ള പ്രായക്കുറവിനെ കാണിക്കുന്നുവെന്നും ശാസ്ത്രജ്ഞന്മാർ പറയുന്നു. ഉത്തരാഖണ്ഡ് മുതലായ ഇന്ത്യൻ സംസ്ഥാനങ്ങളിൽ എല്ലാ വർഷവുമുണ്ടാവുന്ന മണ്ണൊലിപ്പ് ഇതിനുദാഹരണമാണ്.

അക്കഥ എങ്ങിനെയിരുന്നാലും വിനോദസഞ്ചാരികൾക്ക് പ്രിയങ്കരങ്ങളായ സങ്കേതങ്ങളാണ് ടിബറ്റൻ പീഠഭൂമിയിലെ ചേതോഹരങ്ങളായ ഈ സരസ്സുകളിൽ പലതും. എന്നാൽ ഹൈവേകളിൽ നിന്ന് അകലെയുള്ള ഉൾനാടൻ തടാകങ്ങളിൽ മിക്കവയും ചൈനീസ്ഗവൺമെന്റിന്റെ വിലക്കുമൂലം വിദേശികളായ സഞ്ചാരികൾക്ക് അപ്രാപ്യങ്ങളത്രേ.

രണ്ടുമൂന്നു മണിക്കൂർകൂടി ഓടിക്കഴിഞ്ഞപ്പോൾ ടാർ ചെയ്ത റോഡ് അവസാനിച്ചു. പിന്നെ ഏകദേശം അറുപതോളം കി.മീ. ദൂരം പൊടി പറത്തുന്ന വെട്ടുവഴി. രണ്ടുവർഷം മുമ്പു വരെ ടിബറ്റൻ അതിർത്തി മുതൽ കൈലാസം വരെ ഇത്തരം പൊടി റോഡായിരുന്നുവത്രേ. അന്നു യാത്രക്കാർ ചെറിയ ലാൻഡ്ക്രൂയിസർ വാഹനത്തിലായിരുന്നു സഞ്ചരിച്ചിരുന്നത്. വാഹനത്തിനുള്ളിൽ അസഹ്യമായ ചൂടും പുറത്തു മരവിപ്പിക്കുന്ന തണുപ്പും. പൊടി പേടിച്ച ജനലുകൾ



ഉച്ചഭക്ഷണം

തുറക്കുകയില്ല. യാത്രക്കാർ വളരെ ബുദ്ധിമുട്ടിയിരുന്നു എന്ന് അഞ്ചു വർഷങ്ങൾക്കു മുമ്പു കൈ

ലാസം സന്ദർശിച്ച എന്റെ സുഹൃത്ത് മാത്യു പറയുകയുണ്ടായി. കൈലാസവിശേഷങ്ങളറിയാൻ മൂന്നുനാലു മാസങ്ങൾക്കു മുമ്പു യോഗിമാരും ഞാനും കൂടി മാത്യുവിനെ വീട്ടിൽ പോയി കാണുകയുണ്ടായി.

yarlung tsangpo എന്നു ടിബറ്റൻഭാഷയിൽ വിളികൊണ്ട ബ്രഹ്മപുത്രനദി കടന്നാൽ സാഗ എന്ന മിലിട്ടറി ടൗണായി. പാലത്തിൽ കയറുന്നതിന് അല്പം മുമ്പ് ഒഴിഞ്ഞ ഒരിടത്തു നിർത്തി എല്ലാവർക്കും ലഞ്ച് വിതരണം ചെയ്തു. റോട്ടിയും ചോറും സബ്ജികളും തൈരും കുടിക്കാൻ ഫ്രൂട്ടിയും. തലേദിവസം ക്യാമ്പു ചെയ്യുന്ന സ്ഥലത്തുനിന്നു ഭക്ഷണം പാകം ചെയ്തു ബസ്സുകളെ അകമ്പടിസേവിക്കുന്ന ട്രക്കിൽ കയറ്റിയിരിക്കും. ഞങ്ങൾ 27 പേർക്കും തെലുഗുകാർ 33 പേർക്കും ഒരുമിച്ചാണു വഴിയിലുള്ള ഭക്ഷണങ്ങൾ വിളമ്പുന്നത്. തെലുഗുകാരുടെ നേതാവ് ഉമാശങ്കർ എന്നയാൾ വർഷങ്ങളായി ധാരാളം തീർത്ഥാടകരെ കൈലാസത്തിലേക്കു കൊണ്ടു വരുന്നയാളാണ്. സ്വാഭാവികമായും അയാളുടെ ടീമിലുള്ളവരോടു കൊച്ചുവാസുവിനും കൂട്ടർക്കും ഒരുപ്രത്യേക മമത കാണുന്നുണ്ട്. ഏതുകാര്യത്തിലും അവർക്കു മുൻഗണന കിട്ടുന്നില്ലേ എന്നൊരു തോന്നലുണ്ടു ഞങ്ങൾക്ക്.

ഇത്രയും ദൂരം മോശമായ വഴിയിലൂടെ ഓടിയിട്ടാണോ എന്നറിയില്ല ബസ്സുകളിലൊന്നിന് എന്തോ തകരാറ്. നന്നാക്കണമെങ്കിൽ സാഗയിൽ പോയി സ്പെയർപാർട്സ് വാങ്ങിക്കൊണ്ടു വരണം. ചെറിയ വാഹനങ്ങളിലൊന്ന് അതിനായി അങ്ങോട്ടു പോയി. അതു തിരിച്ചുവരുന്നതുവരെ ഞങ്ങൾ കാത്തിരുന്നു. അതിനുശേഷം ബ്രഹ്മപുത്ര കടന്ന് സാഗ ടൗണിൽ പ്രവേശിച്ചു. ഇവിടെ വാഹനത്തിന്റെ കേടു തീർക്കുവാനും ഇന്ധനം നിറയ്ക്കുവാനുമായി ഏകദേശം രണ്ടുമണിക്കൂറോളം പിന്നെയും താമസം നേരിട്ടു. അഞ്ചുമണിയായി സാഗയിൽ നിന്നു പുറപ്പെട്ടപ്പോൾ. കുറച്ചുദൂരം ഓടിക്കഴിഞ്ഞ് വഴിയരികിൽ ഒരു ചെറിയ ഗ്രാമത്തിൽ ബസ്സ് നിർത്തി. ഡ്രൈവർ കോംപുവിന്റെ വീട് ഇവിടെയാണെന്നു തോന്നുന്നു. ഒരു വീട്ടിൽ കുട്ടികളും മറ്റും സന്തോഷത്തോടെ കോംപുവിനെ വളയുന്നു.

വീണ്ടും യാത്ര. വിജനമായ ഭൂപ്രദേശം. മനോഹരമായ ഭൂപ്രകൃതി. വൃക്ഷങ്ങൾ ഇല്ലെന്ന ഒരു കുറവുമാത്രം. ദൂരെക്കാണുന്ന ഉന്നതഗിരിശൃംഗങ്ങൾ മഞ്ഞിൽ മൂടി നിൽക്കുന്നു. ടിബറ്റിൽ കടന്നപ്പോൾ മുതൽ ആകാശത്തിന് വല്ലാത്ത നീലനിറം. കൃഷ്ണാംബരധാരികളായ കരിമ്പാറക്കുന്നുകളും വെൺപട്ടുടുത്ത മഞ്ഞുമാമലകളും പച്ചവിരിച്ചഭൂമിയും നീലജലാശയങ്ങളും നീലാകാശവും.

ചിലയിടങ്ങളിൽ മലഞ്ചെരുവുകളിൽ ബുദ്ധവിഹാരങ്ങൾ കാണാം. ചൈനീസ് അധിനിവേശത്തിനുമുമ്പ് ടിബറ്റിൽ ആയിരക്കണക്കിന് ബുദ്ധിസ്റ്റ് മൊണാസ്റ്ററികൾ ഉണ്ടായിരുന്നു.



സാഗയ്ക്ക സമീപം ബ്രഹ്മപുത്ര

രാജ്യത്തിന്റെ ഭരണകർത്താവും ആത്മീയ നേതാവും ദലൈലാമ ആയിരുന്നു. രണ്ടാമൻ പഞ്ചൻലാമയും. ഒരു ദലൈലാമ മരിച്ചാൽ അദ്ദേഹത്തിന്റെ ആത്മാവ് ഏതെങ്കിലും ഒരു ടിബറ്റൻ കുടുംബത്തിൽ പുനർജ്ജനിക്കും. ചില ലക്ഷണങ്ങൾ വച്ച് ആ കുട്ടിയെ കണ്ടുപിടിച്ച് വിദഗ്ധ വിദ്യാഭാസാദികൾ കൊടുത്ത് കിരീടധാരണം നടത്തിക്കും. അതിനിടയിലുള്ള കാലം പഞ്ചൻ ലാമക്കാണ് ഭരണച്ചുമതല. പഞ്ചൻലാമ മരിച്ചാലും ഇതേ നടപടികളാണ്. ബുദ്ധിസ്റ്റ് ഭരണം അവസാനിപ്പിച്ച് രാജ്യത്തെ പൂർണ്ണമായും ചൈനീസ് ഭരണത്തിനു കീഴിലാക്കുന്നതിന്റെ ഭാഗമായി മാവോ സർക്കാർ ആദ്യം പഞ്ചൻലാമയെ വശത്താക്കി ബെയ്ജിംഗിൽ കൊണ്ടുപോയി വീട്ടുതടങ്കലിലാക്കി. ഒരിക്കൽ ചൈനാഭരണകൂടത്തിനെതിരായ ഒരു പ്രസ്താവന നടത്തിയ പഞ്ചൻലാമ അതിനുശേഷം ഉടനെ 'മരിച്ചുപോയി'. മാവോസേതുങ് ദലൈലാമയേയും ചർച്ചകൾക്കായി ബെയ്ജിംഗിലേക്കു ക്ഷണിച്ചു. അപകടം മണത്തറിഞ്ഞ ദലൈലാമ വളരെ രഹ

സ്യമായി ചൈനീസ് പട്ടാളത്തിന്റെ കണ്ണിൽ പെടാതെ ഇന്ത്യയിൽ അഭയം പ്രാപിച്ചു. ടെൻസിംഗ് ഗ്യാസോ എന്ന പേരുള്ള പതിനാലാമത്തെ ദലൈലാമയ്ക്ക് അന്ന പ്രായം ഇരുപ ത്തിനാലു വയസ്സ്. ഹിമാചൽ പ്രദേശ് സംസ്ഥാനത്തുള്ള ധർമ്മശാലയിൽ ആശ്രമം സ്ഥാപിച്ച് പിന്നീടു പലപ്പൊഴായി വന്നുചേർന്ന ഒരു ലക്ഷത്തോളം അനുയായികളുമായി അദ്ദേഹം 'ടിബ റ്റിന്റെ' ഭരണം നടത്തുന്നു. പ്രായം എൺപതിനടുത്തായിരിക്കുന്നു. അടുത്ത പഞ്ചൻലാമയായി ജന്മമെടുത്ത കുട്ടിയെ സംരക്ഷിക്കാനെന്ന വ്യാജേന ചൈനീസ് ഭരണകൂടം എവിടെയ്ക്കോ കൊണ്ടുപോയി. പിന്നെ ആ കുട്ടിയെ ആരും കണ്ടിട്ടില്ല. ടിബറ്റിലങ്ങോളമിങ്ങോളം മൂവായിര ത്തഞ്ഞൂറോളം മൊണാസ്റ്റെറികൾ ചൈനീസ് പട്ടാളം ഡൈനമൈറ്റ് ഉപയോഗിച്ച് തകർത്തു കളഞ്ഞുവത്രേ. ചൈനീസ് അതിക്രമത്തിനെതിരെ പ്രതികരിച്ച പതിനായിരക്കണക്കിനു സാധാരണ ജനങ്ങളേയും അവർ കൊന്നൊടുക്കി. പിന്നീട് കമ്യൂണിസ്റ്റ് അനുഭാവികളായ കുറെപ്പേരെ ബുദ്ധസന്യാസികളാക്കി, ബാക്കിയുള്ള മൊണാസ്റ്ററികളുടെ ഭരണം അവരെ ഏല്പിച്ചു. മൊണാസ്റ്ററികളുടെ മേൽക്കൂരകളിൽ ചൈനീസ് ചെങ്കൊടികൾ നിർബ്ബന്ധമാക്കി. ഇപ്പോൾ ടിബറ്റിലുള്ള ബുദ്ധവിഹാരങ്ങളിലെ അന്തേവാസികളൊന്നും ദലൈലാമയുടെ അനു യായികളല്ല. എന്നാൽ സാധാരണ ജനങ്ങളിൽ ഭൂരിഭാഗവും ഇപ്പൊഴും മനസ്സിൽ ദലൈലാമ യോടു കൂറുള്ളവരാണ്.

ഏഴരമണിയായി ഇന്നത്തെ താമസസ്ഥലമായ ഡോങ്ബയിലെത്തുമ്പോൾ. ഗസ്റ്റ് ഹൗ സിൽ കഷ്ടിച്ചു കഴിച്ചുകൂട്ടത്തക്ക സൗകര്യങ്ങളുള്ള മുറികൾ. ടോയിലെറ്റിന്റെ കാര്യം പറഞ്ഞ റിയിക്കാനാവത്തത്ര പരിതാപകരം. നിലത്ത് ദീർഘചതുരാകൃതിയിൽ അടുത്തടുത്തായി രണ്ടു ദ്വാരങ്ങൾ. രണ്ടു ദ്വാരങ്ങൾ എന്തിനെന്ന് എത്ര ആലോചിച്ചിട്ടും പിടികിട്ടിയില്ല. വശം തിരി ഞ്ഞിരുന്നാൽ മുന്നിലെ ദ്വാരത്തിൽക്കൂടി ഒന്നും പിന്നിലെ ദ്വാരത്തിൽക്കൂടി രണ്ടും കാര്യങ്ങൾ സാധിക്കാമെന്ന് നെല്ലിപ്പുഴ കുട്ടന്റെ ഫലിതം. നിലമാകെ വൃത്തികേടാക്കിയിരിക്കുന്നു. ചെറിയ കുട്ടികൾക്ക് ഇറങ്ങിപ്പോകാനുള്ള വലിപ്പം ദ്വാരങ്ങൾക്കുണ്ട്. ഇത്തരം ഒരു ടോയിലറ്റിനുള്ളിലേ ക്കാണ് സ്ലംഡോഗ് മില്ല്യണയർ എന്ന സിനിമയിൽ ഒരു കുട്ടി തന്റെ ആരാധനാപാത്രമായ സിനിമാനടനെ കാണാനായി ഇറങ്ങി ഓടുന്നത്. വിശാലമായ വെളിമ്പ്രദേശങ്ങളിൽ പോകു ന്നതിനു വിരോധമില്ല. പക്ഷേ അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഒരു തരം നായകൾ കൂട്ടായി ആക്രമിക്കുന്നവയാകയാൽ രാത്രി ലോഡ്ജിൽ നിന്നു ദൂരെയൊന്നും ഇറങ്ങി നടക്കരുതെന്ന് ഉപദേശം കിട്ടിയിരുന്നു.

സമയം ഒൻപതരമണിയോടടുക്കുന്നു ചെറുതായി ചാറിനിന്ന മഴ അല്പം കുറഞ്ഞു. ഇരുട്ടു പരന്നിട്ടില്ല. എങ്കിലും ഞാൻ കിടക്കാൻ വട്ടംകൂട്ടുകയായിരുന്നു. അപ്പൊഴാണു ശ്രീജിത്തിന്റെ വിളി. 'ഒരത്ഭുതം കാണാം, എല്ലാവരും വെളിയിൽ വരൂ'



ഞങ്ങൾ പുറത്തേക്കോടി. മാനത്തതാ മാരിവില്ലുകൾ; ഒന്നല്ല, രണ്ടെണ്ണം. ഇത്രയും വലിയ മഴവില്ലുകൾ ഇക്കൂട്ടത്തിൽ ആരും കണ്ടിട്ടില്ല. അതിമനോഹരമായ കാഴ്ച. ക്യാമറക്കണ്ണുകൾ തുറന്നടയുന്നു. 'കയ്യിലൊരിന്ദ്രധനസ്സുമായ് കാറ്റത്തു പെയ്യുവാൻ വന്ന' മേഘമാവട്ടെ മാനത്തിന്റെ ചെരുവിൽ ഇന്ദ്രധനുസ്സിനെ ഉപേക്ഷിച്ചിട്ടു പിൻവാങ്ങി ക്കഴിഞ്ഞു.

ശക്തിയായ തണുപ്പുമൂലം എനിക്കു രാത്രിയിൽ ഉറങ്ങാൻ പറ്റുന്നില്ല. കേരളത്തേക്കാൾ തണുപ്പുള്ള പ്രദേശങ്ങളിൽ, ഊട്ടിപോലുള്ള സ്ഥലങ്ങളിൽ പോലും, എത്ര കമ്പിളിവസ്ത്രങ്ങൾ ധരിച്ചാലും മുറിയിലെ താപനില കൂട്ടാതെ എനിക്ക് ഉറങ്ങാനാവില്ലെന്നതു കുറെ വർഷങ്ങളായുള്ള എന്റെ സങ്കടമാണ്. ശരീരത്തിൽ കൊഴുപ്പു കുറവുള്ളവർക്കു തണുപ്പു സഹിക്കാൻ വിഷമമായിരിക്കുമെന്നു കേട്ടിട്ടുണ്ട്. കാട്മാണ്ഡുവിൽ നിന്നു പുറപ്പെട്ടതിനുശേഷം കൈലാസയാത്ര കഴിഞ്ഞു തിരിച്ചു കാട്മാണ്ഡുവിൽ എത്തുന്നതുവരെ തണുപ്പുമൂലം ശരിക്കുറങ്ങാൻ പറ്റിയില്ലെന്നത് എന്റെ അനുഭവം. പ്രകൃതിയുടെ വിളിയെ പേടിച്ചു ശരിക്കു ഭക്ഷണവും കഴിച്ചില്ല.

## ആറാം ദിവസം: കൈലാസദർശനം

സൂര്യോദയത്തിന് വളരെ മുമ്പുതന്നെ തന്റെ വീഡിയോ ക്യാമറയും മുക്കാലിയുമായി റെജി മൂസത് ഒരു തുറസ്സായ സ്ഥലത്തുപോയി കിഴക്കെ ചക്രവാളത്തിൽ ദൃഷ്ടിയുറപ്പിച്ച് അരു




ഡോങ്ബയിലെ ഞങ്ങളുടെ താമസസ്ഥലം

ണഭാസ്കരരശ്മികൾ പ്രത്യക്ഷപ്പെടുന്നതുംകാത്ത് നിലയുറപ്പിച്ചു. സഞ്ചാരിയായ തന്റെ സുഹൃത്തിനുവേണ്ടി കൈലാസക്കാഴ്ചകൾ ക്യാമറക്കണ്ണുകളിലൂടെ നോക്കിക്കാണാനും പകർത്താനും കൂടിയാണ് എം. ജി. യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥനായ റെജിയുടെ ഈ കൈലാസയാത്ര. കുട്ടൻ ക്യാമറയുമായി അടുത്തുള്ളൊരു കുന്നിൻമുകളിലുള്ള മൊണാസ്റ്റെറി സന്ദർശിക്കാനിറങ്ങി. വെളിച്ചം പരന്നിട്ടില്ലാതിരുന്നതിനാൽ വഴിയിലുള്ള പൊലീസ് ചെക്ക്പോസ്റ്റിൽ കാവൽക്കാരുണ്ടായിരുന്നില്ല. മൊണാസ്റ്റെറിയുടെ പ്രവേശനദ്വാരത്തിൽ ഒരു യാക്കിന്റെ തലയും കൊമ്പുകളും പ്രദർശിപ്പിച്ചിരിക്കുന്നു. ബലികൊടുത്ത ഒരു മൃഗത്തിന്റെയാണ്. ബുദ്ധമതത്തിന്റെ അടിസ്ഥാനപ്രമാണം 'അഹിംസാ പരമോധർമ്മഃ' എന്നതാണെങ്കിലും ടിബറ്റിലെ ബുദ്ധമതക്കാർ ഇപ്പൊഴും മൃഗബലി നടത്തുന്നവരാണ്. ബോൺമതത്തിൽ നിന്നു പകർന്നുകിട്ടിയ ഈ ഒരു

പ്രധാന ആചാരം ഉപേക്ഷിക്കാൻ അവർ ഇനിയും തയ്യാറായിട്ടില്ല. അതുപോലെ ചൈനയുടെ മറ്റു ഭാഗങ്ങളിലെന്ന പോലെ ടിബറ്റിലും ബുദ്ധമതക്കാർ മാംസഭുക്കുകളുമാണ്.

കുട്ടൻ മൊണാസ്റ്റെറിയിൽ നിന്നു കുന്നിറങ്ങി താഴെ വന്നപ്പൊഴേക്കും പൊലീസ് ചെക്ക്പോസ്റ്റിൽ ഡ്യൂട്ടിക്ക് ആളെത്തിയിരുന്നു. യൂണിഫോമിട്ട ഒരാൾ തടഞ്ഞു നിർത്തി. ആദ്യമൊന്നു ഭയപ്പെടുത്തിയെങ്കിലും ക്യാമറയിൽ തന്റെ രണ്ടുമൂന്നു ചിത്രങ്ങളെടുക്കാനേ അയാൾ കുട്ടനോടാവശ്യപ്പെടുകയുണ്ടായുള്ളു.

കാഠ്മാണ്ഡുവിൽ നിന്നു പോന്നതിനുശേഷം കുളി എന്നൊന്നില്ല. പല്ലുതേയ്ക്കാൻ ഒരുകുപ്പി ചൂടുവെള്ളം കിട്ടി. മുഖവും കഴുകിയെന്നു വരുത്തി. ഞാലത്തുനിന്നു പുറപ്പെടുമ്പോൾ ഒന്നുരണ്ടു ദിവസത്തേക്കുള്ള സാധനങ്ങൾ കയ്യിലുള്ള ചെറിയ ബാഗിൽ വച്ചുകൊള്ളണമെന്നും വലിയ ഡഫൽബാഗ് ഇനി കൈലാസത്തിന്റെ ബെയ്സ് ക്യാമ്പായ ഡർച്ചനിലെത്തിയിട്ടേ ട്രക്കിൽ നിന്നിറക്കൂ എന്നും അറിയിച്ചിരുന്നു. എങ്കിലും ചിലർക്കു ചില അത്യാവശ്യ സാധനങ്ങൾ എടുക്കേണ്ടിവന്നതിനാൽ എല്ലാവരുടേയും വലിയ ബാഗുകളും ഇറക്കിത്തന്നു.

ഡോ. രഞ്ജിത്ത് തന്റെ മൊബൈൽഫോണിൽ ഒരു ടിബറ്റൻ സിം വാങ്ങിച്ചിട്ടിരുന്നു. നാട്ടിലേക്ക് അതിൽ നിന്ന് എസ്എംഎസ് അയയ്ക്കാം വിളിക്കാൻ പറ്റില്ല. സംഘാംഗങ്ങളെല്ലാം സ്വകുടുംബങ്ങളിലേക്ക് ഈ ഫോണിന്റെ നമ്പർ അയച്ചുകൊടുത്തു തിരിച്ചു വിളിപ്പിക്കാൻ തുടങ്ങി. രാത്രിയോ പകലോ എന്നില്ലാതെ രഞ്ജിത്തിന്റെ ഫോണിലേക്കു കേരളത്തിൽ നിന്നു വിളികൾ വരാൻ തുടങ്ങി. അങ്ങനെ രഞ്ജിത്തിന്റെ ഫോൺ സംഘാങ്ങൾക്കും നാട്ടിലുള്ള അവരുടെ സ്വജനങ്ങൾക്കും ഇടയിൽ ഒരു ടെലിലിങ്കായിത്തീർന്നു. ഞാൻ എന്റെ മൊബൈൽ ഫോൺ കൊണ്ടുവന്നിരുന്നില്ല. അതിൽ ഇന്റർനാഷണൽ റോമിംഗ് സൗകര്യം ഇല്ലാത്തതിനാൽ ഡെൽഹിയിൽ നിന്നു വിമാനം കയറിയാൽപ്പിന്നെ അത് ഉപയോഗശൂന്യമാണ്. റോമിംഗ് ഉള്ള ഫോണുകൾക്കു തന്നെ ടിബറ്റിൽ കവറേജ് ഉള്ള സ്ഥലങ്ങൾ എത്രയുണ്ടാകുമെന്ന് അറിയില്ലായിരുന്നു. കാഠ്മണ്ഡുവിലും ഞാലത്തും ഞങ്ങൾ താമസിച്ചിരുന്ന ഹോട്ടലിനടുത്ത് ലാൻഡ്ഫോണിൽനിന്ന് ഐഎസ്ഡി വിളിക്കാൻ സൗകര്യമുള്ള ബൂത്തുകൾ ഉണ്ടായിരുന്നു. ഒരു മിനുട്ടിന് പത്ത് ഇന്ത്യൻ രൂപയോമറ്റോ ആണു ചാർജ്. ഞാലത്തിനുശേഷം ആവിധ സൗകര്യങ്ങളൊന്നുമില്ല. ഇന്റർനെറ്റ് കണക്റ്റിവിറ്റിയാകട്ടെ കാഠ്മണ്ഡുവിനുശേഷം ഉണ്ടായിരുന്നില്ലെന്നാണു തോന്നുന്നത്.

പ്രഭാതഭക്ഷണം കഴിച്ച് ഒൻപതര മണിക്കു പുറപ്പെട്ടു. ഇന്നലത്തെപ്പോലെ മനോഹരമാ

യ പ്രകൃതിദൃശ്യങ്ങൾ. ഇടക്കിടക്ക ചെറിയ ചെക്ക്പോസ്റ്റുകളിൽ ബസ്സ് നിർത്തി പരിശോധന. ചൈനീസ് പൊലീസ് ബസ്സിൽ കയറി യാത്രക്കാരെ എണ്ണിനോക്കും. പന്ത്രണ്ടര മണിയായപ്പോൾ ഒരു പ്രധാന ചെക്ക്പോസ്റ്റിലെത്തി. എന്താണ കാര്യമെന്ന മനസ്സിലായില്ല, അവിടെ ഒന്നേകാൽ മണിക്കൂറോളം താമസം നേരിട്ടു. അവിടെനിന്ന പുറപ്പെട്ട് അധികദൂരം പോകുന്നതിനുമുമ്പ് വഴിയിൽ ഒരിടത്തു ലഞ്ചിനായി നിർത്തി. ഇത്തവണ ചോറ് ഫ്രൈഡ് റൈസ് ഒന്ന



മണൽക്കുനകൾ, പിന്നിൽ തടാകവും മലനിരകളും

രണ്ടു കൂട്ടം കറികൾ എന്നിവ. തൈര് ഇല്ല.

ടിബറ്റിലെപ്പോലെ മരങ്ങളുടെ മറയില്ലാതെ ധാരാളം സൂര്യപ്രകാശം കിട്ടുന്ന ഒരു രാജ്യത്ത് ഊർജ്ജോല്പാദനത്തിനുള്ള ഏറ്റവും നല്ല മാർഗ്ഗം സോളാർ പാനലുകൾ സ്ഥാപിക്കുകയാണെന്ന് അവർ തിരിച്ചറിഞ്ഞിരിക്കുന്നു. ഞങ്ങൾ താമസിച്ച ഗസ്റ്റ്ഹൗസുകളിലൊക്കെയും വെളിച്ചം തന്നതു സോളാർ എനർജിയായിരുന്നു. ദിവസത്തിൽ ഒന്നോരണ്ടോ മണിക്കൂറുകൾ മാത്രമേ ലൈറ്റുകൾ കത്തിയിരുന്നുള്ളു എന്നുമാത്രം. വഴിയിൽ പലയിടത്തും സോളാർപാനലുകൾ സ്ഥാപിച്ചിരിക്കുന്നതു കാണുകയുണ്ടായി.

വീണ്ടും യാത്ര. ഇതുവരെയുള്ള യാത്രയിലെ അനുഭവങ്ങളും അഭിപ്രായങ്ങളും എല്ലാവരും

ബസ്സിലുള്ള മൈക്ക് സിസ്റ്റത്തിലൂടെ പങ്കുവച്ചു.

സമയം നാലുമണിയോടടുക്കുന്നു. അല്പദൂരം കൂടി പിന്നിട്ടാൽ മാനസസരോവരത്തിന്റെ ആദ്യ ദർശനം കിട്ടുമെന്നു കോമ്പു അറിയിച്ചു, കൈലാസത്തിന്റേയും. എല്ലാവരും ആകാംക്ഷ യോടെ കാത്തിരുന്നു. അതാ മുന്നിൽ ദൂരെയായി മാനസസരസ്സ് ! സുവർണ്ണ രാജഹംസങ്ങൾ നീന്തിനടക്കുമെന്നു കവിഭാവനകൾ പാടിപ്പുകഴ്ത്തിയ സ്വർഗ്ഗീയ തടാകം! ടിബറ്റുകാരുടെ 'മാപാം യൂംകോ'

ബസ്സ് ഓടിക്കൊണ്ടിരുന്നു. മാനസസരോവരം ഇപ്പോൾ ഞങ്ങളുടെ ഇടതു വശത്തായി കാണാം. ഭാവനയിൽ മാത്രം കണ്ടിരുന്നതു കൺമുന്നിൽ കാണുമ്പോളുള്ള ആഹ്ലാദം ആരും മറച്ചുവച്ചില്ല. 'പദ്മാനി യസ്യാഗ്ര സരോരുഹാണി' മാനസസരോവരത്തിൽ വിരിയുന്ന താമരപ്പൂക്കളെപ്പറ്റിയുള്ള ഒരു ശ്ലോകം ഓർത്തെടുക്കാൻ ശ്രമിക്കുകയായിരുന്നു ഡോ.എൻപിപി. എല്ലാവരുടേയും ദൃഷ്ടികൾ ഇടത്തോട്ടു തിരിഞ്ഞിരിക്കെ – 'അതാ കൈലാ സം' ഒരു ശബ്ദം ഉയർന്നു കേട്ടു. ഏറ്റവും മുൻവശത്തുള്ള സീറ്റിലിരുന്ന പഴയന്നൂർ വാസുദേവ നാണെന്നു തോന്നുന്നു ആക്രോശിച്ചത്. 'മുൻവശത്തെ ചില്ലിലൂടെ നേരെ മുന്നോട്ടു നോക്കൂ'. പി ന്നെ കേട്ടതൊരു കോറസ്സായിരുന്നു, 'കൈലാസം! കൈലാസം!' ആർക്കും സീറ്റിലിരിക്കാനാ യില്ല. എല്ലാവരും ചാടിയെഴുന്നേറ്റു. 'ശംഭോ മഹാദേവ!' 'ശശാങ്കശേഖര!'

പിന്നറ്റത്തെ സീറ്റിൽ ഒരു മൂലയിൽ അവസാനത്തെ മുറുക്കിന്റെ അവശിഷ്ടങ്ങൾ തുപ്പി ക്കളയാൻ മനസ്സുവരാതെ വായിലിട്ടു ചവച്ചുകൊണ്ട് കണ്ണടച്ച് ഇരിക്കുകയായിരുന്നു റെജി മൂസത്. കൈലാസമെന്ന ആരവം കേട്ടു സൈഡിലെ സ്ലൈഡിംഗ്ഡോർ വലിച്ചുതുറന്ന് അദ്ദേ ഹം പുറത്തേക്കു നീട്ടിത്തുപ്പി. താൻ ആദ്യമായി മുറുക്കിയ ദിവസം അഛൻ പെട്ടെന്നു കടന്നു വന്നപ്പോൾ എന്തു ചെയ്യണമെന്നറിയാതെ പരിഭ്രമിച്ചതു റെജി ഓർത്തിരിക്കാം. അദ്ദേഹം എഴുന്നേറ്റു മുന്നോട്ടു നടന്നു വന്നു. കണ്ണടച്ചും കണ്ണുതുറന്നും ആ രജതാദ്രിയെ നോക്കിക്കണ്ടു. പാർവ്വതീവല്ലഭാ! കൈലാസപതേ! പ്രതിജ്ഞ പാലിക്കാൻ മനക്കരുത്തു തരണേ!

പിൻബഞ്ചിൽ ഇരിക്കുന്നവരുടെ കൂട്ടത്തിൽ റെജിയെക്കൂടാതെ ദിനേശനും വിജയനും മുറുക്കുകാരായി ഉണ്ടായിരുന്നു. ദിനേശൻ കൈലാസയാത്രക്കു നറുക്കുവീണപ്പൊഴേ മുറുക്കു നിർ ത്തി. ഇതിനകം പല തവണ നിർത്തി ശീലമുള്ളതിനാൽ അയാൾക്ക് അതു വലിയ പ്രയാസമു ള്ള കാര്യമായിരുന്നില്ല. റെജി കൈലാസദർശനമാത്രയിൽ നിർത്തി. വിജയനാകട്ടെ ഒരു കൈലാസയാത്രകൊണ്ടൊന്നും മുറുക്കുനിർത്താനുദ്ദേശമില്ലെന്നു പറഞ്ഞു. വളരെ ബുദ്ധിമുട്ടി

പഠിച്ച ഒരു വിദ്യ ഉപേക്ഷിക്കാൻ ഈ മഞ്ഞണിക്കുന്ന പോര എന്നാകുമോ?

ബസ്സ് കുറച്ചുകൂടി മുന്നോട്ടുപോയി ഒരു വലിയ കെട്ടിടത്തിനടുത്തായി നിർത്തി. ഇനി ഇവിടെ വാഹനം മാറിക്കയറണം. പ്രൈവറ്റ് വാഹനങ്ങൾ ഇവിടെ വരെയേ അനുവദിക്കൂ. ഇനിയുള്ള യാത്ര സർക്കാർ വാഹനത്തിലാണ്. ഞങ്ങളുടെ സംഘം രണ്ടു ബസ്സുകളിലായി കയറി. അല്പദൂരം ഓടിയിട്ട മാനസസരസ്സിന്റെ തീരത്തു ബസ്സുകൾ നിർത്തി. എല്ലാവരും



കൈലാസത്തിന്റെ ആദ്യദർശനം

ഇറങ്ങി. വെള്ളത്തിനു നല്ല തണുപ്പുണ്ടായിരുന്നെങ്കിലും ഞങ്ങൾ 27 പേരും സരസ്സിലിറങ്ങി മുങ്ങുകതന്നെ ചെയ്തു.

'വെണ്ണതോൽക്കുമുടലിൽ സുഗന്ധിയാമെണ്ണതേച്ച്' പർവ്വതരാജപുത്രി നീരാടാനിറങ്ങുന്ന നീലസരസ്സിൽ മതിയാവോളം മുങ്ങിനിവർന്ന് വടക്കോട്ടുനോക്കി, അല്പമകലെ വെയിലിൽ വെട്ടിത്തിളങ്ങുന്ന ചന്ദ്രക്കലാധരന്റെ വെള്ളിമാമലവിഗ്രഹം കൺകുളിർക്കെ കണ്ടു കൈകൂപ്പി നിൽക്കവെ പ്രൊഫസർ വാസുദേവന്റെ കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്നതു ഞാൻ ശ്രദ്ധിച്ചു. ഇതല്ലേ ജന്മസാഫല്യം? താൻ ഇത്രയും നാൾ ജപിച്ച പഞ്ചാക്ഷരീമന്ത്രങ്ങൾ തന്നെ ഇവിടെ

എത്തിക്കുവാനുള്ളതായിരുന്നില്ലേ? ഇവിടെ ഒന്നു മുങ്ങിയാൽ, ഈ തീർത്ഥം ഒരല്പം സേവിച്ചാൽ, കഴിഞ്ഞ നൂറു ജന്മങ്ങളിൽ ചെയ്ത സകല പാപങ്ങളും കഴുകിപ്പോകുമെന്നാണു ഭാരതീയർ വിശ്വസിക്കുന്നത്.

ബ്രഹ്മാവിന്റെ മനസ്സിലാണത്രേ ആദ്യം ഈ സരോവരം സൃഷ്ടിക്കപ്പെട്ടത്. അതിനാൽ ഇതു 'മാനസസരോവരം' എന്നറിയപ്പെട്ടു. പിന്നീടത് ഇറക്കിവയ്ക്കാൻ സ്ഥലമന്വേഷിച്ച സ്രഷ്ടാവിന് കൈലാസത്തിനു സമീപം ദക്ഷിണഭാഗത്തുള്ള ഈ പുണ്യഭൂമിയേക്കാൾ യോജിച്ച



മാനസസരസ്സ്, പിന്നിൽ കൈലാസം

മറ്റൊരു സ്ഥലം കണ്ടെത്താനാവുമായിരുന്നില്ല. തന്റെ സൃഷ്ടികളിൽ അത്യന്തസുന്ദരമായ ഈ സരോവരത്തെ കാണണമെന്നു തോന്നുമ്പൊഴൊക്കെ വിധാതാവ് ഹംസരൂപത്തിൽ ഇവിടെ പ്രത്യക്ഷപ്പെടാറുണ്ടത്രേ.

സൂര്യസരണിയെ അതിക്രമിച്ച് ഉയർന്നു നിൽക്കുന്ന ഹിമവാന്റെ മുകൾത്തട്ടിലുള്ള തടാകങ്ങളിൽ താമരപ്പൂ വിരിയിക്കുന്നതിനായി സൂര്യൻ തന്റെ രശ്മികളെ മുകളിലേക്ക് അയയ്ക്കുന്ന

തായി കാളിദാസൻ ഭാവനചെയ്തിട്ടുണ്ട്. ഹേമാംഭോജപ്രസവിയാണ് ഈ സരസ്സ്.

പലപ്പൊഴും കൈലാസയാത്രയിൽ മാനസസരസ്സിൽ കുളിക്കാൻ പറ്റാറില്ല. അതിശൈത്യം മൂലം സരസ്സിലെ വെള്ളത്തിൽ കൈനനയ്ക്കാൻ പോലും പറ്റാതെ മടങ്ങേണ്ടിവന്നിട്ടുണ്ട് പല തീർത്ഥാടകസംഘത്തിനും. എന്നാൽ പാർവ്വതീവല്ലഭന്റെ അനുഗ്രഹമെന്നേ പറയേണ്ടൂ, ഞങ്ങളുടെ സംഘത്തിലുള്ള എല്ലാവരും മാനസസരസ്സിലിറങ്ങി മുങ്ങിക്കുളിച്ചു. നല്ല തണുപ്പുണ്ടായിരുന്നു. ഞാൻ ഒന്നു മുങ്ങി ഉടനെ കയറി തോർത്തി കമ്പിളിവസ്ത്രങ്ങൾ ധരിച്ചു. മറ്റു ചിലർ കുറച്ചുസമയം വെള്ളത്തിൽ നീന്തിത്തുടിച്ചു കുളിച്ചു. നല്ല വെയിലുണ്ടായിരുന്നു. മുപ്പതു കി



യോഗിമാർ സരോവരതീരത്ത്

ലോമീറ്റർ ദൂരെയുള്ള കൈലാസത്തിന്റെ തെക്കെ മുഖം വളരെ വ്യക്തമായിക്കാണാം. മൂടൽമഞ്ഞിൽ പുതച്ചാണത്രേ പലർക്കും ഇവിടെ നിന്നു കൈലാസം കാണാൻ പറ്റിയിട്ടുള്ളത്. ഞങ്ങൾക്കു പക്ഷേ കാലാവസ്ഥയും കൈലാസനാഥനും തുണയായി.

ക്ഷേത്രങ്ങളിലെ ശിലാഗോപുരങ്ങളുടെ ആകൃതിയാണു കൈലാസത്തിന്. ഇവിടെനിന്നു നോക്കിയാൽ കൈലാസത്തിന്റെ തെക്കെമുഖത്ത് പടവുകൾ വെട്ടിയിരിക്കുന്നതു പോലെ

തോന്നും. മോക്ഷമാർഗ്ഗത്തിലേക്കു കയറിപ്പോകാനുള്ള പടവുകളാണവ. പക്ഷേ ജീവിതത്തിലൊരിക്കലും പാപം ചെയ്യാത്തവർക്കേ അതുവഴി കയറിപ്പോകാനൊക്കൂ. അങ്ങിനെയൊരാൾക്കായി ത്രൈലോക്യനാഥൻ സഹസ്രാബ്ദങ്ങളായി കാത്തിരിക്കുന്നു!

ആന്ധ്രാ സംഘത്തിൽപ്പെട്ട ഒരു സ്ത്രീ ബസ്സിന്റെ ചവിട്ടുപടിയിൽ ഇറങ്ങിയിരുന്നു മാനസരസ്സിനെയും ദൂരെ കൈലാസത്തെയും നോക്കി കണ്ണീരൊഴുക്കുന്നു. ഇറങ്ങിക്കുളിയ്ക്കാൻ എന്തുകൊണ്ടോ അവർക്കു പറ്റിയില്ല.



മാനസസരസ്സിന്റെ മറ്റൊരു ദൃശ്യം

സരസ്സിന്റെ തീരത്തു പല ആകൃതിയിലും വലിപ്പത്തിലുമുള്ള മിനുസമുള്ള കല്ലുകൾ. ഞാൻ അഞ്ചാറെണ്ണം പെറുക്കി ബാഗിലിട്ടു. 'ഈ കല്ലുകളെല്ലാം ശിവലിംഗങ്ങളാണ്' സംഘത്തിലാരോ പറഞ്ഞു.

വീണ്ടും ബസ്സിൽ യാത്ര. മാനസസരോവരത്തിന്റെ തീരത്തുകൂടി സരസ്സിനെ പ്രദക്ഷിണം വച്ചു കുറെ ദൂരം സഞ്ചരിച്ചു. സരസ്സിന്റെ പരിക്രമണപാതയിൽ ഞങ്ങൾ പിന്നിട്ട ദൂരം

എഴുപതു കി.മീ.എന്നും നാല്പത്തഞ്ചു കി.മീ എന്നും വ്യത്യസ്ത അഭിപ്രായങ്ങൾ കേട്ടു – തടാകത്തിന്റെ ആകെ ചുറ്റളവ് 85–90 കി.മീ.മാത്രമാണെന്നിരിക്കെ ഞങ്ങൾ സഞ്ചരിച്ച ദൂരം 45 ൽ കൂടുതൽ ആവാനിടയില്ല. ഈ വഴിയുടെ വലത്തു വശത്തു (കിഴക്ക് )മാനസസരസ്സും മറുവശത്തു (പടിഞ്ഞാറ്) രാക്ഷസതാൾ എന്ന തടാകവും കാണാം. രാവണൻ ശിവനെ തപസ്സിരുന്നത് ഇവിടെയാണത്രേ. തപസ്സുകൊണ്ടു തപിച്ച ശരീരത്തിൽ നിന്നു വിയർപ്പു ധാരാളമായൊഴുകി. ശിവൻ പ്രസാദിക്കാത്തതിൽ പരിഭവിച്ചു കൈലാസം ഇളക്കിയെടുത്ത് അമ്മാനമാടിയപ്പോൾ ആ ശ്രമത്തിൽ വീണ്ടും വിയർപ്പൊഴുകി. അങ്ങിനെ രാക്ഷസരാവണന്റെ വിയർപ്പുകൊണ്ടുണ്ടായതാണത്രേ ഈ രാക്ഷസതാൾ. ഇതിൽ ആരും ഇറങ്ങി കുളിക്കാറില്ല. മാനസസരസ്സിൽ നിന്നു വ്യത്യസ്തമായി ഇതൊരു ലവണജലത്തടാകമാണ്. ഇതിൽ ജലജീവികളും ഇല്ലത്രേ. അതിനാൽത്തന്നെ പക്ഷികളും ഇവിടം സന്ദർശിക്കാറില്ല. മാനസസരോവരത്തിൽ നിന്ന് ഒരു നീർച്ചാൽ (Ganga chhu channel) രാക്ഷസതാളിലേക്ക് ഒഴുകുന്നു.

രാവണൻ കൈലാസമെടുത്ത് അമ്മാനമാടി എന്ന കഥയിൽ പല ശിവഭക്തന്മാർക്കും അത്ര വിശ്വാസമില്ല. രാമായണത്തിൽ ഇക്കഥ പറയുന്നുമില്ലത്രേ. അടിയുറച്ച ശിവഭക്തയായിരുന്നു രാവണന്റെ അമ്മ കൈകസി. പ്രായാധിക്യത്താൽ മാതാവിനു കൈലാസദർശനത്തിനു പോകാൻ കഴിയാതെ വന്നപ്പോൾ രാവണൻ കൈലാസമെടുത്ത് അമ്മയുടെ സമീപത്തേക്കു കൊണ്ടുവരാൻ ശ്രമിച്ചതാണ്. ശിവൻ പ്രസാദിച്ച് രാവണനെ അനുഗ്രഹിക്കുകയും ചെയ്തു. 'മുപ്പുരവൈരിക്കതുകൊണ്ടിവനോടപ്രിയമുണ്ടായില്ല വിശേഷിച്ചത്ഭുതമായൊരു വാളും നൽകി ക്ഷിപ്രമനുഗ്രഹമേകിയയച്ചു' എന്നു രാവണൻ അഭിമാനം കൊള്ളുന്നു.

സമുദ്രനിരപ്പിൽനിന്നു പതിനയ്യായിരത്തോളം അടി മുകളിലുള്ള മാനസസരോവരം ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള ശുദ്ധജലത്തടാകമാണെന്നത്രേ പൊതുവെയുള്ള വിശ്വാസം. അതങ്ങനെയാണെന്നു പ്രചരിപ്പിക്കാനാണു പൊതുവെ എഴുത്തുകാരുടെ ഇടയിലുള്ള ശ്രമവും. എന്നാൽ മാനസസരസ്സിനേക്കാൾ ഉയരത്തിൽ അതിൽക്കൂടുതൽ വിസ്തൃതിയുള്ള ശുദ്ധജലത്തടാകങ്ങൾ ടിബറ്റിൽത്തന്നെ ഉണ്ടെന്നുള്ളതാണു വാസ്തവം. ഉദാഹരണത്തിന് ആങ്പാസോ എന്ന തടാകം– 4940 മീറ്റർ ഉയരത്തിൽ 495 സ്ക്വയർ കി.മീ. വിസ്താരത്തിൽ നീണ്ടു നിവർന്നു കിടക്കുന്നതു മാനസസരസ്സിൽ നിന്നു കുറെ വടക്കുകിഴക്കായി കാണാം. അയ്യായിരത്തിൽപരം മീറ്റർഉയരത്തിലുള്ള പുമോയോങ് തടാകമാകട്ടെ ഗണേഷ് സരോവർഎന്ന പേരിലും പ്രസിദ്ധമാണ്. (താത്പര്യമുള്ളവർക്കായി പറയട്ടെ മുകളിൽ പറഞ്ഞവ യഥാക്രമം

33.24 N, 90.17 E, 28.34N 90.24 E എന്നീ coordinate കളിൽ ഗൂഗിൾ എർത്തിൽ നോക്കിയാൽ കാണാവുന്നതാണ്)

ഏകദേശം വൃത്താകൃതിയെന്നു പറയാവുന്ന മാനസസരസ്സ് സൂര്യന്റേയും പ്രകാശത്തിന്റേയും പ്രതിനിധിയായും ചന്ദ്രക്കല പോലുള്ള രാക്ഷസതാൾ ചന്ദ്രന്റേയും ഇരുട്ടിന്റേയും പ്രതിനിധിയായും താന്ത്രിക ബുദ്ധിസത്തിൽ കണക്കാക്കപ്പെടുന്നു.

ഇടതുവശത്തു ദൂരെ ഹിമാവൃതമായി കാണുന്ന തുംഗശ്രീശിഖരങ്ങൾ ബുദ്ധമതക്കാർ പുണ്യസ്ഥലമായി കണക്കാക്കുന്ന ഗുർലാ മന്ധാതാ പർവ്വതത്തിന്റെയാണ്. ഇരുപത്തയ്യായിരത്തിൽ പരം അടി ഉയരമുള്ള ഈ പർവ്വതം പർവ്വതാരോഹകർക്കും പ്രിയപ്പെട്ടതാണ്.



ഗുർലാ മന്ധാതാ

എട്ടര മണിക്കു ഞങ്ങളുടെ ഇന്നത്തെ ക്യാമ്പിലെത്തി. ഇപ്പോഴും സൂര്യൻ അസ്തമിച്ചിട്ടില്ല. മാനസസരസ്സിന്റെ സമീപത്തുതന്നെയുള്ള ചിയു ഗോംപാ എന്ന സ്ഥലത്താണ് ഈ ഗസ്റ്റ് ഹൗസ്. ഇവിടെയുള്ള ഒരു കുന്നിൻ മുകളിലുള്ള പുരാതന ബുദ്ധിസ്റ്റ് മൊണാസ്റ്ററിയുടെ പേരാണ് ചിയു ഗോംപാ. ഗോംപാ എന്നാൽ മൊണാസ്റ്ററി തന്നെ. ബുദ്ധമത വിശ്വാസമനുസരിച്ച

മായാഭഗവതിയുടെ മനസ്സിൽ ബുദ്ധഭഗവാൻ സൃഷ്ടിക്കപ്പെട്ടത് ഈ മാനസസരോവര പരിസരത്തു വച്ചാണ്.

ഞങ്ങളുടെ താമസത്തിനുള്ള ഏർപ്പാടുകൾ പഴയപടി. ടോയിലറ്റിന്റെ കാര്യം പരുങ്ങൽ. എങ്കിലും ഡോംഗ്ബയിലേക്കാൾ അല്പം ഭേദമെന്ന് വേണമെങ്കിൽ പറയാം. വെറുതെ പറയുകയാവും.

അഞ്ചു ബെഡ്ഡുള്ള ഒരു മുറിയിൽ ഞങ്ങളഞ്ചുപേർ. ഒരു ചായയും അല്പം കഴിഞ്ഞു തക്കാളി സൂപ്പും കിട്ടി. പിന്നെ ഡിന്നർ. ഞാൻ ഞാലം മുതൽ അത്താഴം സൂപ്പുമാത്രമേ കഴിക്കാറുള്ളൂ. രാവിലെ പ്രകൃതിയുടെ വിളി ശക്തമാവാതിരിക്കാനും കൂടിയാണ് ഈ മുൻകരുതൽ.

ഞാലത്തുനിന്നു പുറപ്പെട്ടു കൈലാസയാത്രകഴിഞ്ഞു തിരിച്ചു ഞാലത്ത് എത്തുന്നതുവരെയുള്ള എട്ടുപത്തു ദിവസങ്ങളിലെ ഞങ്ങളുടെ താമസസ്ഥലങ്ങളിൽ കിടപ്പിനുള്ള സൗകര്യങ്ങൾ ഏതാണ്ട് ഒരു പോലെയായിരുന്നു. കട്ടിൽ കിടക്ക ഷീറ്റ് രജായി എല്ലാം. സീസണായാൽ എല്ലായിടത്തും തിരക്കായിരിക്കും. ഒരു പാർട്ടി മുറി ഒഴിഞ്ഞു പോയാൽ ഉടൻ അടുത്ത സംഘം വരികയായി. അതിനിടയിൽ വിരിപ്പുകളും മറ്റും മാറ്റുകയില്ലെന്നു മാത്രമല്ല, ഒന്നു കുടഞ്ഞു വിരിക്കുകകൂടിയില്ല. ചുളിഞ്ഞ വിരിപ്പുകൾ ഒന്നു വലിച്ചുനിവർത്തിയിടും, രജായി മടക്കിവയ്ക്കും ഇത്ര മാത്രം. ചുമ ജലദോഷം മുതലായ പകർച്ചവ്യാധികൾ ഉള്ളവർ ഉപയോഗിച്ച കിടക്കയിൽ പിന്നീടു വരുന്നവർ കിടക്കുന്നു. പക്ഷേ ആർക്കും അസുഖമൊന്നും ഉണ്ടായില്ല. ഒരു പക്ഷേ രോഗം പരത്തുന്ന ബാക്ടീരിയകളും വൈറസുകളും ഈ തണുപ്പിനെ അതിജീവിക്കുകയില്ലായിരിക്കാം. വൃത്തിഹീനമായ പൊതു ടോയിലെറ്റ് ഉപയോഗിക്കുന്നവർക്ക് ഫംഗസ്സ് രോഗം പിടിപെടാത്തതും ഇതേ കാരണത്താലാവാം. എന്റെ നിഗമനമാണ്, ശരിയാണോ എന്ന് അറിവുള്ളവരോട് ചോദിക്കണം.

മറ്റന്നാൾ തുടങ്ങുന്ന പരിക്രമണത്തിനു കുതിരയോ പോർട്ടറോ ആവശ്യമുള്ളവർ ഇന്നു തന്നെ മുഴുവൻ പണവും കൊടുത്തു ബുക്ക് ചെയ്യണമെന്ന് അറിയിപ്പുണ്ടായി. ബുക്ക് ചെയ്താൽ, എന്തെങ്കിലും കാരണംകൊണ്ട് ഇവ ആവശ്യം വന്നില്ലെങ്കിൽ പണം മടക്കിക്കിട്ടുകയുമില്ലത്രേ. ഞാനും ഇന്ദിരേടത്തിയും കുതിരയെ എടുക്കാനും കുട്ടൻ ഒരു സഹായിയെ കൂട്ടി നടക്കാനും തീരുമാനിച്ചു. കുതിരയ്ക്ക് 21000 രൂപയും പോർട്ടർക്ക്– 6300 രൂപയും (യഥാക്രമം രണ്ടായിരവും അറുനൂറും യുവാൻ). ഞാനും കുട്ടനുംകൂടി 25000 രൂപയേ യുവാനാക്കി മാറ്റിയിരുന്നുള്ളൂ. രണ്ടാളും നടക്കാനായിരുന്നു അപ്പൊഴത്തെ തീരുമാനം. രാധോപ്പോളോട്ടും യോഗിമാരോട്ടും

നൂറു യുവാൻവീതം കടം വാങ്ങി കാര്യം പരിഹരിച്ചു. തിരിച്ചു കാട്മാണ്ഡുവിലെത്തുമ്പോൾ അവിടെ ലോക്കറിൽ വച്ചിരിക്കുന്ന ഇന്ത്യൻരൂപ കൊണ്ടു കടം വീട്ടാം.

യോഗിമാർ മൂവരും രഘുമോഹനും കുതിരയും സഹായിയും ഇല്ലാതെ ബാക്ക്പാക്ക് സ്വയം ഏറ്റി നടക്കാൻ തീരുമാനിച്ചപ്പോൾ, ആശാ ശ്രീജിത്തിന്റെ അപ്പൻ ആയതിനാൽ എല്ലാവർക്കും അപ്പനായ ശങ്കരൻ നമ്പൂതിരി, പുതിയേടം ശ്രീനിവാസൻ, ഏറ്റുമാനൂരപ്പൻ കോളേജിലെ ശങ്കരൻ നായർ സാർ, ഡോ.നങ്ങേലി വിജയൻ എന്നീ നാലുപേർ പരിക്രമണത്തിന് പോരാതെ ദർച്ചനിലെ ബെയ്സ് ക്യാമ്പിൽത്തന്നെ വിശ്രമിക്കാൻ തീരുമാനിച്ചു.

## ഏഴാം ദിവസം: മാനസസരസ്സിൽ ഒരു ത്രൈയ്യംബകപൂജ

രാവിലെ എട്ടുമണിയോടെ റിഷിയേട്ടൻ മാനസസരസ്സിൽ മുങ്ങിക്കുളിച്ചു തറ്റുടുത്ത് മൃത്യുഞ്ജയഹോമം തുടങ്ങി. സരസ്സിന്റെ തീരത്ത് താത്കാലികമായുണ്ടാക്കിയ ഹോമകുണ്ഡത്തിലാണു ഹോമം. യോഗിമാർ മൂവരും കുളിച്ചു തറ്റുടുത്തു പരികർമ്മികളായി കൂടെ നിന്നു.



മൃത്യുഞ്ജയം

ഹോമസാധനങ്ങളും പൂജാപാത്രങ്ങളും ഞങ്ങൾ കേരളത്തിൽനിന്നു തന്നെ കൊണ്ടു പോയിരുന്നു, വാഴയില നേപ്പാളിൽ നിന്നു സമ്പാദിച്ചു. ബാക്കിയുള്ളവരെല്ലാം ബ്രെക്ഫാസ്റ്റു കഴിച്ചിട്ടാണു ഹോമസ്ഥലത്തേക്കു ചെന്നത്. ഞങ്ങൾ നാലഞ്ചുനിര വസ്ത്രങ്ങൾ ധരിച്ചിട്ടും തണു പ്പു സഹിയ്ക്കാനാവാതെ വിറകൊണ്ടു നിന്നപ്പോൾ റിഷിയേട്ടനും പരികർമ്മികളും തറ്റുടുത്ത വസ്ത്രം മാത്രമായി ഏകദേശം ഒരു മണിവരെ നീണ്ടുനിന്ന ഹോമം പൂർത്തിയാക്കി എല്ലാവർ ക്കും പ്രസാദം വിതരണം ചെയ്തു. അതിനുശേഷമാണ് അവർ ഭക്ഷണം കഴിച്ചത്. മാനസ സരസ്സിൽ നിന്നും എല്ലാവരും കുപ്പികളിൽ തീർത്ഥം ശേഖരിച്ചു. ചിലർ കല്ലുകൾ പെറുക്കി യെടുത്തു.

ഉമാശങ്കർ ഗ്രൂപ്പിന്റെവക പൂജ വേറൊരിടത്തു നടക്കുന്നുണ്ടായിരുന്നു. കുറച്ചകലെ ഒന്നു രണ്ടിടത്തായി മറ്റു ചില സംഘങ്ങളുടെ പൂജയും കണ്ടു.



ഹോമസമാപ്തി

പലതരം കരകൗശലവസ്തുക്കൾ വിൽക്കാനായി കൊണ്ടുവന്നിരിക്കുന്ന ഒരു ടിബറ്റൻ യുവതി. മാലകൾ പ്രതിമകൾ തുടങ്ങി പലതും. ഗസ്റ്റ്ഹൗസിന്റെ മുറ്റത്ത് ഒരു തുണിവിരിച്ചിട്ട് അതിൽ സാധനങ്ങൾ നിരത്തിവച്ച് അവർ ഞങ്ങളെ വിളിക്കുന്നു. ചിലരെല്ലാം ചിലതെല്ലാം

വാങ്ങി. കുട്ടൻ ഒരു കളിമൺപാത്രം വാങ്ങി. തിരിച്ചെത്തുമ്പോൾ അമ്മയ്ക്ക് കൊടുക്കാൻ.



ടിബറ്റൻ കരകൗശലം

ഉച്ചകഴിഞ്ഞ് മൂന്നു മണിക്കു രണ്ടു ബസ്സുകളിലായി ഞങ്ങൾ പുറപ്പെട്ടു. ബസ്സിൽ കയറുമ്പൊഴും ലോഡ്ജുകളിൽ മുറി എടുക്കുമ്പൊഴും ഉമാശങ്കറിന്റെ സംഘത്തിലുള്ളവർക്കു മുൻഗണന കൊടുക്കുന്നതു കുറെ ദിവസമായി ഞങ്ങൾ കാണുന്നുണ്ടായിരുന്നെങ്കിലും ആരും എതിർപ്പൊന്നും പറഞ്ഞിരുന്നില്ല. ഇന്നു പുറപ്പെടാറായപ്പോൾ ആദ്യം തയ്യാറായി പുറത്തിറങ്ങിയതു ഞങ്ങളാണെങ്കിലും പിന്നീടു തയ്യാറായ ആന്ധ്രക്കാരോട് ആദ്യം ബസ്സിൽ കയറാൻ പറഞ്ഞു. ഇതുകണ്ടു സഹിക്കാനാവാതെ റെജി മൂസ്സത് പൊട്ടിത്തെറിച്ചു. കൊച്ചുവാസുവിനോട് അദ്ദേഹം കയർത്തു സംസാരിച്ചു. യോഗിമാർ ഇടപെട്ടു രംഗം തണുപ്പിച്ചു. എങ്കിലും റെജി അത്രയെങ്കിലും പറഞ്ഞതു നന്നായി എന്നു ഞങ്ങൾക്കൊക്കെ തോന്നി. അന്നു വൈകിട്ടുമുതൽ കൊച്ചുവാസുവിലും കാര്യമായ ഒരു മാറ്റം കാണാൻ തുടങ്ങി. ഞങ്ങളുടെ മുറികളിൽ വന്ന് ക്ഷേമം അന്വേഷിക്കുക, രാവിലെ എല്ലാവർക്കും കട്ടൻകാപ്പി ഏർപ്പാടാക്കുക തുടങ്ങി കാര്യമായ ശ്രദ്ധ ഞങ്ങൾക്കും കിട്ടാൻ തുടങ്ങി.



ഒരു ടിബറ്റൻ യുവതിയും കുഞ്ഞും. കയ്യിൽ പ്രെയർ വീൽ.

അഞ്ചുമണിക്കു ദർച്ചനിലെത്തി. ചായ, സൂപ്പ്. ക്യാമ്പിംഗ് സൗകര്യങ്ങൾ തൈവെ. നാളെ മൂന്നു ദിവസത്തെ കൈലാസപരിക്രമണം ആരംഭിക്കുകയാണ്. പരിക്രമണപാതയിൽ ലഗ്ഗേജ് കൊണ്ടുവരാൻ ട്രക്ക് ഇല്ല. യാക്കുകളുടെ പുറത്തു കെട്ടിവച്ചുവേണം ബാഗുകൾ ഒരു ക്യാമ്പിൽ നിന്നു മറ്റൊരു ക്യാമ്പിലെത്തിക്കാൻ. ബാഗുകളുടെ എണ്ണംകുറയ്ക്കാനായി നാലഞ്ചു പേർക്കുള്ള സാധനങ്ങൾക്ക് ഒരു ഡഫൽബാഗ് എന്ന കണക്കിൽ പാക്ക് ചെയ്യുവാൻ വാസു നിർദ്ദേശിച്ചു.

ടിബറ്റിൽ പ്രവേശിച്ചതിനു ശേഷം ഇപ്പോൾ എണ്ണൂറിൽപരം കിലോമീറ്ററുകൾ ഞങ്ങൾ സഞ്ചരിച്ചു കഴിഞ്ഞു. കാട്മാണ്ഡുവിൽ നിന്നാകട്ടെ തൊള്ളായിരത്തി അൻപതോളവും. ഇനി കൈലാസശൈലത്തിനെ വലംവയ്ക്കാൻ അൻപത്തിമൂന്ന് കി.മീ. തിരിച്ച് കാട്മാണ്ഡുവിലേക്ക് മറ്റൊരു തൊള്ളായിരത്തൻപത്. അങ്ങിനെ ആകെ രണ്ടായിരത്തിനടുത്ത് കിലോമീറ്റർ ദൂരമാണ് ഈ യാത്രയിൽ ബസ്സിലും കാൽനടയായും സഞ്ചരിക്കേണ്ടത്. അതിൽ ആയിരത്തി അറുനൂറിലധികം കിലോമീറ്ററുകൾ ശ്വാസവായുവിനു ക്ഷാമമുള്ള ഉന്നതങ്ങളിലൂടെയുള്ള യാത്രയാണ്.

പതിവുപോലെ ഞാൻ ഡിന്നർ കഴിക്കാതെ കിടന്നുറങ്ങി.

## എട്ടാം ദിവസം: കൈലാസ പ്രദക്ഷിണം

രാവിലെ പാൽച്ചായയ്ക്കു പകരം കട്ടൻകാപ്പിയാണ് അധികംപേരും ഇഷ്ടപ്പെടുന്നത്. അതിനാൽ കട്ടൻ മതിയെന്നു പലതവണ പറഞ്ഞതാണ്. പക്ഷേ കിട്ടാറില്ല. യാക്കിൻപാൽ ചേർത്ത ചായയേ കിട്ടൂ. ഇന്നലെ റെജി മൂസതിന്റെ പ്രകടനം മൂലമാണെന്നു തോന്നുന്നു, ഇന്നു കട്ടൻകാപ്പി തന്നെ കിട്ടി. ഒൻപതുമണിക്കു ബ്രെക്ഫാസ്റ്റിന് ഉപ്പുമാവും അവിലും.

കൈലാസപരിക്രമണം– ഒന്നാം ദിവസം.

പത്തരയായപ്പോൾ പുറപ്പെട്ടു. ദർച്ചനിൽ നിന്ന് അഞ്ചെട്ടു കിലോമീറ്റർ ദൂരം ഉണ്ടെന്നു തോന്നുന്ന യമദ്വാറിലേക്ക്. ഈ സ്ഥലത്തിന്റെ പേര് ദർബോച്ചെ എന്നാണ്, അവിടെയുള്ളൊരു കവാടമാണ് യമദ്വാർ. ഇപ്പോൾ കാണുന്ന യമദ്വാരത്തിന് വലിയ പഴക്കം തോന്നുന്നില്ല. പുതുക്കിപ്പണിതതായിരിക്കാം. ദർബോച്ചെ വരെ ബസ്സിലാണു യാത്ര. 11 മണിക്ക് അവിടെയെത്തി. മുമ്പു പറഞ്ഞ നാലുപേർ പരിക്രമണം വേണ്ടെന്ന് നേരത്തെ തീരുമാനിച്ചിരുന്നതിനാൽ ദർച്ചനിൽത്തന്നെ തങ്ങി. ഇവരിൽ ഡോ. വിജയൻ പക്ഷേ ദർബോച്ചേയിലെത്തി ഞങ്ങളെ യാത്രയാക്കിയ ശേഷമാണു മടങ്ങിപ്പോയത്. എല്ലാവരും കുതിരപ്പുറത്തു കയറുന്നതിന്റെ ഫോട്ടോകളും ഡോക്ടർ വിജയൻ എടുത്തു.

ടച്ച്കൈലാസ് മുദ്രയുള്ള ചുവന്ന കോട്ടാണ് സംഘാംഗങ്ങളെല്ലാം ധരിച്ചിരിക്കുന്നത്. ഞാൻ മാത്രം നാട്ടിൽനിന്നു കൊണ്ടുവന്ന ഒരു കറുത്ത കോട്ട് ഇട്ടുകൊണ്ടാണ് യാത്ര. തണുപ്പു തടുക്കാൻ എന്റെ കോട്ട് കുറച്ചുകൂടി നന്നെന്നു പൊങ്ങച്ചം പറഞ്ഞുകൊണ്ടാണ് ഞാനതു ധരിച്ചത്. ലോപ്സാങ്ങിന് പക്ഷേ അതിഷ്ടപ്പെട്ടില്ല. 'നിങ്ങൾ കൂട്ടംതെറ്റിപ്പോയാൽ ഞങ്ങൾ എങ്ങിനെയറിയും?' അയാൾ എന്നെ ശകാരിച്ചു.

ഇനി നടപ്പുകാർ നടന്നു പോകണം. പോർട്ടർ അഥവാ ഹെൽപ്പർ ആവശ്യപ്പെട്ടിരിക്കുന്നവർക്കും കുതിര വേണമെന്നു പറഞ്ഞിരിക്കുന്നവർക്കും അതൊക്കെക്കിട്ടുന്നത് ഇവിടെനിന്നാണ്. എല്ലാവർക്കും ഓരോ വടിയും കിട്ടും. ഹെൽപ്പറെ കിട്ടിയവർ അവരുമായി നടന്നുനീങ്ങി. പലർക്കും ഞങ്ങളുടെ സഹായികളായി കാട്മാണ്ഡുവിൽ നിന്നു വന്ന പാചകക്കാരെയും മറ്റുമാണു പോർട്ടർമാരായി കിട്ടിയത്. അതു നന്നായി, ഭാഷ പ്രശ്നമാവില്ലല്ലോ എന്ന് എല്ലാവരും കരുതി. കൂട്ടനു കിട്ടിയത് ഇതിനകം പരിചയക്കാരനായി കഴിഞ്ഞ ഗോകുൽ എന്നയാ

ളെയാണ്. പരിചാരകരെ പോർട്ടർമാരായി കിട്ടിയതിന്റെ കുഴപ്പം പിന്നീടാണ മനസ്സിലായത്. അവർക്ക് അടുത്ത ക്യാമ്പിൽ നേരത്തെയെത്തി ഭക്ഷണം പാകം ചെയ്യുക മുതലായ ഡ്യൂട്ടികൾ ഉള്ളതിനാൽ അവർ നമ്മുടെ ബാക്ക്പാക്കുമായി വേഗം നടന്നപോകും. ബാഗിലുള്ള വെള്ള മോ മറ്റു സാധനങ്ങളോ വേണ്ടി വരുമ്പോൾ കിട്ടുകയില്ല. കുട്ടന്റെ ക്യാമറയുമായി ഗോകുൽ വേ ഗം പോയതിനാൽ വഴിയിൽക്കണ്ട ചില ദൃശ്യങ്ങൾ അവനു പകർത്താനായില്ല. കുതിരയെ എടുത്തവർക്കു കുതിരക്കാരൻ ബാഗു ചുമന്നുകൊള്ളും. അയാൾക്കു കുതിരയെ വിട്ടിട്ട് പോകാൻ പറ്റാത്തിനാൽ എപ്പൊഴും കൂടെത്തന്നെ  കാണും.

നറുക്കെടുപ്പുവഴിയാണ് ഓരോരുത്തർക്കുമുള്ള കുതിരയെ തെരഞ്ഞെടുക്കുന്നത്. കുതിര ക്കാരന്റെ പേരാണ നറുക്കിൽ ടിബറ്റൻ ഭാഷയിൽ എഴുതിയിരിക്കുന്നത്. ഞാൻ നറുക്കെടുത്ത പ്പോൾ സാങ്ങ എന്ന പേരാണ കിട്ടിയത്. തീരെ ആരോഗ്യമില്ലെന്നു തോന്നിച്ച ഒരു പയ്യൻ മുന്നോട്ടു വന്നു. എന്നോടു നിൽക്കാൻ പറഞ്ഞിട്ട് അയാൾ കുതിരയെ കൊണ്ടുവരാനായി പോയി.

യാത്രക്കാർ ഓരോരുത്തരായി കുതിരപ്പുറത്തു കയറി പോകാൻ തുടങ്ങി. പല നിറമുള്ള കുതിരകൾ. വെളുത്തത് കറുത്തത് തവിട്ടുനിറമുള്ളത്, ശരീരത്തിൽ നിന്നു വ്യത്യസ്തമായ നിറ ത്തിൽ തലയും വാലുമുള്ളത് എന്നിങ്ങനെ. അതിനിടയിൽ ഇന്ദിരേടത്തി ഒരു കുതിരപ്പുറത്തു കയറി യാത്രയായി. സ്ത്രീകൾ തനിച്ചുള്ളവർക്ക് (ഭർത്താവോ മകനോ മറ്റോ കൂടെയില്ലാതെ) ഏതെങ്കിലും ഒരു പുരുഷനെ ടീംമെയ്റ്റായി വിടും. ഇന്ദിരേടത്തിക്ക് മല്ലികാർജ്ജുൻ എന്നോ മറ്റോ പേരുള്ള ഒരു തടിയൻ തെലുങ്കനെയാണ് കിട്ടിയത്. അയാൾക്കു തെലുങ്കല്ലാതെ ഒന്നും അറിയില്ലെന്നു പിന്നീട് മനസ്സിലായി. യാത്രക്കിടയിൽ ഇന്ദിരാജി, ഇന്ദിരാജി എന്നു വിളിയ്ക്കാ നല്ലാതെ അയാൾക്ക് ഒന്നും പറയാനറിയില്ല. ദെറാപുക്കിലെത്താറാകുമ്പോൾ വഴി രണ്ടായി പിരിയും. ഒരു വഴി നദിയുടെ പാലം കടന്ന് ഇടത്തോട്ടുതിരിയും ചിലർ ആ വഴിക്കു പോകുന്നു. ചിലർ പാലം കടക്കാതെ വലത്തോട്ടുള്ള വഴിക്കു പോകുന്നു. ഞങ്ങളുടെ ക്യാമ്പ് പുഴയ്ക്ക് ഇടതു വശത്താണ്. കുതിര പാലം കടന്നപ്പോൾ മില്ലകാർജ്ജുനന് പരിഭ്രമമായി. ഇന്ദിരാജി ! ഇന്ദിരാ ജി! അയാൾ വിളിക്കാൻ തുടങ്ങി.

ഞാൻ കാത്തുനിന്നു. എനിക്കു കിട്ടുന്നത് എന്തുനിറമുള്ള കുതിരയായിരിക്കും ? ഒരു വെളുത്ത കുതിരയെ കിട്ടിയാൽ യാത്ര സുഖകരമായിരിക്കും, ഞാൻ വെറുതെ വിചാരിച്ചു.

.



ഞാനും എന്റെ വെള്ളക്കുതിരയും

കുറച്ചുകഴിഞ്ഞപ്പോൾ സാങ്ങ തന്റെ കുതിരയുമായി വന്നു. ഒരു വെളുവെളുമ്പൻ കുതിര! ആവൂ, ശുഭയാത്ര. സാങ്ങയുടേയും മറ്റൊരു കുതിരക്കാരന്റേയും സഹായത്താൽ ഒരുവിധത്തിൽ കുതിരപ്പുറത്തു കയറിപ്പറ്റി. സാങ്ങ കുതിരയുടെ കയററം കക്ഷത്തിൽ വച്ച് തല കുനിച്ച് നടന്നു തുടങ്ങി. വെളുത്ത കുതിരയെപ്പറ്റിയുള്ള എന്റെ സങ്കല്പം വെറും വ്യാമോഹമായിരുന്നു. കുതിരപ്പുറത്തു കെട്ടിയുറപ്പിച്ച ജീനി കൂടെക്കൂടെ ഒരു വശത്തേക്കു തെന്നിനീങ്ങും. വലതു വശത്തേക്കു വീഴാൻ തുടങ്ങുമ്പോൾ ഞാൻ ശബ്ദം വയ്ക്കും. സാങ്ങക്കു ടിബറ്റൻ ഭാഷയല്ലാതെ ആകെ ആറിയാവുന്ന ഒരേയൊരു വാക്ക് – 'ഓകെ' എന്നാണ്. അയാൾ ജീനി ഒന്നുകൂടി കെട്ടിയുറപ്പിക്കും. ഓകെ? ഓകെ ഞാൻ പറയും. പിന്നെ തിരിഞ്ഞു നോക്കാതെ അയാൾ നടക്കും പലപ്പൊഴും മൊബൈ ൽഫോൺ ചെവിയിൽ വച്ചിരിക്കുന്നതുകാണാം. പാട്ടു കേൾക്കുകയാണോ സംസാരിക്കുകയാണോ എന്നൊന്നുമറിയില്ല. വഴിയിലൊന്നും ശ്രദ്ധി ക്കുന്നില്ല. ഞാൻ കുതിരപ്പുറത്തു തന്നെയുണ്ടോ എന്നു നോക്കുന്നുമില്ല. ഈ വഴിയിൽ

മൊബൈൽ കവറേജ് ഉണ്ടാവുമോ?

വഴി തുടങ്ങുന്നിടത്താണ യമദ്വാരം എന്ന കവാടം. അതു പ്രെയർഫ്ലാഗുകളാൽ മൂടിയിരിക്കുന്നു. ടിബറ്റിലെവിടെയും ധാരാളമായിക്കാണുന്ന ഒന്നാണ് ഈ പ്രെയർഫ്ലാഗുകൾ. ബുദ്ധമത മന്ത്രങ്ങൾ പ്രിന്റുചെയ്ത റിബണുകൾ പോലെയുള്ള കടലാസുകൾ മാലപോലെ കോർത്ത് വലിച്ചുകെട്ടുന്നു. കാറ്റിൽ ഈ മാലകൾ ആടുമ്പോൾ മന്ത്രങ്ങൾ അന്തരീക്ഷത്തിൽ അലയടിക്കുന്നുവെന്നാണ വിശ്വാസം. പ്രെയർവീലുകളും ഇതുപോലെയാണ്. അവയിൽ മന്ത്രച്ചുരുളുകൾ അടക്കം ചെയ്തിരിക്കുന്നു. വീൽ എത്രതവണ തിരിയുന്നുവോ അത്രയും തവണ മന്ത്രോച്ചാരണം നടത്തിയ ഫലമാണ്.



പ്രെയർഫ്ലാഗുകളാൽ അലംകൃതമായ യമദ്വാരം

യമദ്വാരത്തിലൂടെ കടന്നുപോയാൽ പുനർജ്ജന്മമായത്രേ. മരിച്ച ഒരാളുടെ ആത്മാവിനെ യമദൂതന്മാർ യമലോകത്തിലേക്കു കൊണ്ടുപോകുന്നത് ഇതുവഴിയാണ്. പുരാണത്തിൽ നചികേതസ്സ് യമനെ കാത്തുകിടന്നത് ഇവിടെയാണ്. സാവിത്രിയുടെ പാതിവ്രത്യത്തിൽ സംപ്രീത

നായി യമൻ സത്യവാന്റെ ശരീരം സാവിത്രിക്കു വിട്ടുകൊടുത്തതും ഇവിടെവച്ചാണ്. നടന്നു പോയവർ എല്ലാവരും യമദ്വാരത്തിലൂടെ കടന്നു. കുതിര സവാരിക്കാരിൽ ചിലരൊക്കെ താഴെയിറങ്ങി വാതിലിലൂടെ അപ്പുറം കടന്നു. ഞാനിതൊന്നും അറിഞ്ഞില്ല. എന്റെ കുതിരക്കാരൻ ഒന്നും പറഞ്ഞുതന്നില്ല. എനിക്കു പുനർജന്മവും കിട്ടിയില്ല.

യമദ്വാരം കടന്നു മുന്നോട്ടു നീങ്ങുമ്പോൾ ഇരുവശത്തുമുള്ള കൂറ്റൻ പാറക്കുന്നുകൾ ഏതോ അജ്ഞാതശില്പിയുടെ ദിവ്യഹസ്തങ്ങളാൽ കൊത്തിവയ്ക്കപ്പെട്ട ശിലാഗോപുരങ്ങൾ പോലെ തോന്നിച്ചു. കൊളറാഡോ നദിയിലെ ഗ്രാൻഡ് കാനിയനെ ഓർമ്മിപ്പിക്കുന്ന ശില്പഗോപുരങ്ങൾ. അമേരിക്കൻ ഐക്യനാടുകളിലെ വിനോദ സഞ്ചാരകേന്ദ്രങ്ങൾ എല്ലാം സന്ദർശിച്ചു മടങ്ങിയെത്തുമ്പോൾ അവയിൽ ഇനിയൊരിക്കൽക്കൂടിക്കാണണമെന്നു തോന്നുന്നതു ഗ്രാൻഡ് കാനിയൻ മാത്രമാണെന്നാണെന്റെ പക്ഷം.

എനിക്കു കിട്ടിയ ശ്വേതാശ്വം തീരെ അനുസരണയില്ലാത്ത ഒന്നാണ്. വഴിവിട്ടു വലതുവശത്തേക്ക് എപ്പൊഴും എന്നെയും കൊണ്ടു നടന്നുനീങ്ങും. കയറിന്റെ നീളം അനുവദിക്കുന്നിടത്തോളം പോയിക്കഴിയുമ്പൊഴാണു സാങ്ങ ശ്രദ്ധിക്കുക. അയാൾ പിടിച്ചുവലിച്ചാലൊന്നും കുതിര വഴിയിലേക്കു തിരിച്ചുവരികയില്ല. പിന്നെ കുറെ സമയം അവിടെ നിൽക്കും. അതിനിടയിൽ ഞാൻ പിന്നെയും വലതുഭാഗത്തേക്കു വഴുതിനീങ്ങും. ഒരു തവണ പിന്നിൽ വന്ന മറ്റൊരു കുതിരക്കാരൻ എന്തോ വിളിച്ചു പറഞ്ഞു. സാങ്ങ എന്നെ താഴെയിറക്കി സീറ്റ് നന്നായി കെട്ടിയുറപ്പിച്ചു. പിന്നെ ആ കുഴപ്പം ഉണ്ടായില്ല. കർണ്ണാലി നദിയുടെ തീരത്തുകൂടിയാണു യാത്ര. ഇവിടെ ടിബറ്റിൽ ഈ നദിയുടെ പേരു ഘാഘര (ghaghara) എന്നാണ്. നേപ്പാളിൽ എത്തുമ്പൊഴാണു കർണ്ണാലി എന്നാവുക. ഇന്ത്യയിലെത്തിയാൽ ശാരദാ നദിയുമായിച്ചേർന്നു സരയൂനദിയായി രാമായണഗാഥകൾ പാടി ഗംഗാനിഷ്യന്ദത്തിൽ ചെന്നുചേരും ഈ പുണ്യനദി. നദിയുടെ മറുകരയിൽ ഒരു പറ്റം ചെമ്മരിയാടുകളുമായി നടന്നു നീങ്ങുന്ന ഏതാനും ഇടയന്മാർ.

ചിലപ്പോൾ നദിയിൽ ഇറങ്ങി വെള്ളമില്ലാത്ത സ്ഥലത്തുകൂടി വഴി പോകുന്നു. ഒരിടത്തു കുതിരയെ വെള്ളം കുടിപ്പിക്കാൻ നിർത്തി എന്നെ താഴെ ഇറക്കി. പിന്നെ കുറച്ചുദൂരം ഞാൻ നടന്നു. ക്ഷീണം തോന്നിയപ്പോൾ വീണ്ടും കുതിരപ്പുറത്തു കയറി. എന്റെ വടി സാങ്ങയുടെ കയ്യിലായിരുന്നു. അതു കാണാനില്ല. അതു ചോദിച്ചപ്പോൾ അയാൾ കൈമലർത്തി. തിരിച്ചു



കർണ്ണാലി നദി



നദിയിലെ തണുത്ത വെള്ളത്തിൽ ചവിട്ടാതെയുള്ള യാത്ര

ദർച്ചനിലെത്തുമ്പോൾ വടി മടക്കിക്കൊടുക്കണമെന്ന വ്യവസ്ഥയുള്ളതാണ്.

വഴിയിലെമ്പാടും ഇരുവശത്തും ചെറിയ കല്ലുകൾ പെറുക്കി ഒന്നിനുമുകളിൽ ഒന്നായി മറിഞ്ഞുവീഴാതെ അടുക്കിവച്ചിരിക്കുന്ന കാഴ്ച ടിബറ്റിലെ ഒരു സാധാരണ ദൃശ്യമാണ്. ഇതും ഒരുതരം ഈശ്വരാരാധനയാണ്. കല്ലുകളുടെ എണ്ണം എത്ര കൂടുന്നുവോ അത്രയും ഫലസിദ്ധി കൂടുമെന്നായിരിക്കാം സങ്കല്പം.

ഒന്നുരണ്ടു മണിക്കൂർ കഴിഞ്ഞുകാണും വഴിയിലൊരിടത്തു കുതിരയെ നിർത്തി യാത്രക്കാർ താഴെയിറങ്ങി ലഞ്ച് കഴിക്കുന്നു. എനിയ്ക്കുള്ള പാഥേയം എന്റെ ബാഗിലുണ്ട്. ബാഗ് സാങ്ങയുടെ തോളിൽ ഉണ്ട്. പക്ഷേ അയാൾ കുതിരയെ നിർത്തുന്നില്ല. ഒന്നും ശ്രദ്ധിക്കാതെ നേരെ മുന്നോട്ടു പോയി. കുറെക്കൂടി പോയിട്ടു നിർത്തുമായിരിക്കും. ഞാൻ ക്ഷമിച്ചിരുന്നു. പക്ഷേ കുറെ സമയം കഴിഞ്ഞിട്ടും അയാൾ നിർത്താൻ ഭാവമില്ല. ഞാൻ ശബ്ദംവച്ച് സാങ്ങയെ വിളിച്ചു. ഭക്ഷണം കഴിക്കാം എന്ന് ആംഗ്യം കാണിച്ചു. അയാൾ മുന്നോട്ടു ചൂണ്ടിക്കാണിച്ചു. കുറെക്കൂടി പോയാൽ ലഞ്ചിനു നിർത്താൻ പറ്റിയ സ്ഥലം ഉണ്ട് എന്നാണയാൾ പറഞ്ഞതെന്നു ഞാൻ ധരിച്ചു. അയാൾ മറ്റെന്തോ ആണു പക്ഷേ ഉദ്ദേശിച്ചത്.



തീർത്ഥാടകരും കുതിരക്കാരികളും

കർണ്ണാലി നദിയുടെ മണൽപ്പരപ്പിൽക്കൂടിയുള്ള നടപ്പാതയിലൂടെ, വഴിമുറിച്ചൊഴുകുന്ന

നീർച്ചാലുകളിലെ തണുത്ത വെള്ളത്തിൽ കാൽകുത്താതിരിക്കുവാൻ ഉരുളൻകല്ലുകളിൽ കാലു റപ്പിച്ചു നടന്നു നീങ്ങുന്ന കുതിരയുടെ അയച്ചുകെട്ടിയ ജീനിപ്പുറത്തുനിന്നു താഴെവീഴാതെ അള്ളി പ്പിടിച്ചിരുന്നു യാത്രചെയ്യവേ ഇരുവശത്തേക്കും കഴുത്തുതിരിച്ചു നോക്കുവാൻ എനിയ്ക്കാകുമായി രുന്നില്ല. വിങ്കറുകൾ (winkers) കെട്ടിയ കുതിരയെപ്പോലെ. എങ്കിലും വഴിക്കു വലത്തു വശ ത്ത് ഒരിടത്ത് ഒരാൾക്കൂട്ടം കണ്ടപ്പോൾ ഞാൻ ശ്രദ്ധിച്ചു. കൂപ്പിയ കയ്യുകളും ഓം നമശ്ശിവായ ജപിക്കുന്ന ഇടറുന്ന കണ്ഠങ്ങളുമായി കൂടി നിൽക്കുന്നവരിൽ ചിലർ സാഷ്ടാംഗം നമസ്കരി ക്കുന്നു. അതാ എനിക്കു മുന്നിൽ മഞ്ഞുടയാട അഴിച്ചു വച്ച് തന്റെ താപിഞ്ഛനീലാഭ കളേബരം കാട്ടിത്തരുന്ന എന്റെ കിരാതമൂർത്തി. പർവ്വതനാഥന്റെ പടിഞ്ഞാറെ മുഖം. ചുറ്റുമുള്ള തവിട്ടുനി റമുള്ള പാറക്കൂട്ടങ്ങൾക്കിടയിൽ വേറിട്ടുനിൽക്കുന്നു, ശംഭുവിന്റെ എണ്ണക്കറുപ്പാർന്ന ശിലാവി ഗ്രഹം.



പർവ്വതനാഥന്റെ പടിഞ്ഞാറെ മുഖം

കൈലാസനാഥന്റെ നേർക്കുയർത്തിയ തൊഴുകൈകൾപോലെയുള്ള ചില ശിലാരൂപങ്ങൾ

കണ്ടു. ഞാനും കയ്യുയർത്തി തൊഴുതു. കുതിരപ്പുറത്തുനിന്നു വീണാൽ മഹാദേവന്റെ മുന്നിൽ വീണടയുന്ന നാളികേരമാവട്ടെ എന്റെ ഈ നശ്വര ശരീരം. പക്ഷേ, കൈലാസനാഥന്റെ തട്ടകത്തു വീണുമരിക്കുവാൻ സുകൃതികൾക്കേ കഴിയൂ. "അതിനാൽ ഞാൻ ജീവനോടെ തിരിച്ചെത്തുമെന്നെനിയ്ക്കുറപ്പായിരുന്നു" രണ്ടുവർഷം മുമ്പു കൈലാസയാത്ര നടത്തിയ ഒരു ഭക്തയുടെ ബ്ലോഗിലെ വാചകം ഞാനോർത്തു.

എതിർദിശയിൽ കുതിരപ്പുറത്തും കാൽനടയായും ധാരാളംപേർ വരുന്നുണ്ട്. പലരും അടുത്തെത്തുമ്പോൾ അഭിവാദ്യം ചെയ്യുന്നു – 'ഓം നമശ്ശിവായ' ചിലർ ടിബറ്റൻഭാഷയിൽ മറ്റെന്തോ വാക്കാണുപയോഗിക്കുന്നത്. ഞാനും പ്രത്യഭിവാദനം ചെയ്തു. കൈലാസം ഹിന്ദുക്കൾക്കെന്നപോലെ ബുദ്ധമതക്കാർക്കും ജൈനന്മാർക്കും ബോൺമതക്കാർക്കും പുണ്യസ്ഥലമാണ്. ടിബറ്റിൽ ബുദ്ധമതം പ്രചരിക്കുന്നതിനു മുമ്പുള്ള ആദിമതമാണു ബോൺമതം. ടിബറ്റിലുള്ള ബുദ്ധമതക്കാർ കൈലാസത്തിനെ കാങ് റിൻപോച്ചേ എന്നാണു വിളിക്കുന്നത്. അമൂല്യമായ മഞ്ഞുമല എന്നത്രേ ഈ വാക്കിനർത്ഥം. ബോൺ വിഭാഗക്കാർ വിശ്വസിക്കുന്നത് അവരുടെ മതത്തിന്റെ സ്ഥാപകൻ ആകാശത്തിൽ നിന്നിറങ്ങി വന്നതു കൈലാസത്തിനു മുകളിലേക്കാണ് എന്നത്രേ. ജൈനമതക്കാർ വിശ്വസിക്കുന്നത് അവരുടെ ആദ്യ തീർത്ഥങ്കരനായ റിഷഭദേവന് ആത്മജ്ഞാനം ലഭിച്ചതു കൈലാസത്തിൽ വച്ചാണ് എന്നാണ്. തന്റെ അസംഖ്യം അനുയായികളോടൊപ്പം റിഷഭദേവൻ മോക്ഷത്തെ പ്രാപിച്ചതു കൈലാസപ്രാന്തത്തിൽ ഉള്ള അഷ്ടപത് പർവ്വതത്തിൽ വച്ചത്രേ.

ഹിന്ദുക്കളെപ്പോലെതന്നെ ബുദ്ധ–ജൈന മതവിശ്വാസികളും കൈലാസ പ്രദക്ഷിണം ചെയ്യുക പതിവുണ്ട്. എന്നാൽ ബോൺമതക്കാരാകട്ടെ അപ്രദക്ഷിണമായിട്ടാണു കൈലാസ പരിക്രമണം ചെയ്യുന്നത്. എന്റെ എതിർദിശയിൽ വരു ന്നവരിൽ ഈ 'ഇടംവയ്പുകാരും' ഉണ്ടാവും. ദെരാപുക്കിൽ എത്തിയശേഷം രണ്ടാം ദിവസത്തെ പരിക്രമണം ഉപേക്ഷിച്ചു തിരിച്ചുപോരുന്നവരും ഇക്കൂട്ടത്തിൽ കാണുമായിരിക്കും.

ഒരു സ്ത്രീ നമസ്കരിച്ചു പ്രദക്ഷിണംവയ്ക്കുന്ന അത്ഭുതകാഴ്ചയും കാണാനിടയായി. സാഷ്ടാംഗം പ്രണമിച്ചിട്ടു കയ്യെത്തുന്ന ദൂരത്തിൽ ഒരു വര വരയ്ക്കും. പിന്നെ എഴുനേറ്റ് ആ വരവരെ നടന്നിട്ട് വീണ്ടും നമസ്കരിക്കും. ഇങ്ങനെ കൈലാസത്തിനു ചുറ്റും നമസ്കാരമായി വലംവയ്ക്കാൻ എത്ര ദിവസം വേണ്ടിവരുമെന്ന് അറിയില്ല. ആഴ്ചകളോ മാസങ്ങളോ വേണ്ടിവന്നേക്കാം! ആ സ്ത്രീ യുടെ സഹായിയായി ഒരു പെൺകുട്ടി കൂടെ നടക്കുന്നു. മകളായിരിക്കാം.



നമസ്കാര പരിക്രമണം

കുറച്ചുകൂടി മുന്നോട്ടു ചെന്നപ്പോൾ വഴിയരികിൽ മറ്റൊരു സ്ത്രീ നമസ്കരിച്ചു കിടക്കുന്നു. കുറെസമയം കഴിഞ്ഞിട്ടും എഴുനേൽക്കുന്നില്ല. മദ്യത്തിന്റെ അളവു കൂടിപ്പോയതിനാലുള്ള നമസ്കാരമായിരിക്കുമോ? ഇവിടെ ഇക്കാര്യത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ ഒട്ടും പിന്നിലല്ല.



പരിക്രമണത്തിൽ തളർന്നുവീണതോ മദ്യം തലയ്ക്കുപിടിച്ചതോ?

കൈലാസപർവ്വതത്തിന്റെയും മാനസസരോവരത്തിന്റെയും ചുറ്റുമായി ഏകദേശം മുപ്പതോളം കിലോമീറ്റർ വ്യാസാർദ്ധത്തിൽ വ്യാപിച്ചു കിടക്കുന്ന പുണ്യഭൂമിയിൽ നിന്നാണു സിന്ധു, സിന്ധുവിന്റെ ഏറ്റവും പ്രധാന കൈവഴിയായ സത്‌ലെജ്, ബ്രഹ്മപുത്ര, ഗംഗയുടെ ഏറ്റവും പ്രധാന കൈവഴികളിലൊന്നായ കർണ്ണാലി എന്ന സരയൂ എന്നീ മഹാനദികൾ ഉത്ഭവിക്കുന്നത് എന്നുള്ളതു തന്നെ ഈ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ മഹത്വത്തെ കാണിക്കുന്നു. ഈ നദികളുടെ ഉത്ഭവസ്ഥാനം മാനസസരോവരമാണെന്ന വിശ്വാസം പക്ഷേ വാസ്തവവിരുദ്ധമാണ്.

ഹിമാലയത്തിലുള്ള പല കൊടുമുടികളേയും പർവ്വതാരോഹകർ കീഴ്പ്പെടുത്തിയിട്ടുണ്ടെങ്കിലും – 6714 മീറ്റർ (22027 അടി) ഉയരമുള്ള കൈലാസത്തിനു മുകളിൽ ഇതുവരെ ആരും കയറിയിട്ടില്ല. യൂറോപ്പ്യൻ പർവ്വതാരോഹകരുടെ ഭാഗത്തുനിന്നു ചില വിഫല ശ്രമങ്ങൾ ചിലപ്പൊഴൊക്കെ നടന്നിട്ടുണ്ട്. ഗുർലാ മാന്ധാതാ പർവ്വതം കയറാനെത്തിയ ഹെർബെർട്ട് ടിച്ചി എന്ന സാഹസികൻ കൈലാസം ചൂണ്ടിക്കാട്ടി തന്റെ സഹായിയായ ഷെർപ്പയോട് ചോദിച്ചത്രേ– 'അതിനു മുകളിൽ കയറാൻ പറ്റുമോ?' അയാൾ മറുപടി പറഞ്ഞു 'പറ്റും, പക്ഷേ അല്പം പോലും പാപം ചെയ്യാത്ത ഒരാൾക്കേ അതിനു കഴിയൂ, അയാൾക്കു പക്ഷേ കൈലാസം ചവിട്ടിക്കയറേണ്ട ആവശ്യവും വരില്ല, ഒരു പക്ഷിയെപ്പോലെ പറന്നു പൊങ്ങി കൈലാസത്തിലിറങ്ങാൻ പറ്റും'.

ചൈനീസ് ഗവൺമെന്റ് ആദ്യമൊക്കെ കൈലാസം കീഴടക്കാൻ ശ്രമിക്കുന്നവർക്കു പ്രോത്സാഹനം നൽകിയിരുന്നു. എന്നാൽ ലോകവ്യാപകമായ എതിർപ്പിനെത്തുടർന്നു ചൈന ഇപ്പോൾ കൈലാസാരോഹണം നിരോധിച്ചിരിക്കുകയാണ്. പക്ഷേ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ലാസയിൽ നിന്നും കൊടാരിയിൽ നിന്നുമൊക്കെ ഒന്നാംതരം റോഡ് വെട്ടിത്തെളിച്ച ചൈന കൈലാസപരിക്രമണപാതയും അനതിവിദൂര ഭാവിയിൽ വാഹനഗതാഗതയോഗ്യമായ ഹൈവേ ആക്കി മാറ്റുമെന്നതിൽ സംശയമൊന്നും വേണ്ട. കൈലാസപരിക്രമണം സാധിച്ചതിന്റെ ആത്മസംതൃപ്തി ആഗ്രഹിക്കുന്നവർ അതിനുമുമ്പുതന്നെ കൈലാസയാത്ര നടത്തുന്നതു നന്നായിരിക്കും!

സമയം മൂന്നുമണിയോളമാവുന്നു. ഞാൻ ഇതുവരെ ഉച്ചഭക്ഷണം കഴിച്ചിട്ടില്ല. ദെറാപുക്കിൽ എത്താറായെന്നു തോന്നുന്നു. വഴി രണ്ടായി തിരിഞ്ഞു. ഞങ്ങൾ പാലം കടന്ന് ഇടത്തോട്ടു തിരിഞ്ഞു. എനിക്കു ക്ഷമകെട്ടു. ഞാൻ താഴെയിറങ്ങണമെന്ന് ആംഗ്യം കാണിച്ചു. സാങ്ങ

കുതിരയെ നിർത്തി എന്നെ താഴെയിറക്കി. ഞാൻ ബാഗിൽ നിന്നു ഭക്ഷണപ്പൊതി വാങ്ങി തുറന്നു. ഏതോ സോസിൽ മുക്കിയ രണ്ടു സമോസ, ഒരു പാക്കറ്റ് ഫ്രൂട്ടിയും. ഞാൻ സമോസ ഒരെണ്ണം കടിച്ചുനോക്കി. തണുത്തു മരവിച്ചിരിക്കുന്നു. കൊള്ളില്ല, കളഞ്ഞേക്കാം. കേരളത്തി ലാണെങ്കിൽ അവിടെത്തന്നെ വലിച്ചൊരേറു കൊടുക്കാം. പക്ഷേ അപരിഷ്കൃതമെന്നു തോന്നി ക്കുന്ന ഈ നാട്ടിൽ ചപ്പുചവറുകൾ വലിച്ചെറിയുന്ന പതിവ് നമ്മുടെനാട്ടിലെപ്പോലെ വ്യാപക മായി ഇല്ലെന്നു തോന്നുന്നു. പ്ലാസ്റ്റിക് മദ്യക്കുപ്പികളും മറ്റും വഴിയിൽ അലക്ഷ്യമായി വലിച്ചെറി ഞ്ഞിരിക്കുന്നതു കണ്ടില്ലെന്നില്ല. എങ്കിലും പൊതുവെ കേരളത്തിലെപ്പോലെ എന്തും എവിടെ യും വലിച്ചെറിയുന്നതായിക്കണ്ടില്ല. വേണ്ടാത്ത സമോസ ഞാൻ പൊതിഞ്ഞു ബാഗിൽത്ത ന്നെ വച്ചു. ക്യാമ്പിലെത്തുമ്പോൾ ചവറ്റുകുട്ടയിൽ ഇടാം. ഞാൻ ഫ്രൂട്ടിമാത്രം കഴിച്ചു.



കൈലാസത്തിലേക്കിനിയെത്രദൂരം ?

മഴ പെയ്യാൻ തുടങ്ങി. ബാഗിൽനിന്നു റെയിൽകോട്ട് പുറത്തെടുത്തു ജാക്കറ്റിനുമുകളിൽ വലിച്ചുകയറ്റി. ഞാൻ ആവശ്യപ്പെട്ടപ്പോൾ റെയിൻകോട്ടു ധരിക്കാൻ സാങ്ങ എന്നെ സഹായി ച്ചു. ആ ശ്രമത്തിനിടയിൽ റെയിൽകോട്ടിന്റെ സിപ്പ് അയാൾ കേടാക്കി. മഴ ഇനിയും ശക്തികൂ ട്ടിയാൽ ഞാൻ നനഞ്ഞതു തന്നെ. റെയിൻകോട്ട് ഇനി കളയാനേ കൊള്ളൂ. ഏതായാലും

മഹാദേവൻ കനിഞ്ഞു. അധികം വഷളാകാതെ മഴ നിലച്ചു.

കുറച്ചുദൂരം കൂടിയേ പോകേണ്ടതുണ്ടായിരുന്നുള്ളൂ. ദെറാപുക് എന്ന സ്ഥലമായി. ആദ്യ ദിവസത്തെ ക്യാമ്പ് ഇവിടെയാണ്. സാങ്ങ എന്നെ താഴെയിറക്കി. 'സോറി' അയാൾ പറഞ്ഞു. വടി നഷ്ടപ്പെടുത്തിയതിനെക്കുറിച്ചാണ്. 'ഒകെ'യ്ക്കു പുറമെ അയാൾക്കു രണ്ടാമതൊരു വാക്കു കൂടി അറിയാം!

ഇന്ദിരേടത്തിയും മറ്റും നേരത്തെ എത്തിയിരുന്നു. രാധോപ്പോൾ നടന്നാണു പോന്നത്. അവർ എത്തിയിട്ടില്ല. ഗസ്റ്റ്ഹൗസ് ഇതിനുമുമ്പുള്ള ദിവസങ്ങളിലെ താമസസ്ഥലങ്ങൾ പോലൊക്കെത്തന്നെ. ടോയിലറ്റ് പതിവിലും കൂടുതൽ പരിതാപകരം! ഇവിടെ കിടക്കകളുടെ എണ്ണം എല്ലാവർക്കും തികയാൻ മാത്രമില്ല. എനിക്കും കുട്ടനും ഇന്ദിരേടത്തിയ്ക്കും രാധോപ്പോൾക്കും കൂടി മൂന്നു ബെഡ്ഡുള്ള ഒരു മുറി. കട്ടിലുകൾ ചേർത്തിട്ടിരിക്കുന്നു.

നടന്നുപോന്നിരുന്ന സംഘത്തിൽപ്പെട്ടവരിൽ ചന്ദ്രൻപിള്ളയുടെ ഭാര്യ ഓമനയ്ക്കു ശ്വാസതടസ്സവും മറ്റും ഉണ്ടായെന്നും അവരെ ആംബുലൻസിൽ ദർച്ചനിലേക്കു തിരിച്ചുകൊണ്ടുപോയെന്നും പിന്നീടറിഞ്ഞു. വഴി ദുർഗ്ഗമമെങ്കിലും ദർച്ചനിൽനിന്നു ദെറാപുക്കിലേക്കുള്ള പാതയിൽ ആംബുലൻസ്ജീപ്പുകൾ എത്തും. എന്നാൽ രണ്ടും മൂന്നും ദിവസത്തെ പരിക്രമണപാതയിൽ കുതിരയും യാക്കുമല്ലാതെ മറ്റൊരു വാഹനവും ലഭിയ്ക്കുകയില്ല. ഭാര്യയുടെ കൂടെ ചന്ദ്രൻപിള്ളയും തിരിച്ചു പോയി. രാധോപ്പോൾക്കും പ്രയാസം തോന്നിയതിനാൽ അക്കൂടെ പോയത്രേ. അവർക്കു കൂട്ടായി യോഗിമാരിൽ ദിനേശനും മടങ്ങിപ്പോയി. അങ്ങിനെ നാലുപേർ ദർച്ചനിലേക്കു തിരിച്ചുപോയി. സംഘാംഗങ്ങൾക്കാർക്കെങ്കിലും എന്തെങ്കിലും കാരണവശാൽ യാത്ര മുഴുവനാക്കാതെ മടങ്ങേണ്ടിവന്നാൽ യോഗിമാരിൽ ഒരാൾ അക്കൂടെ പോകണമെന്ന് അവർ പറഞ്ഞുറപ്പിച്ചിരുന്നുവത്രേ. ദിനേശന് ആരോഗ്യപ്രശ്നങ്ങളൊന്നുമില്ലെങ്കിലും കൈലാസം അടുത്തുനിന്നു കാണാനുള്ള അവസരം നഷ്ടപ്പെടുത്തി അയാൾ തിരിച്ചുപോകേണ്ടിവന്നവരുടെ കൂടെ മടങ്ങി. ഞങ്ങളുടെ സുഖസൗകര്യങ്ങളിൽ യോഗിമാരുടെ ശ്രദ്ധ ഇതുപോലെ എപ്പൊഴുമുണ്ടായിരുന്നു.

കൈലാസസന്ദർശനത്തിനായി നേപ്പാളിൽനിന്ന് അതിർത്തി കടന്നു വരുന്നവരുടെ കാര്യത്തിൽ ശാരീരികക്ഷമതാ പരിശോധനകൾ ഇല്ലാത്തത് ചിലപ്പോൾ അപകടകരമാണെന്ന് തോന്നുന്നു. ഫിറ്റ്നെസ്സ് സെർട്ടിഫിക്കറ്റ് നിർബ്ബന്ധമല്ലെങ്കിൽ അതിനായി ടി.എം.ടി, പി.എഫ്.ടി. മുതലായ ടെസ്റ്റുകൾ നാം ചെയ്യുന്നവരില്ല. കേരളത്തിലെപ്പോലെ പ്രാണവായു സമ്പന്നമായ അന്തരീക്ഷത്തിൽ ജീവിയ്ക്കുമ്പോൾ ബാഹ്യലക്ഷണങ്ങളുടെ അഭാവംമൂലം ഒരു

പക്ഷേ കണ്ടുപടിയ്ക്കപ്പെടാതെ പോകുന്ന ചെറിയ പ്രശ്നങ്ങൾ മുകളിൽ പറഞ്ഞതരത്തിലുള്ള പരിശോധനകളിലൂടെ തിരിച്ചറിയാൻ പറ്റിയേക്കും. കൂടാതെ പ്രാണായാമം തുടങ്ങിയ യോഗാ സനമുറകൾ ശീലിക്കുന്നതും ഈ യാത്രക്ക് ഉപയോഗപ്രദമായിരിക്കും. കൈലാസയാത്ര നട ത്താനുദ്ദേശിക്കുന്നവർക്ക് ഇതൊരു പാഠമായിരിക്കട്ടെ. 'സീനിയർ സിറ്റിസൻ'പട്ടം കിട്ടിയവർ പ്രത്യേകിച്ചും ഇക്കാര്യത്തിൽ ബോധവാന്മാരായിരിക്കണം.

രാധോപ്പോൾ തിരിച്ചുപോയതിനാൽ ഞങ്ങളുടെ മുറിയിൽ മൂന്നുപേർക്കു മൂന്നു കിടക്ക. നടന്നേ പോകൂ എന്നു ചന്ദ്രൻപിള്ള തീരുമാനിച്ചതാണു കുഴപ്പമായത് എന്നു ചിലരൊക്കെ പറഞ്ഞു. ഭാര്യയ്ക്കു മാത്രമെങ്കിലും ഒരു കുതിരയെ എടുത്തിരുന്നെങ്കിൽ കുഴപ്പമില്ലാതെ ഒന്നാം ദിവസത്തെ യാത്ര മുഴുവനാക്കാമായിരുന്നു. ദെറാപുക്കിലെത്തിയാൽ കൈലാസം വളരെ അടു ത്തുനിന്നു ദർശിക്കാൻ സാധിച്ചേനെ. എല്ലാം ചന്ദ്രചൂഡന്റെ നിശ്ചയം !

ദെറാപുക് ക്യാമ്പ് കൈലാസത്തിന്റെ വടക്കെ മുഖത്തിനു തൊട്ടുതാഴെയാണ്. കൈനീ ട്ടിയാൽ തൊടാമെന്നു തോന്നുന്നത്ര അടുത്ത്. പക്ഷേ ഇവിടെനിന്നു മൂന്നരമണിക്കൂർ നേരത്തെ യാത്ര കൊണ്ടേ കൈലാസത്തെ സ്പർശിക്കാനാവുന്ന 'ചരൺസ്പർശ്' എന്ന പുണ്യഭൂമിയിൽ എത്താനാവുകയുള്ളുവത്രേ. ഇന്നു പകൽ നല്ല വെയിലുണ്ടായിരുന്നതിനാൽ മഞ്ഞുരുകി ഗജാ ജിനധാരി തന്റെ കരിമ്പാറസ്വരൂപത്തോടെ ഞങ്ങൾക്കു ദർശനം തരുന്നു. സന്ധ്യയോടെ മൂടൽമഞ്ഞു വന്നു മഹേശ്വരന്റെ മഹാദേഹം മറച്ചു. കുറച്ചു സമയം കഴിഞ്ഞപ്പോൾ മഞ്ഞുമാറി തെളിഞ്ഞു. വീണ്ടും മറയുകയും വീണ്ടും തെളിയുകയും ചെയ്തു.

ഇപ്പോൾ കൈലാസശൈലത്തിന്റെ മൂന്നു വശങ്ങൾ ഞങ്ങൾ കണ്ടുകഴിഞ്ഞു. മാനസസ രസ്സിൽ നിന്നു ദക്ഷിണമുഖം ദർശിച്ചശേഷം കൈലാസത്തിനു നേരെ തെക്കുഭാഗത്തുള്ള ദർച്ച നിൽനിന്നുള്ള യാത്രയിൽ പടിഞ്ഞാറുവശവും കണ്ട് വടക്കുഭാഗത്തുള്ള ദെറാപുക്കിൽ എത്തുക വഴി യഥാർത്ഥത്തിൽ പ്രദക്ഷിണത്തിന്റെ പകുതി ദൂരം ഒരു ദിവസംകൊണ്ട് പിന്നിട്ടുകഴിഞ്ഞു. ഇനി കിഴക്കെ മുഖം മാത്രമേ കാണാനുള്ളു. അതു പക്ഷേ പരിക്രമണപാതയിൽ ഒരിടത്തുനി ന്നും ശരിയായി കാണാനാവുകയില്ലത്രേ. ഇന്നർ പരിക്രമണം എന്ന യാത്രയിലേ ആ ദർശനം കിട്ടുകയുള്ളു. ഔട്ടർ പരിക്രമണത്തിൽ ഇനി ബാക്കി വഴി കൈലാസത്തിൽ നിന്ന് അല്പംകൂടി അകലെക്കൂടി ആകയാൽ നടക്കേണ്ട ദൂരം കൂടുകയും അതു പിന്നിടുവാൻ രണ്ടു ദിവസം വേണ്ടി വരികയും ചെയ്യുന്നു.



കൈലാസം കയ്യെത്തും ദൂരത്ത്

നാളത്തെ യാത്രയാണ് ഏറ്റവും പ്രയാസമുള്ളത്. പത്തൊൻപതിനായിരത്തിൽപരം അടി ഉയരമുള്ള ഒരു ചുരം–ഡോൽമാ ലാ പാസ്സ്–കയറിയിറങ്ങണം. ഈ യാത്രയിൽ ശ്വാസ വായു ഏറ്റവും കുറവായി അനുഭവപ്പെടുന്നയിടം ഡോൾമയായിരിക്കുമെന്നു പറഞ്ഞുകേട്ടു. അവിടെ കയറിയെത്തിയാൽ കൂടുതൽ സമയം നിൽക്കാതെ ഇറങ്ങാൻ തുടങ്ങുന്നതാവും ഭേദം എന്നും കേട്ടു. ഇറക്കം കയറ്റത്തേക്കാൾ കഠിനം. കുതിരപ്പുറത്ത് ഇരുന്ന് ഇറക്കമിറങ്ങാൻ പറ്റി ല്ല. കുതിരപ്പുറത്തു വന്നവരും നടന്നു തന്നെ മലയിറങ്ങണം. കല്ലുകൾ നിറഞ്ഞ നിരപ്പല്ലാത്ത വഴിയും. (ചുവന്ന പരവതാനിയിലൂടെ നടന്നുചെന്ന് ആരെങ്കിലും ഹിമാലയം കയറിയിട്ടു ണ്ടോ– എന്നൊരു ബെന്യാമിൻ വാചകം ഓർമ്മ വരുന്നു). കയറ്റവും ഇറക്കവും കഴിഞ്ഞാൽ പിന്നെ താരതമ്യേന നിരപ്പായ വഴിയിൽക്കൂടി പത്തു കിലോമീറ്ററോളം കുതിരപ്പുറത്തോ നട ന്നോ സഞ്ചരിച്ച നാളത്തെ താവളമായ സുദുൽ പുക്കിലെത്താം. മറ്റന്നാളത്തെ യാത്ര താരത മ്യേന എളുപ്പമാണത്രേ. സുദുൽപുക്കിൽ നിന്നു വീണ്ടും കുറെദൂരം നടന്നും ബാക്കി ദൂരം, അപ്പൊ

ഴേക്കും അവിടെയെത്തി ഞങ്ങളെക്കാത്തു കിടക്കുന്ന വാഹനത്തിലുമായി ഇന്നു ഞങ്ങൾ പുറപ്പെട്ട ദർച്ചനിലെത്തി പരിക്രമണം അവസാനിപ്പിക്കാം. അപ്പൊഴേക്കും ഞങ്ങൾ പരിക്രമണ പാതയിൽ അൻപത്തിമൂന്നു കിലോമീറ്റർ സഞ്ചരിച്ച കഴിഞ്ഞിരിക്കും. ഇത്രയും ദൂരം സഞ്ചരിക്കുന്നതിനിടയിൽ കൈലാസദർശനം ഏറ്റവും നന്നായും ഏറ്റവും അടുത്തുനിന്നും കിട്ടുന്നത് ഈ ദെറാപുക്കിൽ നിന്നു തന്നെ. അതുകൊണ്ടാണ് കൈലാസത്തിന്റെ ചിത്രങ്ങൾ നാം കണ്ടിട്ടുള്ളവയിൽ ഏറിയ പങ്കും ഇവിടെനിന്ന് എടുത്തവയായത്.

നാളെ വഴിയിൽ മഴയുണ്ടാവാൻ സാദ്ധ്യതയുണ്ടെന്ന അറിയിപ്പ് വന്നു. യാത്ര എളുപ്പമായിരിക്കുകയില്ലത്രേ. ഇനിയുള്ള പരിക്രമണം ഉപേക്ഷിക്കുന്നതാവും നല്ലതെന്ന് കൊച്ചുവാസു യോഗിമാരോട് പറഞ്ഞു. പക്ഷേ അവർക്കു മാത്രമായി ഒരു തീരുമാനമെടുക്കാനാവുമായിരുന്നില്ല. കൊച്ചുവാസുവിന്റെ ഉപദേശം അനുസരിക്കാതിരിക്കാനും അവർക്കു കഴിയില്ലായിരുന്നു. ഞങ്ങളുടെയുംകൂടി അഭിപ്രായപ്രകാരം തീരുമാനമെടുത്തുവെന്ന് തോന്നിപ്പിക്കുന്ന രീതിയിൽ അവർ ആ നിശ്ചയം കൊച്ചുവാസുവിനെ അറിയിച്ചു. അങ്ങനെ രണ്ടും മൂന്നും ദിവസത്തെ യാത്ര ഉപേക്ഷിക്കാനും നാളെ ദർച്ചനിലേക്കു മടങ്ങാനും തീരുമാനമായി. ഈ യാത്ര പല തവണ നടത്തിയിട്ടുള്ള ഉമാശങ്കർ നയിക്കുന്ന ആന്ധ്രാഗ്രൂപ്പും മടങ്ങിപ്പോകാൻ തന്നെയാണു തീരുമാനിച്ചതെന്നറിഞ്ഞപ്പോൾ ഞങ്ങൾക്കും സംശയിക്കാനുണ്ടായിരുന്നില്ല. ഇപ്പോൾ ആലോചിക്കുമ്പോൾ പരിക്രമണം മുഴുവനാക്കാൻ പറ്റാത്തതിൽ കുണ്ഠിതം ഇല്ലാതില്ല. ഈ പ്രായത്തിൽ 'ഇനി ഒരിക്കൽ' എന്നു ചിന്തിക്കാനും വയ്യല്ലോ. അപ്പോൾ ഏതായാലും ആ തീരുമാനത്തിൽ പലർക്കും ആശ്വാസമാണു തോന്നിയത്. രഘുമോഹൻ പക്ഷേ തന്റെ നിരാശ തുറന്നു പറയാതിരുന്നില്ല.

## ഒൻപതാം ദിവസം: പർവതനാഥന്റെ നീരാട്ട്

വെളിച്ചം പരക്കുന്നതിനു വളരെ മുമ്പ് എഴുന്നേറ്റു. വെളിയിലിറങ്ങി നോക്കി. മഴ ചെറുതായി പൊഴിയുന്നുണ്ടായിരുന്നു. കൈലാസം കാണാനില്ല. പോയിക്കിടന്ന് ഒന്നുകൂടി ഉറങ്ങി.

മഴയിലേക്കു വിടർന്ന പ്രഭാതം പിന്നീട് വെയിലിലേക്കു തെളിഞ്ഞുണർന്നു. വെളിച്ചം പരന്നപ്പോൾ വീണ്ടും എഴുന്നേറ്റ് പുറത്തിറങ്ങി. ധാരാധരശ്യാമളാംഗൻ ധാരകഴിഞ്ഞ് വെൺപട്ടുടുത്ത് പുഞ്ചിരിക്കുന്ന മുഖവുമായി നിൽക്കുന്നു. അലങ്കാരഗോപുരങ്ങളില്ല, സ്വർണ്ണത്താഴികക്കുടങ്ങളുള്ള ശ്രീകോവിലുകളില്ല, പ്രതിഷ്ഠയില്ല, വിഗ്രഹങ്ങളില്ല, പൂജാരിമാരോ കഴകക്കാരോ

ഇല്ല. ആനയില്ല അമ്പാരിയില്ല മേളക്കാരില്ല. എന്നിട്ടും സർവ്വജഗത്തിന്റേയും മാതാപിതാക്കളായ (ജഗതഃ പിതരൗ) പാർവ്വതീപരമേശ്വരന്മാരുടെ വാസസ്ഥാനമായ ഈ വെള്ളിക്കുന്നിന്റെ തൊട്ടുതാഴെ കണ്ണടച്ചു കൈകൂപ്പി നിൽക്കുമ്പോൾ ഏത് ശ്രീകോവിൽ നടയിൽ നിൽക്കുമ്പൊഴും തോന്നിയിട്ടില്ലാത്ത ശാന്തത. പർവ്വതനാഥൻ പാർവ്വണേന്ദുമുഖിയോടും പരിവാരങ്ങളോടും കൂടി ഇതാ എന്റെ കൺമുന്നിൽ. ഞാൻ കണ്ണുകൾ ഇറുക്കിയടച്ച് ഈ ദൃശ്യം മനസ്സിലുറപ്പിക്കട്ടെ, ഇനിയെന്നും കണ്ണടച്ചാൽ എനിക്കീക്കാഴ്ച കാണാൻ തക്കവണ്ണം.

മഹാദേവാ, അവിടുന്ന് ആദികിരാതമൂർത്തിയാണ്. കിരാതധർമ്മം വേട്ടയാടലാണ്. അതിനായി അവിടുന്ന് അവിടെയുമിവിടെയും അലയേണ്ടതില്ല. എന്റെ മനസ്സിൽ വന്നിരുന്നാൽ മതി. കാമക്രോധലോഭമോഹമദമാത്സര്യങ്ങളാകുന്ന ദുഷ്ടമൃഗങ്ങൾ വിഹരിക്കുന്ന കാടാണെന്റെ മാനസം. അവിടെ നിത്യമായി വസിച്ചു നായാട്ടു നടത്തിക്കൊള്ളൂ. 'മാഗഛത്വമിതസ്തതോ ഗിരിശ ഭോ മയ്യേവ വാസം കുരു'

രാത്രിയിൽ പലതവണ എഴുന്നേറ്റു ജനാലയിലൂടെ നോക്കി കൈലാസം അവിടെത്തന്നെയില്ലേ എന്ന് ഉറപ്പുവരുത്തി വീണ്ടും കൈലാസനാഥന്റെ മടിയിലെന്നപോലെ സമാധാനമായി കിടന്നുറങ്ങി എന്നു ജയശ്രീ രാവിലെ പറഞ്ഞു. അഛന്റെ കൂടെ ഉറങ്ങാൻ കിടന്ന കുട്ടി ഇടക്കിടക്കു ഞെട്ടിയുണർന്ന് അഛൻ കൂടെത്തന്നെ കിടക്കുന്നില്ലേ എന്നു തപ്പിനോക്കി ഉറപ്പുവരുത്തുന്നതു പോലെ.

സംസ്കൃതഭാഷയിൽ കേലാസം –കേലാസഃ– എന്ന വാക്കിന് സ്ഫടികം അല്ലെങ്കിൽ പളുങ്ക് എന്നാണർത്ഥം. 'കൈലാസ'മെന്നാൽ സ്ഫടികമയം എന്നും. ശിവനും പാർവ്വതിയും വാഗർത്ഥങ്ങളെപ്പോലെ സംയുക്തരായി വാസം ചെയ്യുന്ന കൈലാസത്തിന്റെ പാർശ്വത്തിലായി കുബേരന്റെ രാജധാനിയായ അളകാപുരി സ്ഥിതിചെയ്യുന്നു. അതുപോലെ യക്ഷകിന്നരഗന്ധർവ്വാദികൾ കൈലാസവാസികളാണെന്നു മഹാഭാരത്തിൽ പറയുന്നുണ്ട്.

മുന്നോട്ടുള്ള പരിക്രമം ഉപേക്ഷിച്ചതറിഞ്ഞു കുതിരക്കാരെല്ലാം വലിയ ഉത്സാഹത്തിലായിരുന്നു. മൂന്നുദിവസത്തെ യാത്രക്കു പണം അടച്ചതാണ്. ഒരു കുതിരക്ക് 2000 യുവാൻ. ഒരു യുവാനു പത്തര രൂപ പ്രകാരം 21000 രൂപ. പോർട്ടർ മാത്രം എടുത്തവർക്ക്– 600 യുവാൻ. കൊടുത്തപണം ഏതായാലും തിരിയെക്കിട്ടില്ല. തിരിച്ചു ദർച്ചനിലെത്തിയാൽ അവർക്കു നാളെ വേറെ യാത്രക്കാരെയും കൊണ്ടു വീണ്ടും പരിക്രമണത്തിനു പോകാം. ഞങ്ങൾ കൊടുത്തപണം മുഴുവൻ കുതിരക്കാർക്കു കിട്ടുമോ അതോ യൂണിയന്റെ പൊതുഫണ്ടിലേക്കു മുതൽ

കൂട്ടമോ എന്നറിയില്ല. ഏതായാലും രാവിലെ മുതൽ കുതിരക്കാർ വന്ന് ഓരോ മുറിയിലും കയറിയിറങ്ങി നോക്കാൻ തുടങ്ങി. അവരവരുടെ കുതിരപ്പുറത്തു വന്ന യാത്രക്കാർ എവിടെ എന്നറിയാൻ. ഭാഷ അറിയാത്തതിനാൽ ആർക്കും ഒന്നും ചോദിക്കാനോ പറയാനോ പറ്റില്ല. കൂട്ടത്തിൽ എന്റെ കുതിരക്കാരൻ സാങ്ങയും ഉണ്ടായിരുന്നു.

രാവിലെ ഒൻപതരമണിക്കു മടക്കയാത്ര ആരംഭിച്ചു. ഇന്നലത്തെപ്പോലെ മഴയുടെ ലാഞ്ചന ഇല്ല. എങ്ങിനെയും ദർപോച്ചേയിലെത്തിയാൽ എന്റെ കീറിയ റെയിൻകോട്ടിനെ മറക്കാം. വഴിയിൽ തെരക്കുണ്ടായിരുന്നു. എതിർദിശയിൽ ധാരാളംപേർ വരുന്നുണ്ട്. ഇന്നു ദെറാപുക്കിലേക്കു പോകുന്ന തീർത്ഥയാത്രക്കാരുടെ സാമാനങ്ങളും വഹിച്ചുകൊണ്ടു യാക്കുകൾ കൂട്ടമായി വരുന്നു.



ഭാരവാഹികളായ യാക്കുകൾ

അവർ തോന്നിയ വഴിയാണു സഞ്ചാരം. മറ്റു വളർത്തുമൃഗങ്ങളെ അപേക്ഷിച്ച് അനുസരണശീലം കുറവായ കൂട്ടരാണെന്നു തോന്നുന്നു യാക്കുകൾ. നമ്മുടെ അടുത്തുകൂടി കടന്നു പോയാൽ

ഭയമാകും. വലിപ്പംകൊണ്ടു തോന്നുന്നതാകാം. സാധുശീലന്മാരായിരിക്കാം. വളർച്ചയെത്തിയ ഒരു ആൺയാക്കിന് ആറടിയിലധികം പൊക്കം വരാമത്രേ.



കർണ്ണാലീതീരത്തുനിന്നൊരു ദൃശ്യം

യാക്കിൻപറ്റങ്ങളെ വളർത്തി ചുമടെടുപ്പിച്ചും പാലെടുത്തും രോമം മുറിച്ചുവിറ്റും അറുത്ത് ഇറച്ചി യാക്കിമാറ്റിയും ജീവിയ്ക്കുന്ന യാക്കിടയന്മാർ ഹിമാലയപ്രദേശങ്ങളിൽ ധാരാളമുണ്ടത്രേ. ടിബറ്റിലെത്തിയതു മുതൽ ഞങ്ങൾ കഴിക്കുന്ന ചായയിൽ യാക്കിൻപാലാണു ചേർത്തിരിക്കുന്നത്. ഞങ്ങൾക്കു വിളമ്പിയ തൈര് യാക്കിൻതൈരാണ്. തണുപ്പിനെ പ്രതിരോധിക്കാനായി യാക്കിന്റെ ശരീരത്തിന്റെ ഇരുവശങ്ങളിലും കഴുത്തിലും കൈകാലുകളിലും വാലിലും ധാരാളമായി രോമം വളരുന്നു. ഇവയുടെ വാലിൽ ഇടതൂർന്നുവളരുന്ന തൂവെള്ളരോമരാജി വെൺചാമരം ഉണ്ടാക്കാൻ ഉപയോഗിക്കുന്നുണ്ടത്രെ. ചമരിമാനിന്റെ രോമത്തിൽനിന്നാണ് ചാമരം ഉണ്ടാക്കുന്നത് എന്നാണല്ലോ പഠിച്ചിരിക്കുന്നത്. യാക്കിന് chauri gua എന്നും പേരുകാണുന്നുണ്ട്. ഇനി ചമരിയും യാക്കും ഒരേ വർഗ്ഗത്തിന്റെ വകഭേദങ്ങളായിരിക്കുമോ? ഈ കാണുന്ന

വ യാക്കിന്റെ ശുദ്ധ വർഗ്ഗമായ wild yak അല്ല, പശുവുമായിച്ചേർന്നുണ്ടായ സങ്കര വർഗ്ഗമാണ്. നൂറ്റാണ്ടുകളായി ഈ സങ്കരവർഗ്ഗത്തെ ഹിമാലയൻ പ്രദേശങ്ങളിലുള്ളവർ വളർത്തുന്നു. ചെമ്മരിയാടുകളെപ്പോലെ എളുപ്പമല്ല ഇവയെ തെളിച്ചു കൊണ്ടു പോകാൻ. ഒരിക്കൽ ഇന്ത്യയുടെ പടിഞ്ഞാറെ അതിർത്തി ദേശത്തുള്ള ഒരു ഇടയൻ വഴിതെറ്റി മഞ്ഞുമലയിലേക്കു കയറിപ്പോയ തന്റെ ഒരു യാക്കിനെ അന്വേഷിച്ചു വളരെദൂരം സഞ്ചരിക്കുകയും പാകിസ്ഥാൻ അതിർത്തിയോടടുത്തെത്തിയപ്പോൾ ശത്രുസൈന്യത്തിന്റെ ചില പടനീക്കങ്ങൾ കാണാനിടയാവുകയും വിവരം ഇന്ത്യൻ പട്ടാള ക്യാമ്പിൽ അറിയിക്കുകയും ചെയ്തു. പിന്നെ നടന്നതു ചരിത്രത്തിന്റെ ഭാഗമായ കാർഗിൽയുദ്ധം.

ഞങ്ങൾ യാത്ര തുടർന്നു. വഴിയിൽവച്ചു ഡോ.എൻപിപിയുടെ കുതിരക്കാരിയും എന്റെ കുതിരക്കാരനും തമ്മിൽ ചങ്ങാത്തംകൂടി. രണ്ടു കുതിരകളും പലപ്പൊഴും പരസ്പരം വളരെ അടുത്തു ചേർന്നു സഞ്ചരിക്കുകയും പുറത്തിരിക്കുന്ന ഞങ്ങൾക്കു പലപ്പൊഴും കാലുകൾ കൂട്ടിമുട്ടി പ്രയാസം ഉണ്ടാവുകയും ചെയ്തതൊന്നും വകവയ്ക്കാതെ അവർ സല്ലപിച്ചുകൊണ്ടു യാത്ര തുടർന്നു. ഫ്രൂട്ടിയോ മറ്റോ വാങ്ങി പരസ്പരം പങ്കിട്ടു കുടിക്കുകയും മറ്റും ചെയ്യുന്നുണ്ടായിരുന്നു. നാലുമണിക്കൂർ സഞ്ചരിച്ച് ഒന്നരമണിക്കു യമദ്വാറിലെത്തി. പരസ്പരം മൊബൈൽ നമ്പർ കൈമാറിയിട്ടാണ് കുതിരക്കാർ പിരിഞ്ഞത്. 'അവൾ മറ്റു പലർക്കും നമ്പർ കൊടുക്കുന്നതു കണ്ടു', പ്രേമസല്ലാപരംഗങ്ങൾ കണ്ടുകൊണ്ടു മറ്റൊരു കുതിരപ്പുറത്തു ഞങ്ങളുടെ പിന്നാലെ വന്നിരുന്ന ജയശ്രീ പറഞ്ഞു. 'ഈ വഴികളിൽ ഇതൊരു പതിവു കാഴ്ചയാണ്' പരിചയമുള്ള മറ്റാരോ അപ്പോൾ പറയുന്നതു കേട്ടു.

ദർബോച്ചെയിൽ ഞങ്ങളുടെ ബസ്സ് കാത്തുകിടന്നിരുന്നു. ചില കുതിരക്കാർ നേരത്തെ എത്തിയിരുന്നു. എല്ലാവരും എത്തുന്നതുവരെ ഞങ്ങൾ കാത്തിരുന്നു. വേഗം നടന്ന കാൽനടക്കാരും പതുക്കെ നടന്ന കുതിരകളും നാലുമണിക്കൂർ എടുത്തു ദെറാപുക്കിൽ നിന്നു ദർബോച്ചെയിലെത്താൻ. ഇന്നുമഴയുണ്ടായില്ല. കുട്ടനും റെജി മൂസതും ചരൺസ്പർശ് എന്ന സ്ഥലത്തേക്കുള്ള വഴിയിൽ കൈലാസത്തിനു സമീപത്തേക്കു പോയതിനാൽ വരാൻ വൈകി. മറ്റുള്ളവരൊക്കെ എത്തിയപ്പോൾ ഞങ്ങളുടെ ബസ്സ് പുറപ്പെട്ടു. അവിടെനിന്നു ബസ്സിൽ ദർച്ചനിലെത്താൻ പതിനഞ്ചുമിനിട്ടേ വേണ്ടിവന്നുള്ളൂ.

റെജിമൂസതും കുട്ടനും അവരുടെ സഹായികളായ രണ്ടു നേപ്പാളികളും കൂടി ചരൺസ്പർശ് സന്ദർശിക്കാൻ പോയി. കുറെ ദൂരം പോയപ്പോൾ വഴി ദുർഘടമായിത്തോന്നിയതിനാൽ റെജി

യാത്ര മതിയാക്കി ഒരിടത്തിരുന്നു. കുട്ടൻ കൈലാസത്തിന് ഏകദേശം അടുത്തുവരെ എത്തിയത്രേ. ഉരുകി ഒലിച്ചുകൊണ്ടിരുന്ന ഒരു ഗ്ലേസിയർ അവന്റെ മുന്നോട്ടുള്ളയാത്ര മുടക്കി. 'തുഷാരസംഘാതശിലാതലങ്ങളിൽ' ക്കൂടിയുള്ള യാത്ര ദുഷ്കരമായപ്പോൾ അവൻ തിരിച്ചു നടന്നു. കൈലാസം തൊടാവുന്നത്ര അടുത്തെത്താൻ കുട്ടനു കഴിഞ്ഞില്ല. എങ്കിലും ചില നല്ല ഫോട്ടോകൾ എടുക്കാൻ പറ്റിയെന്ന സംതൃപ്തിയോടെ അവൻ മടങ്ങി. നന്ദിപർവ്വതം അടുത്തുനിന്നു കാണാനും ക്യാമറയിൽ പകർത്താനും കുട്ടനു സാധിച്ചു. അവർ രാത്രി ഏഴുമണിയായി ദർച്ചനിൽ തിരിച്ചെത്തിയപ്പോൾ.



നന്ദിപർവ്വതം, മൂടൽമഞ്ഞിൽ മറഞ്ഞ കൈലാസവും

ഉമാശങ്കറിന്റെ ടീമിൽപ്പെടാത്ത രണ്ട് ഉത്തരേന്ത്യക്കാർ ആന്ധ്രാസംഘത്തിൽ ഉണ്ടായിരുന്നു. അവർ ടച്ച്കൈലാസുമായി നേരിട്ടു ബന്ധപ്പെട്ടപ്പോൾ അവരെ ആന്ധ്രാസംഘത്തിൽ പെടുത്തി അയക്കുകയാണു ബസു ചെയ്തത്. സാഹസികയാത്രകൾ ഇഷ്ടപ്പെടുന്ന അവർ ഒന്നിൽക്കൂടുതൽ തവണ കൈലാസയാത്ര നടത്തിയിട്ടുള്ളവരാണ്. അവർ രണ്ടുപേർ മാത്രം ഇന്ന് ഒരു ദിവസംകൊണ്ട് പരിക്രമണത്തിന്റെ രണ്ടും മൂന്നും ദിവസങ്ങളിലെ പാതയിലൂടെ കാൽനടയായി അതിവേഗം സഞ്ചരിച്ചു വൈകിട്ട് ദർച്ചനിലെത്തി. നാളെ അവർ ഇന്നർപരിക്രമണ

ത്തിനു പോവുകയാണത്രേ. ത്രിയോഗിമാരെ വേണമെങ്കിൽ അവരുടെകൂടെ ഇന്നർപരിക്രമണ ത്തിന് അയയ്ക്കാമെന്നു ബസു അധികാരി പറഞ്ഞു. എങ്കിലും അവർ അതിനു തയ്യാറായില്ല. സംഘാംഗങ്ങളെവിട്ട് അവർമാത്രമായി ഒരു യാത്രവേണ്ട എന്ന് അവർ കരുതിയിരിക്കാം. ത്യാഗം യോഗീസഹജം. അടുത്ത തവണത്തെ യാത്രയിൽ ആ നടപ്പ് നടക്കണമെന്ന് ശ്രീജി ത്ത് ഉദ്ദേശിക്കുന്നു. ശ്രീജിത്തിന്റെ ആശ നടക്കട്ടെ.

പനിയോ മറ്റോ വന്നെങ്കിലോ എന്നു കരുതി ഞങ്ങൾ കുറച്ച് പൊടിയരി കയ്യിൽ കരു തിയിരുന്നു. ചമ്മന്തിപ്പൊടി കടുമാങ്ങ മുതലായതു ചിലരുടെ കൈവശം ഉണ്ടായിരുന്നു. ഇനി യിപ്പോൾ അതിന്റെയൊന്നും ആവശ്യം വരില്ല. നേപ്പാൾ പാചകക്കാർക്ക് പൊടിയരിക്കഞ്ഞി വയ്ക്കാൻ അറിയില്ല. പരമേശ്വരനും സുശീലയും കൂടി അടുക്കളയിൽ പോയി കഞ്ഞി വയ്ക്കാൻ അവരെ പഠിപ്പിച്ചു. ഇന്ന് അത്താഴം പൊടിയരിക്കഞ്ഞിയും ചമ്മന്തിപ്പൊടിയും ഉപ്പിലിട്ടതും. എല്ലാവർക്കും സന്തോഷം. ശ്രീപരമേശ്വരൻ പത്നീസമേതനായി കഞ്ഞിവച്ചു വിളമ്പുന്നു. ഞാൻ ഏതാനും ദിവസങ്ങളായി അത്താഴത്തിനു മുമ്പ് കിട്ടുന്ന സൂപ്പല്ലാതെ രാത്രിയിൽ മറ്റൊ ന്നും കഴിക്കുക പതിവില്ല. ഇന്നു കഞ്ഞി കുടിച്ചു, വയറു നിറയെ.

## പത്താം ദിവസം: ഗുരുപൂർണ്ണിമ

ബ്രെക്ഫാസ്റ്റ് കഴിഞ്ഞ് ഒൻപതരക്കു മാനസസരോവരത്തിലേക്കു പുറപ്പെട്ടു. ആന്ധ്രക്കാ രിൽ ചിലർ ഇന്നും സരസ്സിൽ മുങ്ങിക്കുളിച്ചു. ഞങ്ങളുടെ ഗ്രൂപ്പിൽ നിന്നു രഘുമോഹൻ മാത്രം കുളിച്ചെന്നു പറയുന്നതു കേട്ടു. രാമചന്ദ്രൻസാറും ഭാര്യ ദേവകിയും കൂടി തടാകക്കരയിൽ ടവ്വൽ വിരിച്ച് അതിലിരുന്ന് എന്തോ മന്ത്രങ്ങളോ സ്തോത്രങ്ങളോ മറ്റോ ചൊല്ലുന്നതുകേട്ടു. മാനസ സരസ്സിൽ നിന്നു കഴിഞ്ഞ ദിവസം തീർത്ഥം ശേഖരിക്കാൻ പറ്റാത്തവർ ഇന്ന് അവരുടെ പാ ത്രങ്ങളും മനസ്സും നിറച്ചു. വെള്ളത്തിന് അന്നത്തേക്കാൾ തണുപ്പ് വളരെ കൂടുതൽ ഉണ്ടായിരു ന്നു. ഇന്നു ഗുരുപൂർണ്ണിമ. ആഷാഢമാസത്തിലെ പൗർണ്ണമി ദിനമാണു ഗുരുപൂർണ്ണിമയായി ആ ഘോഷിക്കുന്നത്. ബുദ്ധഭഗവാൻ സാരാനാഥത്തിൽ വച്ച് ശിഷ്യർക്ക് ജ്ഞാനം ഉപദേശിച്ച ദിവസമായി ബുദ്ധമതക്കാർ ഇതിനെ ആചരിക്കുന്നു. വ്യാസനെന്ന ലോകഗുരുവിനെ ആദരി ക്കാനായി ഹിന്ദുക്കൾ ഈ ദിനം ആചരിക്കുന്നു. പൗർണ്ണമി രാത്രിയിൽ ദേവാംഗനകൾ ഇവിടെ നീരാടാനെത്തുമത്രേ. മൂന്നു ദിവസത്തെ കൈലാസപരിക്രമണം പൂർത്തിയാക്കി ഇന്നു




സരോവരത്തിലൊരു തർപ്പണം

വൈകിട്ട് ഇവിടെയെത്തുകയും ഇന്നു രാത്രി ഇവിടെ താമസിക്കുകയും തടാകക്കരയിൽ വന്നു നിന്ന് പൂർണ്ണ ചന്ദ്രപ്രഭയിൽ ആ അഭൗമസൗന്ദര്യം ആസ്വദിക്കുകയും ഭാഗ്യം അനുവദിച്ചാൽ ശശിശേഖരബിംബം അവസാനമായി ഒരിക്കൽക്കൂടി ദർശിക്കുകയും നാളെ രാവിലെ ഇവിടെ നിന്നു മടക്കയാത്ര ആരംഭിക്കുകയും ചെയ്യാനായിരുന്നു ആദ്യത്തെ പ്ലാൻ. പരിപാടിയിൽ മാറ്റം വന്നതിനാൽ ഇന്നു രാവിലെ തന്നെ മടങ്ങുന്നു.

ഇങ്ങോട്ടുള്ള യാത്രയിലേതുപോലെ വഴിയിൽ ബസ്സ് മാറിക്കയറി (ഞങ്ങൾ കൊടാരി യിൽ നിന്നു വന്ന ബസ്സ് അവിടെ കാത്തുകിടന്നിരുന്നു) യാത്ര തുടർന്നു. വൈകുന്നേരത്തോടെ ഡോങ്ബയിലെത്തി.

കൈലാസത്തിലേക്കുള്ള യാത്രയിൽ ഇവിടെ വന്നപ്പോൾ  തങ്ങിയ അതേ ഗസ്റ്റ്ഹൗ സിൽ അന്നു കിടന്ന അതേ മുറി. ഞങ്ങൾ അഞ്ചുപേർ ഈ മുറിയിൽ കിടന്നു. ടോയിലറ്റുപേ ക്ഷിച്ച് വെളിമ്പ്രദേശം നോക്കി കുറെ ദൂരം നടന്നു. വഴിയിൽ ആളൊഴിഞ്ഞ ഒരിടത്തുപോയി

ഇരുന്നു. എന്തോ ശബ്ദംകേട്ടു തിരിഞ്ഞു നോക്കിയപ്പോൾ ഒരു കറുമ്പൻ നായ കുറച്ചകലെ എന്നെത്തന്നെ നോക്കിക്കൊണ്ടു കിടക്കുന്നു. ടിബറ്റിൽ ഞങ്ങൾ കണ്ട നായകളിൽ പകുതി യിലധികവും കറുത്തവയാണ്. തണുപ്പിനെ പ്രതിരോധിക്കാൻ ഇവയ്ക്ക് നീണ്ട രോമങ്ങൾ കൊടു ത്തിരിക്കുന്നതിനാൽ കാഴ്ചയിൽ കേരളത്തിലുള്ള നായകളേക്കാൾ ഭീകരന്മാരാണിവർ. രാത്രി തനിച്ചിറങ്ങി നടന്നാൽ ഇവ സംഘംചേർന്ന് ആക്രമിക്കുമെന്ന് മുന്നറിയിപ്പു കിട്ടിയിരുന്നു. ഞങ്ങൾ താമസിച്ച സ്ഥലങ്ങളിലെല്ലാം രാത്രിയിൽ നായ്ക്കളുടെ ഓരിയിടൽ കേട്ടിരുന്നു. സമ യം സന്ധ്യ ആയിട്ടില്ല, പക്ഷേ നല്ല തണുത്ത കാറ്റടിച്ചതിനാൽ പല നിര വസ്ത്രങ്ങൾ ധരിച്ചി രുന്നിട്ടും ശരീരം തണുത്തു വിറയ്ക്കാൻ തുടങ്ങി. ഞാൻ വേഗം താമസസ്ഥലത്തേക്കു നടന്നു.



പാറക്കുന്നുകളിലെ വർണ്ണഭേദങ്ങൾ

## പതിനൊന്നാം ദിവസം: ഹിമവൽ ശൃംഗങ്ങളേ വിട

രാവിലെ ബ്രെക്ഫാസ്റ്റ് കഴിഞ്ഞ് ഒൻപതരക്കു പുറപ്പെട്ടു. പന്ത്രണ്ടുമണിയോടെ സാഗയിലത്തി. ഡ്രൈവർമാർക്ക് ഉച്ചഭക്ഷണം കഴിക്കാനായി ഇവിടെ കുറച്ചുസമയം എടുത്തു. അവിടെ നിന്നു പുറപ്പെട്ടു ബ്രഹ്മപുത്രയുടെ പാലം കടന്നു വഴിയിൽ നദീതീരത്തു നിർത്തി ലഞ്ച് കഴിച്ചു. ആന്ധ്രക്കാരിലൊരാൾ അവരുടെ നേതാവിന്റെ വിലക്കിനെ വകവയ്ക്കാതെ അവിടെയും നദിയിലിറങ്ങി കുളിക്കുന്നതു കണ്ടു. ഞാൻ വെള്ളത്തിൽ കൈവച്ചു നോക്കി നല്ല തണുപ്പ്. വെള്ളം കലങ്ങിയിരുന്നു. ഇവിടെ ബ്രഹ്മപുത്ര ശാന്തമായൊഴുകുന്നു. ഹിമാലയഗിരിശൃംഗങ്ങൾക്കിടയിൽ തടവറയിലകപ്പെട്ടുപോയ ഈ പുണ്യജലവാഹിയെ മലകൾ വെട്ടിപ്പിളർന്നു സ്വതന്ത്രനാക്കിയത് തെക്കൊരുദിക്കിൽ ജലത്തിൽനിന്നു കരയെ വീണ്ടെടുത്ത അതേ പരശുരാമനെന്ന് ഐതിഹ്യം. ഹിമാലയത്തിലെ മഞ്ഞുരുകിയ വെള്ളവുമായെത്തുന്ന അസംഖ്യം നീർച്ചാലുകളേയും ചെറുതും വലുതുമായ നദികളേയും കൂടെക്കൂട്ടിക്കൊണ്ടു രണ്ടായിരത്തോളം കിലോമീറ്റർ കിഴക്കോട്ടൊഴുകി വലംതിരിഞ്ഞു തെക്കോട്ട് ഭാരതത്തിൽ പ്രവേശിക്കുമ്പൊഴേക്കും ഉഗ്രരൂപിയായി പൗരുഷംകൊണ്ട് ഇന്ത്യയിൽ പുരുഷനാമം സ്വീകരിച്ച് എമ്പാടും നാശംവിതച്ച് ഗംഗയുമായി കൈവഴി പങ്കുവച്ചു ബംഗാളിന്റേയും വടക്കുകിഴക്കൻ ഇന്ത്യയുടേയും ബംഗ്ലാദേശിന്റേയും കണ്ണീരായി മാറുന്ന ബ്രഹ്മപുത്ര! ഇവിടെ നീയെത്ര ശാന്തൻ.

വൈകിട്ടോടെ ഞാലത്തിനല്പം മുമ്പ്– 'മിലറെപായുടെ ഗുഹ' യുടെ സമീപം ബസ്സ് നിർത്തി. റോഡിൽ നിന്നു വളരെ താഴെ നദിയുടെ തീരത്തായി ഒരു ഗുഹാക്ഷേത്രം. പ്രസിദ്ധ ബുദ്ധമതാചാര്യൻ ആയിരുന്ന മിലെറെപാ ഈ ഗുഹയിൽ തപസ്സുചെയ്താണത്രേ വിശേഷ സിദ്ധികൾ സ്വായത്തമാക്കിയത്. ടിബറ്റിലെ ആദിമ മതപ്രവാചകരെ തോല്പിച്ച് ബുദ്ധമതത്തിനു പ്രചാരമുണ്ടാക്കിയ ആത്മീയാചാര്യൻ. അവസാനകാലത്തു താന്ത്രികശക്തി ഉപയോഗിച്ചു ബോൺ മതാചാര്യനായ ബോൺപായെ തോല്പിച്ചു കൈലാസത്തിനു മുകളിലെത്തി അപ്രത്യക്ഷനായത്രേ ഈ ബുദ്ധമത സന്യാസി.

കുറെപേർ നടകളിറങ്ങി താഴെപ്പോയി ഗുഹ കണ്ടു. തിരിച്ചുകയറിപ്പോരാൻ ബുദ്ധിമുട്ടാവുമെന്നു ഭയന്നു ഞാൻ താഴോട്ടുപോയില്ല. കുട്ടനും മറ്റും പോയി. പക്ഷേ അകത്തുകടക്കാൻ ആളൊന്നുക്ക്– 20 യുവാൻ വീതം വേണമെന്നു കേട്ടപ്പോൾ അകത്തു കടക്കാതെ തിരിച്ചുകയറി

പ്പോന്നു. ഒരാളെങ്കിലും ടിക്കറ്റെടുത്ത് അകത്തുകയറി കുറച്ചു പടങ്ങളെടുത്തു പോരാമായിരുന്നു എന്നാരോ പറയുന്നുണ്ടായിരുന്നു.

വൈകിട്ട് ഏഴരയോടെ ഞാലത്ത് എത്തി. ഇവിടെ അഞ്ചുപേർക്ക് ഒരു മുറി കിട്ടി. ഇത്തവണ ഇന്ദിരേടത്തിയും രാധോപ്പോളും മറ്റൊരു മുറിയിലായിരുന്നു. ഇവിടെ നിന്നു വാങ്ങിക്കൊണ്ടുപോയ ഓക്സിജൻ സിലിൻഡർ തിരിച്ചുകൊടുത്ത്– 90 രൂപ വാങ്ങിച്ചു. വിശപ്പു തോന്നിയില്ല. അത്താഴത്തിന് ഇന്നും സൂപ്പുമാത്രം കഴിച്ചു.

## പന്ത്രണ്ടാം ദിവസം: കാട്മണ്ഡുവിൽ തിരികെ

രാവിലെ ഏഴരക്കു പുറപ്പെട്ടു. കുറച്ചു ദൂരം പിന്നിട്ടപ്പോൾ മലയിറങ്ങാൻ തുടങ്ങി. പച്ച നിറം കൂടുതലായി കാണാൻ തുടങ്ങിയിരിക്കുന്നു. അങ്ങിങ്ങ് ചെറിയ മരങ്ങളും കണ്ടു. സാങ്മുവിനു സമീപം റോഡ് ബ്ലോക്ക്. കുറെ സമയം കാത്തുകിടക്കേണ്ടി വന്നു. കൊടാരി ബോർഡറിനു സമീപം ബസ്സ് നിർത്തി എല്ലാവരും ഇറങ്ങി. പൊതിഞ്ഞു കൊണ്ടുവന്നിരുന്ന ബ്രെക്ഫാസ്റ്റ് എല്ലാവർക്കും കൊടുത്തു. തണുത്ത ബ്രെഡ്ഡോമറ്റോ ആയിരുന്നു. കഴിക്കാൻ കൊള്ളുന്നതൊന്നും ഉണ്ടായിരുന്നില്ല. കഴിക്കാതെ കളഞ്ഞവരാണു കൂടുതൽ.

ഇമിഗ്രേഷൻ ഓഫീസിന്റെ പുറത്ത് ഞങ്ങൾ ക്യൂനിന്നു. രാവിലെ ഇവിടെ നല്ല തിരക്ക്. ഇരുഭാഗത്തേക്കും അതിർത്തി കടന്ന് സഞ്ചരിക്കുന്ന യാത്രക്കാരുടെ ലഗ്ഗേജ് ചുമന്നു കൊണ്ടുപോകുന്നതിനായി ധാരാളം ചുമട്ടു തൊഴിലാളികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അവരിലധികവും സ്ത്രീകളാണ്. പുറത്തു വലിയ ഭാണ്ഡക്കെട്ടുകളുമായി അവർ ഇരുവശത്തേക്കും സഞ്ചരിച്ചുകൊണ്ടിരിക്കും. അവർക്കും ഈ ഇമിഗ്രേഷൻ ലൈനിൽക്കൂടി വേണം ഇരുവശത്തേക്കും കടക്കുവാൻ. തങ്ങളുടെ ഐഡന്റിറ്റി കാർഡുകളുമായി ഇക്കൂട്ടർ ഞങ്ങളുടെ ലൈനിൽ നുഴഞ്ഞുകയറിയതിനാൽ  ഞങ്ങളുടെ ലൈൻ മുറിഞ്ഞുപോയി. ഇടയിൽ മറ്റാളുകളെ കയറ്റാതെ ചേർന്നു നടക്കുവാൻ ഞങ്ങളുടെ ടിബറ്റൻ ഗൈഡ് നിർദ്ദേശിക്കുന്നുണ്ടായിരുന്നു. അതിനിടയിൽ എന്റെ തൊട്ടുമുന്നിൽ നടന്നിരുന്ന രഘുമോഹനെ പെട്ടെന്നു കാണാതായി. കണ്ണിമച്ചിമിഴിക്കുമ്പൊഴേക്കും അദ്ദേഹം വീണ്ടും പ്രത്യക്ഷപ്പെടുകയും ചെയ്തു. കയ്യിൽ സോളാർഎനർജിയിൽ സ്വയം കറങ്ങുന്ന ഒരു പ്രെയർവീൽ. അദ്ദേഹം അങ്ങിനെയാണ്. കൗതുകവസ്തുക്കളിൽ അദ്ദേഹത്തി

ന്റെ കണ്ണ് മുന്നമേ ചെന്നുപെടും.

അതിർത്തിപ്പാലം നടന്നു കടന്നു നേപ്പാളിൽ പ്രവേശിച്ചു. ഇത്തവണയും മൗണ്ട് കൈലാഷ് എന്ന ഹോട്ടലിൽത്തന്നെ ലഞ്ച്. അതിനുശേഷം രണ്ടു ബസ്സുകളിലായി കാഠ്മാണ്ഡുവിലേക്ക്. നല്ല വെയിലുള്ള ദിവസം. ടിബറ്റിലെ തണുപ്പിൽ നിന്നു നേപ്പാളിൽ പ്രവേശിച്ചപ്പോൾ എല്ലാവർക്കും നല്ല ഉഷ്ണം. മഴയില്ല. വൈകുന്നേരം കാഠ്മാണ്ഡുവിലെത്തി. അപ്പോൾ ചെറിയ ചാറൽമഴ ഉണ്ടായിരുന്നു. ഹോട്ടൽ വൈശാലിയിൽ ഡബിൾറൂമുകളിൽ പ്രവേശിച്ചു. ഞാനും കുട്ടനും ഒരു മുറിയിൽ. ഞങ്ങളുടെ പെട്ടികൾ ലോക്കർ റൂമിൽ വച്ചിട്ടാണു പോയിരുന്നത്. എന്റെ പെട്ടികൾ തിരിച്ചുകിട്ടി. കുട്ടന്റെ സ്യൂട്ട്കെയ്സ് കാണാനില്ല. കുറെനേരം പരിഭ്രമിച്ചു. അവസാനം മറ്റൊരു ലോക്കർറൂമിൽ മറ്റൊരു ഗ്രൂപ്പിന്റെ പെട്ടികളോടൊപ്പം കുട്ടന്റെ പെട്ടി കുട്ടൻ തന്നെ കണ്ടുപിടിച്ചു.

ഷാമ്പൂ തേച്ചു ചൂടുവെള്ളത്തിൽ നല്ലൊരു കുളി പാസ്സാക്കി.

കുട്ടൻ 200 രൂപയ്ക്ക് ഒരു ഇന്റർനെറ്റ് കാർഡു വാങ്ങി. അഞ്ചുമണിക്കൂർ ഉപയോഗിക്കാം, രണ്ടു ദിവസത്തെ വാലിഡിറ്റിയേയുള്ളൂ. രാത്രി വൈകുംവരെ അവൻ ലാപ്ടോപ്പിൽ കണ്ണുംകയ്യുമായി കുത്തിയിരുന്നു.

## പതിമൂന്നാം ദിവസം: കാഷ്ഠമണ്ഡപം

കുളിക്കുമുമ്പോ ശേഷമോ തേയ്ക്കാവുന്ന തരം വെളിച്ചെണ്ണ കയ്യിലുണ്ടായിരുന്നു. രാവിലെ അതു തലയിലും ദേഹത്തും തേച്ചു വിസ്തരിച്ചു കുളിച്ചു.

പരിക്രമണം പകുതിവഴിയിൽ ഉപേക്ഷിച്ചു രണ്ടു ദിവസം മുമ്പു ദർച്ചനിൽ മടങ്ങിയെത്തിയതിനാൽ മുറിവാടക കൂടുതലായി കൊടുക്കേണ്ടിവന്നതുമൂലം ഓരോരുത്തരും – 80 യുവാൻ വീതം കൊടുക്കണമെന്നു പറഞ്ഞിരുന്നു. കൂടാതെ ഇത്രയും ദിവസം ആഹാരം പാകം ചെയ്തു തന്നും മറ്റുവിധത്തിൽ സഹായിച്ചും ഞങ്ങളോടൊപ്പം സഞ്ചരിച്ച നേപ്പാളി പരിചാരകർക്കു ടിപ് കൊടുക്കാൻ ആളൊന്നുക്ക്– 1000 രൂപ വീതം പിരിക്കാനും തീരുമാനിച്ചിരുന്നു. ആവക കടങ്ങളൊക്കെ കൊടുത്തു തീർത്തു.

ഒരു വാൻ വാടകയ്ക്കെടുത്തു നഗരത്തിലെ ചില പ്രധാന കാഴ്ചകൾ കാണായി ഇന്നത്തെ

ദിവസം ചെലവഴിക്കാൻ തീരുമാനിച്ചു. നല്ല തെളിഞ്ഞ അന്തരീക്ഷം. തണുപ്പില്ല. സമുദ്രനിരപ്പിൽ നിന്നു 4200 അടി മാത്രം ഉയരത്തിലുള്ള കാട്മാണ്ഡുവിൽ അതിശൈത്യം ഒരിക്കലും അനുഭവപ്പെടുകയില്ല. നമ്മുടെ ഇടുക്കി വയനാടു ജില്ലകളിലെ കുടിയേറ്റഗ്രാമങ്ങളുടെയൊക്കെ ഉയരമേ കാട്മാണ്ഡുവിനുള്ളൂ. ചുറ്റുമുള്ള പർവ്വതനിരകൾ ഹിമക്കാറ്റിനെ തടുത്തു നിർത്തുന്നതിനാൽ ഈ താഴ്വരയിൽ ഹിമപാതവും പതിവില്ലത്രേ.

ഇന്നു ഞങ്ങൾ ആദ്യം പോയതു കാട്മാണ്ഡുവിന് അല്പം പടിഞ്ഞാറു ഭാഗത്തായി ഒരു കുന്നിൻ മുകളിലുള്ള സ്വയംഭൂനാഥക്ഷേത്രം കാണാനാണ്. ബുദ്ധമതക്കാരുടെ വളരെ പ്രധാനപ്പെട്ട ആരാധനാലയങ്ങളിൽ ഒന്നായ ഈ ക്ഷേത്രം ഹിന്ദുക്കളും ഒരു പുണ്യസ്ഥലമായിത്തന്നെ കണക്കാക്കുന്നു. ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി പലവിധത്തിലുള്ള കൗതുകവസ്തുക്കൾ വിൽക്കുന്ന അനേകം കച്ചവടസ്ഥാപനങ്ങൾ ഇവിടെയുണ്ട്. വെയിലുള്ള ദിവസമായതിനാൽ തണ്ണിമത്തൻ, വെള്ളരിക്ക, നാളികേരപ്പൂളുകൾ മുതലായവ വിൽക്കുന്ന ഒരു കടയിൽ നല്ല തെരക്കു കണ്ടു. ഇവയിലേതെങ്കിലും വാങ്ങണമോ എന്നു സംശയിച്ചു ഞാൻ അല്പസമയം നിന്നു. 'വാങ്ങിയാൽ ഉടനെ കഴിച്ചേക്കണം അല്ലെങ്കിൽ കുരങ്ങന്മാർ തട്ടിയെടുക്കും' കൂടെയുണ്ടായിരുന്നവരിലാരോ പറഞ്ഞു. ഞാൻ ചുറ്റും നോക്കി. പരിസരമാകെ അസംഖ്യം വാനരന്മാർ വിഹരിക്കുന്നു. ഈ വാനരപ്പടയുടെ സാന്നിദ്ധ്യം മൂലം ഈ ക്ഷേത്രം 'മങ്കി ടെംപിൾ' എന്ന പേരിലും അറിയപ്പെടുന്നുണ്ടെന്ന കാര്യം ഞാനോർത്തു. നേപ്പാളിലെ ഏറ്റവും പഴക്കമുള്ള ആരാധനാലയങ്ങളിൽ ഒന്നായ ഈ ക്ഷേത്രം സിഇ അഞ്ചാം നൂറ്റാണ്ടിൽ പണി ചെയ്യപ്പെട്ടു എന്നു ചിലർ വിശ്വസിക്കുന്നു. എന്നാൽ ബിസിഇ മൂന്നാം നൂറ്റാണ്ടിൽ അശോക ചക്രവർത്തി ഇവിടെ ഒരു ക്ഷേത്രം നിർമ്മിച്ചു എന്നും ചില ചരിത്രരേഖകളിൽ കാണുന്നുണ്ടത്രേ. (മുമ്പു പറഞ്ഞുവന്നിരുന്ന ബി.സി, എ.ഡി. എന്നീ കാലവിശേഷണ പദങ്ങൾ മതേതരമാക്കി യഥാക്രമം ബി.സി.ഇ, സി.ഇ. എന്നിങ്ങനെയാണ് ഇപ്പോൾ ഉപയോഗിക്കുന്നത്, before common era എന്നും common era എന്നും മുഴുരൂപം). മലയാളികൾക്ക് ഈ ക്ഷേത്രപരിസരം മറ്റൊരു തരത്തിൽ പരിചിതമാണ്. മോഹൻലാലും ജഗതി ശ്രീകുമാറും ചേർന്നു തകർത്തഭിനയിച്ച 'യോദ്ധാ' എന്ന സിനിമയിലെ പല രംഗങ്ങളും ഇവിടെയാണു ചിത്രീകരിച്ചിരിക്കുന്നത്. 'ഓം മണി പദ്മേ ഹും' തുടങ്ങിയ ബുദ്ധമതമന്ത്രങ്ങൾ ആലപിക്കുന്ന ഒരു സി.ഡി ഇവിടെനിന്നു വാങ്ങി. പലരും പല കൗതുകവസ്തുക്കളും ഇവിടെയുള്ള കടകളിൽ നിന്നു വാങ്ങുകയുണ്ടായി.

അടുത്തകാലം വരെ നേപ്പാളിൽ രാജഭരണമായിരുന്നല്ലോ. രാജവംശത്തിന്റെ കൊട്ടാരവും ഡർബാറും മറ്റു രാജമന്ദിരങ്ങളും സ്ഥിതിചെയ്യുന്ന ഡർബാർ സ്ക്വയർ കാണാനാണ് പിന്നീട് പോയത്. നമ്മുടെ പദ്മനാഭപുരം കൊട്ടാരത്തോടു സാമ്യമുള്ള പല കെട്ടിടസമുച്ചയങ്ങളും കാണുകയുണ്ടായി. Ninestoried building അഥവാ ബസന്തപൂർ ദർബാർ 1770−ൽ പ്രിഥ്വീനാരായൺ ഷാ എന്ന രാജാവ് പണിയിപ്പിച്ചതാണത്രേ. നിറയെ കൊത്തുപണികളുള്ള ഈ സൗധം പദ്മനാഭപുരത്തെ ഉപ്പിരിക്കമാളികയെ ഓർമ്മപ്പെടുത്തി.



'ഒൻപതാം മാളിക മുകളിൽ'

കഴിഞ്ഞ നൂറ്റാണ്ടിൽ ഭരിച്ചിരുന്ന രാജാക്കന്മാരിൽ ഏറ്റവും പ്രധാനിയായിരുന്ന ത്രിഭുവൻ രാജാവിന്റെ ജീവിതകാലത്തോടു ബന്ധപ്പെട്ട പല വസ്തുക്കളും ഇവിടെ ഒരു കൊട്ടാരത്തിൽ പ്രദർശനത്തിനു വച്ചിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യം വരെ രാജാക്കന്മാരുടെ വാസസ്ഥാനം ഇവിടെയായിരുന്നു. പ്രധാന കൊട്ടാരത്തിനു മുന്നിൽ ഒരു ഹനുമാന്റെ പ്രതിമയുണ്ട്.

1672–ൽ പ്രതാപമല്ലൻ എന്ന രാജാവ് സ്ഥാപിച്ചതാണിത്. ഇതുമൂലം പ്രദേശത്തിന് 'ഹനുമാൻധോക്കാ ദർബാർസ്ക്വയർ' എന്ന പേരു വന്നു.

കാഷ്ഠമണ്ഡപം എന്നൊരു മൂന്നുനിലമാളിക തടിയിൽ തീർത്തിരിക്കുന്ന കൊത്തുപണികൾകൊണ്ട് അലംകൃതമാണ്. ഇതിനാവശ്യമുള്ള തടികൾ മുഴുവനും ഒരൊറ്റ മരത്തിൽ നിന്നു ലഭിച്ചതാണത്രേ. പന്ത്രണ്ടാം നൂറ്റാണ്ടിൽ പണിത ഈ മണ്ഡപം കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്തു പുതുക്കി വരുന്നുണ്ട്. കാഷ്ഠമണ്ഡപം എന്ന പേരിൽ നിന്നാണു കാട്മാണ്ഡുവിന് ആ പേരു ലഭിച്ചതെന്നു ഞങ്ങളുടെ ഗൈഡ് പറഞ്ഞു. ശിവപാർവ്വതി ക്ഷേത്രം ജഗന്നാഥ ക്ഷേത്രം മുതലായ ക്ഷേത്രങ്ങളും ഈ ദർബാർസ്ക്വയർ ഭാഗത്തുണ്ട്. കാലഭൈരവന്റെ ക്ഷേത്രത്തിലെ വിഗ്രഹം കണ്ടാൽത്തന്നെ ഭയം തോന്നുന്ന ഒന്നാണ്.

ഇന്ത്യയിലുള്ള പല പുരാതന ക്ഷേത്രങ്ങളുടേയും ശില്പഗോപുരങ്ങളിലും മറ്റും രതിവൈകൃതങ്ങൾ ധാരാളമായി കൊത്തിവച്ചിരിക്കുന്നതു പോലെ ഇവിടെയുള്ള ക്ഷേത്രങ്ങളിലും അശ്ലീലശില്പങ്ങൾ ധാരാളമുണ്ട്. ഇത്തരം ആഭാസകലാശില്പങ്ങൾ എങ്ങിനെ ആരാധനാലയങ്ങളിൽ നിലവിൽ വന്നു എന്നുള്ളത് ആലോചനാവിഷയമാണ്. ശില്പഗോപുരങ്ങൾക്ക് ഇടിമിന്നൽ ഏൽക്കാതിരിക്കനായി കൊത്തിവച്ചിരിക്കുന്നതാണിവയെന്ന് ഒരഭിപ്രായമുണ്ട്. മിന്നൽദേവത കന്യകയാണത്രേ. രതിവൈകൃതങ്ങൾ കണ്ടാൽ ഉടനെ അവിടം വിട്ടോടിപ്പോവും. എസ്. കെ. പൊറ്റക്കാടിന്റെ ഒരു ലേഖനത്തിൽ ഞാൻ വായിച്ചതാണിക്കാര്യം.

ദുർഗ്ഗാദേവിയുടെ അവതാരമെന്നു വിശ്വസിക്കപ്പെടുന്ന, ജീവിക്കുന്ന കുമാരീദേവി വസിക്കുന്ന ഭവനമാണു കുമാരീഘർ. മൂന്നു നിലകളായി ഇഷ്ടികയിൽ പണിതീർത്തിരിക്കുന്ന ഈ നാലുകെട്ടിൽ മരത്തിൽ തീർത്ത കൊത്തുപണികൾ ധാരാളമായുണ്ട്. ജയപ്രകാശ മല്ലൻ എന്ന നേപ്പാളി രാജാവ് 1757–ൽ പണിതതാണത്രേ ഇന്നുകാണുന്ന ഈ മനോഹരസൗധം. ഇതിന്റെ നടുത്തളത്തിൽ നിൽക്കുന്ന ഭക്തർക്കു ചില സമയങ്ങളിൽ മുകളിൽ മൂന്നാം നിലയിലുള്ള ജനലിലൂടെ കുമാരി ദർശനം കൊടുക്കുന്നു. ഞങ്ങൾ ചെന്ന ദിവസം ഉച്ചകഴിഞ്ഞു നാലുമണിക്കു ദർശനം ഉണ്ടാകുമെന്നു കേട്ടു. അതുവരെ നിൽക്കാൻ ഞങ്ങൾക്കു പക്ഷേ സമയമുണ്ടായിരുന്നില്ല. ഒരു കുമാരിയുടെ കാലം കഴിഞ്ഞാൽ അടുത്ത അവകാശിയെ നിശ്ചയിക്കുന്നതു ടിബറ്റിൽ ദലൈലാമയുടെ അനന്തരാവകാശിയെ കണ്ടുപിടിക്കുന്നതുപോലുള്ള നടപടിക്രമങ്ങളിലൂടെയാണത്രേ.

ദർബാർസ്ക്വയർ ഇപ്പോൾ കാണുന്നതിനെക്കാൾ വിസ്തൃതമായിരുന്നു പണ്ട്. 1934–ൽ

ഉണ്ടായ ഒരു വലിയ ഭൂകമ്പത്തിൽ വളരായധികം നാശനഷ്ടങ്ങൾ ഉണ്ടായി എന്നു ടൂറിസ്റ്റുകൾ ക്കു വിതരണം ചെയ്ത ഒരു ലഘുലേഖയിൽ കാണുകയുണ്ടായി.

അല്പം ഷോപ്പിംഗും നടത്തിയിട്ട് ഉച്ചയൂണിനു തക്കവണ്ണം ഞങ്ങൾ ഹോട്ടലിൽ മടങ്ങി യെത്തി. മടക്കയാത്രയിൽ ഹോട്ടൽ വൈശാലിയിൽ ഞങ്ങൾക്ക് ഒരു ദിവസത്തേക്കേ മുറി ബുക്ക് ചെയ്തിരുന്നുള്ളു. അതിനാൽ ബസു തന്നെ ഞങ്ങൾക്കു ഹോട്ടൽ മല്ല എന്ന മറ്റൊരു ഹോട്ടലിൽ നാളെവരെയുള്ള താമസം ഏർപ്പാടാക്കിത്തന്നു. ലഞ്ചിനുശേഷം എല്ലാവരും ആ ഹോട്ടലിലേയ്ക്കു മാറി. അവിടെയെത്തി ചെക്കിൻ ചെയ്ത ശേഷം കുട്ടനൾപ്പെടെ പലരും ഷോ പ്പിംഗിനായി പുറത്തുപോയി. ഞാൻ മുറിയിൽ വിശ്രമിച്ചതേയുള്ളു.

ഡിന്നറിനുശേഷം എല്ലാവരും ഒരു സ്ഥലത്ത് ഒത്തുകൂടണമെന്നു ഡോ. വിജയൻ നിർ ദ്ദേശിച്ചിരുന്നു. എന്നാൽ കുറച്ചുപേർ മാത്രമേ അതിൽ സംബന്ധിച്ചുള്ളു. നാളത്തെ യാത്രക്കുള്ള ടിക്കറ്റിന്റെ പ്രിന്റൗട്ട് ചിലരുടെ കൈവശം ഇല്ലാതിരുന്നതിനാൽ പുതിയ പ്രിന്റൗട്ട് എടുക്കാനും മറ്റുമായി ഇന്റർനെറ്റ് കഫേ അന്വേഷിച്ചു പോകേണ്ടിവന്നതിനാൽ യോഗിമാരും ഈ മീറ്റിംഗി നു വന്നില്ല. ഡോ.വിജയൻ എല്ലാവരേയും പറ്റി കവിത എഴുതി കൊണ്ടുവന്നിരുന്നു. കേൾക്കാ ൻ വളരെ കുറച്ചുപെരേ ഉണ്ടായിരുന്നുള്ളുവെങ്കിലും ഞങ്ങളുടെ നിർബ്ബന്ധപ്രകാരം ഡോക്ടർ തന്റെ കവിത വായിച്ചുകേൾപ്പിച്ചു. രണ്ടാഴ്ചകൊണ്ട് എല്ലാവരെപ്പറ്റിയും ഡോക്ടർ മനസ്സിലാക്കി യിരിക്കുന്നു എന്നതിന് ആ മനോഹരവരികൾ സാക്ഷ്യം വഹിക്കുന്നു.

## പതിനാലാം ദിവസം: നേപ്പാളിനോടും വിട

27 പേരുള്ള ഞങ്ങളുടെ സംഘത്തിലെ 19 പേർ രാവിലെ ബ്രെക്ഫാസ്റ്റ് കഴിഞ്ഞ് ബസു അധികാരി ഏർപ്പെടുത്തിയ ഒരു ബസ്സിൽ എയർപോർട്ടിലേക്കു പോയി. അവർക്കുള്ള ഡെൽഹി വിമാനം രാവിലെ ഒൻപതരക്കാണ്. അവിടെനിന്നു ചെന്നൈ വഴി അവർ ഇന്നു ത ന്നെ കേരളത്തിലെത്തും. ഞങ്ങൾ ബാക്കിയുള്ള എട്ടുപേർക്കു വൈകിട്ടു നാലരക്കുള്ള ഫ്ലൈറ്റി നാണു ടിക്കറ്റ് കിട്ടിയിരിക്കുന്നത്. ഇന്നു ഡെൽഹിയിൽ തങ്ങി നാളെയേ ഞങ്ങൾക്കു കൊച്ചി യിലേക്കുള്ള ഫ്ലൈറ്റിൽ പോകാനൊക്കൂ. ദിനേശ് യോഗി ഉൾപ്പെടുന്ന ആദ്യ ബാച്ചിനെ ശ്രീ ജിത്തും സുഭാഷും എയർപോർട്ടിൽ കൊണ്ടുപോയി വിട്ടിട്ടു മടങ്ങിവന്നതിനു ശേഷം ബാക്കി ഞങ്ങൾ എട്ടുപേരും കൂടി ഷോപ്പിംഗിനിറങ്ങി. ബിശാൽ മാർക്കറ്റിലും മറ്റു ചില ഷോപ്പിംഗ്

സെന്ററുകളിലും ഞങ്ങൾ കറങ്ങി. ചിലർ രുദ്രാക്ഷമാലകൾ മറ്റുചിലർ തുണിത്തരങ്ങൾ മുതലായവ വാങ്ങി. സാളഗ്രാമം രുദ്രാക്ഷം മുതലായവ നല്ലതു വേണമെങ്കിൽ നേപ്പാളിൽ നിന്നു വാങ്ങണമെന്നാണല്ലോ വിശ്വാസം.

തിരിച്ചുവന്നു ലഞ്ചു കഴിച്ചശേഷം ഞങ്ങളും എയർപോർട്ടിലേക്കു പോയി. ഷോപ്പിംഗിൽ പിശുക്കു കാട്ടാത്തതിനാൽ പലർക്കും അനുവദനീയമായ അളവിലധികം ലഗ്ഗേജ് ഉണ്ടായിരുന്നു. എങ്കിലും ഗ്രൂപ്പ് ചെക്കിൻ സൗകര്യം പ്രയോജനപ്പെടുത്തിയതിനാൽ ആകെ തൂക്കം നിശ്ചിത പരിധിയിൽ ഒതുങ്ങി.

കാട്മാണ്ഡു വിമാനത്താവളത്തിൽ പതിവിൽക്കവിഞ്ഞ സുരക്ഷാപരിശോധനകൾ കണ്ടു. യാത്രക്കാരുടെ ബെൽറ്റ് വാച്ച് മുതലായവയുൾപ്പെടെയുള്ളവയെല്ലാം അഴിച്ചു സ്ക്രീനിംഗ് മെഷീനിലൂടെ കടത്തിവിട്ടു. 2001 സെപ്റ്റംബർ മാസത്തിലെ തീവ്രവാദി ആക്രമണത്തിനു ശേഷം ഏതാനും മാസങ്ങൾക്കകം അമേരിക്ക സന്ദർശിക്കാൻ ഇടയായപ്പോൾ ഞങ്ങൾക്ക് അവിടെ എല്ലാ എയർപോർട്ടുകളിലും ഇത്തരം പരിശോധനകൾക്കു വിധേയരാവേണ്ടിവന്നിട്ടുണ്ട്. പ്രത്യേകിച്ച് തലസ്ഥാനനഗരമായ വാഷിങ്ടൻ ഡിസി–യിൽ. എന്നാൽ അവിടെപ്പോലും കാണാത്ത ഒന്നാണ് എല്ലാപരിശോധനകളും കഴിഞ്ഞു വിമാനത്തിലേക്കു കയറാനൊരുങ്ങുമ്പോൾ അവിടെ കോണിപ്പടികളിൽ വച്ചു വീണ്ടും ക്യാബിൻ ലഗ്ഗേജുകൾ തുറന്നു പരിശോധിക്കുക എന്നത്. ഇവിടെ അതും ഉണ്ടായി. പരിശോധകർ പക്ഷേ സൗഹൃദമനോഭാവത്തിലായിരുന്നു. കൈലാസ സന്ദർശനം കഴിഞ്ഞു വരികയാണോ സർ? യാത്ര എങ്ങിനെയിരുന്നു?

5.40 ന് ന്യൂഡൽഹി ഇന്ദിരാഗാന്ധി ഇന്റർനാഷണൽ എയർപോർട്ടിൽ ഇറങ്ങി. ഇമിഗ്രേഷനും കസ്റ്റംസുമെല്ലാം എളുപ്പത്തിൽ കഴിഞ്ഞു. ഇവിടെനിന്നു ഞങ്ങൾക്കു കൊച്ചിയിലേക്കുള്ള ഫ്ലൈറ്റ് നാളെ രാവിലെയാണ്. എയർപോർട്ടിനടുത്തുള്ള ഹോട്ടൽ 'ലോമോദിൽ' ഞങ്ങൾ മുറികൾ ബുക്ക് ചെയ്തിരുന്നു. അവർ അയച്ചുതന്ന രണ്ടു ടാക്സികളിലായി ഞങ്ങൾ ഏഴുമണിക്കു ഹോട്ടലിലെത്തി. ഞാനും കുട്ടനും കൂടി ഒരു ഡബിൾറൂമിൽ ചെക്കിൻ ചെയ്തു.

രാവിലെ കൊച്ചിയിലേക്കു പോയ പത്തൊൻപതുപേർ അപ്പോൾ കൊച്ചിയിൽവിമാനമിറങ്ങി അവരവരുടെ ഭവനങ്ങളിലേക്കു യാത്ര ആരംഭിച്ചുകഴിഞ്ഞിരുന്നു. റിഷിയേട്ടൻ എടപ്പാളിലാണു താമസം. അദ്ദേഹം ഇന്ദിരേടത്തിയുടെയും രാധോപ്പോളുടേയും കൂടെ തൃശ്ശൂരേക്കു പോയി. എറണാകുളത്തിനടുത്തുള്ള തറവാട്ടിൽ നിന്ന് അപ്പോൾ റിഷിയേട്ടന്റെ അമ്മ തന്റെ അന്ത്യയാത്രയ്ക്കു പുറപ്പെട്ടു കഴിഞ്ഞിരുന്നു. മൊബൈൽഫോൺ സ്വിച്ച്ഓഫ് ചെയ്തിരിക്കുകയാ

യിരുന്നതിനാൽ റിഷിയേട്ടനെ വിവരമറിയിക്കാൻ ബന്ധുക്കൾക്കു സാധിച്ചില്ല. എയർപോർട്ടിൽ അദ്ദേഹത്തെ കാത്തുനിന്ന ബന്ധുവിന്റെ ശ്രദ്ധയിൽപെടാതെ റിഷിയേട്ടൻ തൃശ്ശൂരേക്കു പുറപ്പെടുകയും ചെയ്തു. ശ്രീജിത്തിന്റെ ഭാര്യ ആശ ഞങ്ങളെ വിളിച്ച് വിവരം അറിയിച്ചു. ഇന്ദിരേടത്തിയേയും ഫോണിൽ കിട്ടുന്നില്ല. ഒടുവിൽ ഹൈദരാബാദിലുള്ള മകൾ ആശവഴി ഇന്ദിരേടത്തിയെ വിവരം അറിയിച്ചു. റിഷിയേട്ടൻ വഴിക്കിറങ്ങി എറണാകുളത്തേക്കു മടങ്ങി.

ലോമോദ് ഹോട്ടലിലെ റസ്റ്ററന്റിൽ നിന്നു തന്തൂരിറൊട്ടി മുതലായവ അത്താഴമായി കഴിച്ചു. ബ്രെക്ഫാസ്റ്റുമാത്രമേ ഹോട്ടൽ വാടകയിൽ ഉൾപ്പെടുകയുള്ളു എന്നതിനാൽ പണം കൊടുത്താണ് അത്താഴം കഴിച്ചത്. രാത്രിയിൽ ഉറക്കം എന്തുകൊണ്ടോ സുഖകരമായില്ല. ഒന്നര മണിക്ക് എഴുന്നേറ്റ് ഡയറിക്കുറിപ്പുകൾ എഴുതി. വീണ്ടും കിടന്നുറങ്ങി.

## പതിനഞ്ചാം ദിവസം: ആദിശങ്കരന്റെ നാട്ടിലേക്ക്

വെളുപ്പിന് അഞ്ചര മണിയ്ക്ക് കുട്ടൻ ഒരു ടാക്സിയിൽ എയർപോർട്ടിലേക്കും അവിടെനിന്നു രാവിലെതന്നെയുള്ള ഒരു ഫ്ലൈറ്റിൽ ഹൈദരാബാദിലേക്കും പോയി. ഞങ്ങൾ ബാക്കി ഏഴു പേർ മസാലദോശ പൂരി മുതലായവ ബ്രെക്ഫാസ്റ്റായി കഴിച്ച് എട്ടുമണിക്കു ഹോട്ടലിൽനിന്നും ഏർപ്പാടാക്കിത്തന്ന ടാക്സികളിൽ എയർപോർട്ടിലേക്കു പോയി. പത്തുമണിക്കുള്ള ഒരു ഫ്ലൈറ്റിൽ മുംബൈയിലേക്കും അവിടെ കുറെ സമയം കാത്തിരുന്നശേഷം രണ്ടേമുക്കാലിനുള്ള ഫ്ലൈറ്റിൽ നെടുമ്പാശ്ശേരിയിലേക്കും പറന്നു. നാലര മണിക്കു കൊച്ചിയിലിറങ്ങി. എനിക്കൊഴിച്ച് മറ്റെല്ലാവർക്കും വേണ്ടി കാറുകൾ വന്നിരുന്നു. ആദ്യം എല്ലാവരും പൈങ്ങോട്ടു വിജയന്റെ പെരുമ്പാവൂരിൽ ഉള്ള വസതിയിലേക്കാണു പോയത്. വിജയന്റെ ഭാര്യയും പുത്രവധുക്കളും കൂടി സ്വാദിഷ്ടമായ ചപ്പാത്തിയും വിവിധ തരം കറികളും തയ്യാറാക്കി വച്ചിരുന്നു. അവരുടെ ആതിഥ്യം സ്വീകരിച്ച് വിശപ്പു ശമിപ്പിച്ചശേഷം എല്ലാവരും അവരവരുടെ നാടുകളിലേക്കു യാത്രയായി. വിജയന്റെ മകൻ ഹരിയും ഭാര്യയും കൂടി എന്നെ കാറിൽ ഇല്ലത്ത് എത്തിച്ചു.

ബാഗുകളെല്ലാം തുറന്നു നോക്കിയപ്പൊഴാണ് എന്റെ കയ്യിലുണ്ടായിരുന്ന കുറച്ചു പണം നഷ്ടപ്പെട്ടരിക്കുന്ന വിവരം അറിയുന്നത്. ഇന്നലെ രാത്രിയിൽ ഡെൽഹിയിലെ ഹോട്ടൽ മുറിയിൽ മേശവലിപ്പിൽ വച്ച പൊതി രാവിലെ പോന്നപ്പോൾ എടുക്കാൻ മറന്നതാണെന്ന് ഓർ

മ്മവന്നു. കഴിഞ്ഞ മാസത്തെ ഞങ്ങളുടെ ആസ്ട്രേലിയൻ യാത്രകഴിഞ്ഞു തിരിച്ചു പോരുന്നതിന്റെ തലേന്നു രാത്രിയിൽ ഉറങ്ങാൻ കിടന്നപ്പോൾ വിഷ്ണു പതിവുപോലെ മാല അഴിച്ചു തലയിണയുടെ കീഴിൽ വച്ചു. വെളുപ്പിനു തന്നെ എയർപോർട്ടിലെക്കു പോകാനുള്ള വാഹനം വന്നപ്പോഴുണ്ടായ ധൃതിയിൽ മാല എടുക്കാൻ മറന്നു. നാട്ടിലെത്തിയതിന്റെ പിറ്റേന്നു ബോംബേയിൽ നിന്ന് ഞങ്ങളുടെ ടൂർഗൈഡായിരുന്ന ദീപ്തി ഗാന്ധി വിളിച്ചു. 'സിഡ്നിയിൽ നമ്മൾ താമസിച്ച ഹോട്ടലിലെ മാനേജർ എന്നെ വിളിച്ചിരുന്നു. താങ്കൾ താമസിച്ച മുറിയിൽ നിന്ന് ഒരു സ്വർണ്ണമാല കിട്ടിയെന്നും അത് എന്റെ അഡ്രസ്സിൽ കൊറിയർ ചെയ്തിട്ടുണ്ടെന്നും പറഞ്ഞു. കിട്ടിയാൽ ഉടനെ താങ്കളുടെ അഡ്രസ്സിലേക്ക് അയച്ചുതരാം' ആറേഴ ദിവസത്തിനകം വിഷ്ണുവിന് മാല തിരിച്ചുകിട്ടി.

സിഡ്നി അല്ലല്ലോ ന്യൂഡൽഹി. എന്റെ പണം മുറി വൃത്തിയാക്കാൻ വന്ന ഏതോ ജോലിക്കാരന്റെ കീശ വീർപ്പിച്ചുകാണും. എന്റെ അശ്രദ്ധക്കു കൈലാസനാഥൻ തന്ന ശിക്ഷ.

madassery@gmail.com– 94471 94361.